/samakalikajanapadham/ /prd.kerala.gov.in/publications
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ
₹12

# സമകാലിക ജനപഥം

2026
ജൂലൈ 1

പുസ്തകം 12
ലക്കം 12

## ആഴിയും ആകാശവും തൊട്ട്




ദി ഫുട്ബോൾ ക്യാബിനറ്റ്

മുഖ്യമന്ത്രിയുമായി അഭിമുഖം

SAMAKALIKA JANAPADAM MONTHLY

# അറിവിന്റെ ആധികാരികത



ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

ഇപ്പോൾ
കൂടുതൽ
മിഴിവോടെ

സമകാലിക
**ജനപഥം**

വാർഷിക
വരിസംഖ്യ
120 രൂപ
ഒറ്റപ്രതി
12 രൂപ

### വരിക്കാരാകാൻ

ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലോ തിരുവനന്തപുരം പ്രസ് ക്ലബിന് സമീപത്തെ ഇൻഫർമേഷൻ സെന്ററിലോ ബന്ധപ്പെടാം. താഴെ കാണുന്ന വിലാസത്തിലേക്ക് മണിഓർഡർ അയക്കാം.

ഡയറക്ടർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
എഡിറ്റോറിയൽ വിഭാഗം
ഒന്നാം നില, സെക്രട്ടറിയേറ്റ് അനക്സ്
തിരുവനന്തപുരം-1

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ
സമകാലിക
ജനപഥം
2026 ജൂലൈ 1 • പുസ്തകം 12 • ലക്കം 12

**എഡിറ്റർ** സബിൻ സമീദ് ഐ എ എസ്
**അഡീഷണൽ എഡിറ്റർ** പി ശ്യാംകുമാർ **ഡപ്യൂട്ടി എഡിറ്റർ** നാഫിഹ് എം
**എഡിറ്റർ-ഇൻ-ചാർജ്** എസ് ബിന്ദാമോൾ
**അസിസ്റ്റന്റ് എഡിറ്റർ** ഡെസ്നി സുൽഫ് **ട്രാൻസ്ലേറ്റർ** ടി കെ ഹരീഷ്
**കവർ & ലേ ഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്** വിനിത വി എസ് **കവർ ചിത്രം** ബാലകൃഷ്ണൻ ജയപുരം

എഡിറ്റോറിയൽ >>

# വികസനമാതൃകകളിലെ ബദൽ മുഖമായി ബജറ്റ്



വികസനത്തിന്റെ വാർപ്പുമാതൃകകളെ മറികടന്ന് അനന്തസാധ്യതകളുടെ ഒരു കേരളമോഡൽ ദീർഘവീക്ഷണത്തോടെ മുന്നോട്ടുവയ്ക്കുകയാണ് സർക്കാരിന്റെ ആദ്യബജറ്റ്. പലതരത്തിലുള്ള പരിമിതികൾ നിലനിൽക്കുമ്പോഴും വികസനത്തിന്റെ വേഗം കുറയ്ക്കാതെ മുന്നോട്ട് പോകാൻ കേരളത്തിന്റെ എല്ലാ സാധ്യതകളെയും 2026-27 ബജറ്റ് ഉപയോഗപ്പെടുത്തുന്നു. വിദ്യാഭ്യാസ തൊഴിൽ അവസരങ്ങൾക്കായുള്ള യുവാക്കളുടെ കുടിയേറ്റവും, വർധിച്ചു വരുന്ന വയോജനങ്ങളുടെ എണ്ണവുമാണ് പുതിയകാല കേരളം നേരിടുന്ന പ്രധാന വെല്ലുവിളികൾ. ഈ രണ്ടു പ്രശ്നങ്ങൾക്കും അവസരങ്ങളുടെ ഒട്ടേറെ പുതിയ വാതിലുകളാണ് ബജറ്റിലുള്ളത്. പല വികസിതരാജ്യങ്ങളിലുമെന്നപോലെ വയോജനങ്ങളെ സാമൂഹിക ക്ഷേമത്തിന്റെ പരിധിയിൽ നിന്ന് സാമ്പത്തിക വളർച്ചയുടെ എഞ്ചിനായി മാറ്റാനുള്ള ശ്രമമാണ് ബജറ്റിലെ സിൽവർ ഇക്കോണമിയും അനുബന്ധ പദ്ധതികളും. യുവതലമുറയുടെ പുതിയകാല തൊഴിൽ വിദ്യാഭ്യാസ അന്വേഷണങ്ങൾക്കുള്ള മികച്ച മറുപടിയാണ്.

ഗ്ലോബൽ ജോബ് വാച്ച് ടവർ, കേരള നോളജ് വാലി, വയനാട് ട്രൈബൽ സർവകലാശാല, സ്പേസ് ഇക്കോണമി എന്നിവ. പരമ്പരാഗത അറിവുകളും പുത്തൻ സാങ്കേതിക വിദ്യയും സമന്വയിപ്പിച്ച് മാനവവിഭവശേഷിയുടെ കാര്യത്തിൽ വൻശക്തിയാവുക എന്ന ലക്ഷ്യം യുവാക്കളുടെ കുടിയേറ്റ പ്രശ്നത്തിന് വലിയ രീതിയിൽ പരിഹാരമായേക്കും.ജെൻസികൾക്കുള്ള സംരംഭക പദ്ധതിയും ഇതിനോട് ചേർത്തുവായിക്കാവുന്നതാണ്. ഇൻവെസ്റ്റ് കേരളയിലൂടെ നിക്ഷേപ സൗഹൃദ അന്തരീക്ഷം ശക്തിപ്പെടുത്താനും, എം.എസ്.എം.ഇ. മേഖലയെ ഉൽപാദനത്തിന്റെയും തൊഴിലവസരങ്ങളുടെയും നട്ടെല്ലായി വളർത്താനും, ടൂറിസത്തെ അനുഭവാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയുടെ കേന്ദ്രമാക്കി ഉയർത്താനുമുള്ള കാഴ്ചപ്പാടാണ് ബജറ്റിലുടനീളം ദർശിക്കാനാകുക. പാരമ്പര്യമേഖലകൾക്കും സ്ത്രീകൾ, മറ്റു പിന്നാക്ക വിഭാഗങ്ങൾ എന്നിവർക്കും അർഹമായ കരുതലും പദ്ധതികളും ബജറ്റിലുണ്ട്.

അതോടൊപ്പം, ഗ്രീൻ ഗ്രോത്ത്, ഗ്രീൻ ഹൈഡ്രജൻ ഹബ്ബ്, നോളജ് ഇക്കോണമി, സ്പേസ് ഇക്കോണമി, മിഷൻ സമുദ്ര തുടങ്ങിയ ഭാവിയെ ലക്ഷ്യമിട്ട ആശയങ്ങൾ കേരളത്തിന്റെ വികസന ചർച്ചയെ പുതിയ ഉയരങ്ങളിലേക്ക് നയിക്കുന്നു. വിജ്ഞാനം, നവീകരണം, ശാസ്ത്രം, സമുദ്രസമ്പത്ത്, ഹരിത ഊർജം, സാങ്കേതികവിദ്യ എന്നിവയാണ് ഇനി സമ്പദ്‌വ്യവസ്ഥയുടെ പുതിയ ഇന്ധനമെന്ന തിരിച്ചറിവാണ് ഈ ബജറ്റിന്റെ അടിസ്ഥാനം. മനുഷ്യവിഭവശേഷിയും പ്രകൃതിവിഭവങ്ങളും ശാസ്ത്രീയ മികവും സമന്വയിപ്പിച്ചുള്ള വികസന കാഴ്ചപ്പാടാണ് ഇവിടെ തെളിയുന്നത്. അങ്ങനെ സാമൂഹിക ക്ഷേമത്തിന്റെയും കരുതലിന്റെയും ഒട്ടേറെ പദ്ധതികളും സാധ്യതകളും പങ്കുവെയ്ക്കുന്ന ബജറ്റ് കരുതലും വികസനവും ഇഴചേർന്ന പുതിയകാല ബദലായി മാറുന്നു.

ധനകാര്യമന്ത്രി കൂടിയായ മുഖ്യമന്ത്രിയുടെ ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയുള്ള അഭിമുഖം,വിവിധമേഖലകൾ അടിസ്ഥാനമാക്കി വിദഗ്ധരുടെ ബജറ്റ് അവലോകനം, ബജറ്റ് ഒറ്റനോട്ടത്തിൽ തുടങ്ങിയവ കൂടുതൽ ബജറ്റ് അറിവുകൾ പങ്കുവെയ്ക്കുന്നവയാണ്

ലോകകപ്പിലെ ഡ്രീം ടീമുകളുമായി മന്ത്രിമാരുടെ ഫുട്ബാൾ ക്യാബിനറ്റ്, പ്രിയദർശിനി യാത്രാനുഭവങ്ങൾ, മാറുന്ന വായനയെക്കുറിച്ചുള്ള എഴുത്തുകാരുടെ കാഴ്ചപ്പാടുകൾ തുടങ്ങിയവയും ഈ ലക്കത്തിൽ വായിക്കാം..

**സബിൻ സമീദ് ഐ എ എസ്**
എഡിറ്റർ

2026 JULY 1 VOLUME 12 ISSUE 12 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

**പ്രതികരണങ്ങൾ അയക്കേണ്ട വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

**വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

/samakalikajanapadham/ /prd.kerala.gov.in/publications/ https://janapadham.kerala.gov.in/

5 **അഭിമുഖം**
ആഴിയും ആകാശവും തൊട്ട്
കരുതലോടെ...
വി ഡി സതീശൻ

10 ബജറ്റ് 2026-27

14 ദിശാബോധമുള്ള ബജറ്റ്
പ്രൊഫ. സി വീരമണി

18 അവസര മികവിന്റെ
കേന്ദ്രമാകാൻ കേരളം
രുദ്ര സെൻശർമ

20 ബഹിരാകാശ
സമ്പദ്വ്യവസ്ഥയും
വ്യോമയാന ഹബ്ബും
ഡോ. സുനിൽ മാണി

24 നീല സമ്പദ് വ്യവസ്ഥയിലും
കുതിപ്പ്
ഡോ. ഗ്രിൻസൺ ജോർജ്ജ്

26 ക്ഷേമപദ്ധതികളിലൂടെ
ദീർഘകാല വികസനത്തിലേക്ക്
സുജ ചാണ്ടി

29 കരുത്തായി
പ്രിയദർശിനി സ്ത്രീ സൗജന്യയാത്ര
എസ്. നന്ദന

35 തണലൊരുക്കി സർക്കാർ
പര്യത്തുകാവിൽ ആശ്വാസപ്പുലരി
യു ഷൈജു

37 വീണ്ടും ചിറകുമുളയ്ക്കുന്ന
ചാന്ദ്രയാത്രകൾ
സീമ ശ്രീലയം

40 ദി ഫുട്ബോൾ
ക്യാബിനറ്റ്
ഡെസ്നി സുൽഫ്

46 പുതുവഴികളിൽ
പുസ്തകലോകം

49 ദുരന്തങ്ങൾ മുൻകൂട്ടിക്കാണാം,
ചെറുക്കാം, അവസരമാക്കി മാറ്റാം
ഡോ. സുമ എസ് ആർ




# ആഴിയും ആകാശവും തൊട്ട് കരുതലോടെ...

സാമ്പത്തികവും സാമൂഹികവുമായി മുമ്പെന്നത്തേക്കാളും പരിമിതികളും പ്രതിസന്ധികളും നേരിടുന്ന സമയത്ത് പുതിയ സർക്കാർ അവതരിപ്പിച്ച ബജറ്റ് ആകാംക്ഷയോടെയാണ് കേരളം കേട്ടത്. അധിക നികുതിഭാരമില്ലാതെ, ഇതുവരെ ചർച്ചചെയ്യപ്പെടാത്ത വികസനസാധ്യതകളുടെ വിശാലമായ ലോകം ജനങ്ങൾക്കു മുന്നിൽ തുറന്നുകാട്ടിയ ബജറ്റ് വികസനത്തിന്റെ പുതിയൊരു കേരള ബദൽ മുന്നോട്ട് വച്ചു. വർധിച്ചുവരുന്ന വയോജന ജനസംഖ്യ, യുവാക്കളുടെ കുടിയേറ്റം എന്നീ നിർണ്ണായക യാഥാർഥ്യങ്ങളെ എങ്ങനെ അവസരങ്ങളാക്കി മാറ്റാമെന്ന ചിന്തയിൽ നിന്ന് ഉരുത്തിരിഞ്ഞ ബജറ്റ് ആഴിതൊട്ട് ബഹിരാകാശം വരെയുള്ള കേരളത്തിന്റെ എല്ലാ സാധ്യതകളെയും ഉപയോഗപ്പെടുത്തുന്ന ഒട്ടേറെ പദ്ധതികളുടെ പ്രഖ്യാപനമായി മാറി.

കേരളത്തെ തുറമുഖ നഗരമായി കാണുന്ന സ്വപ്നപദ്ധതിയായ മിഷൻ സമുദ്ര, ഏവിയേഷൻ ഹബ്ബ്, വയോജന ജനസംഖ്യാ വർധനവിനെ വികസനസാധ്യതകളുടെ ഭാഗമാക്കാനുള്ള സിൽവർ ഇക്കോണമി, യുവാക്കളുടെ പലായനം ഒഴിവാക്കുന്നതിനും കേരളം വിദ്യാഭ്യാസ തൊഴിൽ ഭൂപടത്തിൽ അനിഷേധ്യമായ ശക്തിയാവുന്നതും ലക്ഷ്യമാക്കിയുള്ള ഗ്ലോബൽ വാച്ച് ടവർ, കേരള നോളജ് വാലി, വയനാട് ട്രൈബൽ സർവകലാശാല, റിസർച്ച് പാർക്ക്, സ്പേസ് ഇക്കോണമി, നിക്ഷേപകർക്കും സംരംഭകർക്കും പ്രതീക്ഷ പകരുന്ന രണ്ടാം ഭൂപരിഷ്കരണം, ഇൻവെസ്റ്റ് കേരള, ബ്രാൻഡ് കേരള, 10000 എം.എസ്.എം.ഇ, ജെൻ സീ സംരംഭകത്വ പദ്ധതി തുടങ്ങിയവ  വികസന നിക്ഷേപ സാധ്യതകളുമായി ബജറ്റിലുണ്ട്.

അതോടൊപ്പം, പ്രിയദർശിനി വനിതാ സൗജന്യയാത്ര പദ്ധതി, ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ്, കെയർ ഗിവർ പദ്ധതി തുടങ്ങി ഒട്ടേറെ ക്ഷേമപദ്ധതികളും ബജറ്റ് ഉറപ്പുനൽകുന്നു. കരുതലും വികസനവും ഇഴചേർന്ന ബജറ്റ് എന്ന പൊതു സ്വീകാര്യതയ്ക്കിടയിലും ചില വിമർശനങ്ങളും നേരിട്ടു. ഒരു ബജറ്റിന്റെ യഥാർഥ വിജയം കണക്കുകളിലല്ല, മറിച്ച് തങ്ങളുടെ പൗരരുടെ, പ്രത്യേകിച്ച് അടിസ്ഥാനവർഗം, മുതിർന്ന പൗരർ, സ്ത്രീകൾ, ഭിന്നശേഷിക്കാർ തുടങ്ങിയവരുടെ ജീവിതത്തിൽ സൃഷ്ടിക്കുന്ന മാറ്റങ്ങളിലാണ് എന്നാണ് വിദഗ്ധരുടെ പക്ഷം.

ഓരോ പദ്ധതിനിർവഹണത്തിലും അത് നേരിട്ട് ബാധിക്കുന്നവരെ ചേർത്തുപിടിച്ച് കരുതലിലൂന്നിയ വികസന നയമായിരിക്കും സർക്കാരിന്റേതെന്ന് ധനമന്ത്രികൂടിയായ മുഖ്യമന്ത്രി പറയുന്നത് ചേർത്തുവായിക്കുമ്പോൾ കരുതൽ ഇഴചേർന്ന വികസനം എന്ന ചിത്രം കൂടുതൽ വ്യക്തമാവും. പുതുയുഗകേരളത്തിനുള്ള തന്റെ വികസന സമവാക്യങ്ങളും കൂടുതൽ ബജറ്റ് വിശേഷങ്ങളും മുഖ്യമന്ത്രി വി.ഡി.സതീശൻ സമകാലിക ജനപഥം വായനക്കാരുമായി പങ്കുവയ്ക്കുന്നു.

## സാധാരണ ജനങ്ങൾക്കുപോലും മനസ്സിലാക്കാവുന്ന തരത്തിലായിരുന്നു 2026-27 ബജറ്റ് അവതരണം. വലിയ ഉദ്ധരണികളും കണക്കിലെ മാജിക്കുകളും ഒന്നും ഉണ്ടായില്ല. ഇത്തരത്തിലുള്ള ബജറ്റിനായുള്ള തയ്യാറെടുപ്പുകളെ കുറിച്ച് പറയാമോ?



ബജറ്റ് ഏറ്റവും ലളിതമായി, എല്ലാവർക്കും മനസിലാകുന്ന രീതിയിൽ അവതരിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം. ഈ സർക്കാരിന്റെ ആദ്യ ബജറ്റ് എന്നത് അടുത്ത അഞ്ചു വർഷത്തേക്കുള്ള വികസന രൂപരേഖയാണ്. പ്രതിപക്ഷത്ത് ഇരിക്കുമ്പോൾതന്നെ അധികാരത്തിലെത്തിയാൽ എന്തൊക്കെ ചെയ്യുമെന്നതും ബദൽ ആശയങ്ങളും ജനങ്ങളുമായി പങ്കുവച്ചിരുന്നു. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ പ്രശ്നങ്ങൾ കണ്ടെത്താനും പരിഹാരങ്ങൾ നിർദേശിക്കാനും കേരളത്തിൽ കോൺക്ലേവുകൾ സംഘടിപ്പിച്ചു. അങ്ങനെ ജനങ്ങളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളും ആശയങ്ങളുമൊക്കെയായിരുന്നു ബജറ്റിന്റെ കാതൽ. അധികാരത്തിൽ എത്തി ഒരു മാസത്തിനകം ഞങ്ങളുടെ നയപരിപാടികൾ കൃത്യമായി വ്യക്തമാക്കുന്ന നയപ്രഖ്യാപന പ്രസംഗം അവതരിപ്പിച്ചു. ഭാവിയെ കെട്ടിപ്പടുക്കാൻ എന്ത് ചെയ്യണമെന്ന് തീരുമാനിക്കുമ്പോൾ എന്താണ് സംസ്ഥാനത്തിന്റെ ധനസ്ഥിതിയെന്നു വ്യക്തമാക്കാനാണ് ധവളപത്രം ഇറക്കിയത്. ഇതിന്റെയൊക്കെ തുടർച്ചയായിരുന്നു ബജറ്റ്. ഇതൊക്കെയാണ് ബജറ്റ് തയാറെടുപ്പുകൾ. കാലഹരണപ്പെട്ട കാര്യങ്ങളൊക്കെ മാറ്റിനിർത്തി കേരളത്തിന്റെ സാധ്യതകൾ എന്തെല്ലാമാണെന്നാണ് ബജറ്റ് തയാറാക്കുമ്പോൾ പരിശോധിച്ചത്. ഭാവി കേരളം എന്ത് ചെയ്യണമെന്നതിന് ദിശാബോധം നൽകുന്നതിനൊപ്പം ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങളും ബജറ്റിലുണ്ട്. ചുരുക്കത്തിൽ മൂന്നു മാസമെങ്കിലും എടുത്ത് തയാറാക്കേണ്ട ബജറ്റാണ് രണ്ടോ മൂന്നോ ആഴ്ചകൾ കൊണ്ട് പൂർത്തിയാക്കിയത്. ഏറ്റവും ദൈർഘ്യമേറിയ പ്രസംഗം നടത്തുക എന്നതായിരുന്നില്ല ഈ ബജറ്റിന്റെ ലക്ഷ്യം.

## ഒറ്റ വാചകത്തിൽ ഈ ബജറ്റിനെ അങ്ങ് എങ്ങനെ വിശേഷിപ്പിക്കും?

പരമ്പരാഗത രീതികളിൽ നിന്നും വ്യത്യസ്തമായി പുതുയുഗ കേരളത്തിനു വേണ്ടി എന്തൊക്കെ ചെയ്യണമെന്നതിന് ദിശാബോധം നൽകുന്ന ബജറ്റ്. Good Governance and futuristic Development with empathy.

## ആഴക്കടൽ മുതൽ ബഹിരാകാശം വരെ സ്പർശിക്കുന്ന ഒരു ബജറ്റായി ഇതിനെ കാണാം. കേരളത്തിന്റെ ഇന്നത്തെ സാമ്പത്തിക അടിത്തറയിൽ നിന്ന് നോക്കുമ്പോൾ ഈ പദ്ധതികൾ എത്രത്തോളം പ്രായോഗികമാണ്. ഈ സ്വപ്നങ്ങൾ യാഥാർഥ്യമാക്കുന്നതിന് ആവശ്യമായ വിഭവസമാഹരണം എത്രമാത്രം എളുപ്പമായിരിക്കും. അതിന് എന്തെല്ലാം മാർഗങ്ങളാണ് അങ്ങയുടെ മനസ്സിലുള്ളത്?

കാലിയായ ഖജനാവ് നിറച്ച് വികസന-ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള പണം കണ്ടെത്തുകയെന്നതാണ് സർക്കാരിന്

മുന്നിലുള്ള വെല്ലുവിളി. പക്ഷെ ജനങ്ങൾക്ക മേൽ അമിത നികുതി ഭാരം കെട്ടിവച്ചല്ല ഈ സർക്കാർ ഖജനാവിൽ പണം നിറയ്ക്കുന്നത്. കൃത്യമായ നികുതി ഭരണത്തിലൂടെയും ഖജനാവിന്റെ ചോർച്ച തടഞ്ഞും വരുമാനം വർധിപ്പിക്കുകയെന്നതാണ് ലക്ഷ്യം. സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിച്ച് ഖജനാവ് നിറയ്ക്കുക എന്നതാണ് ഞങ്ങളുടെ സമീപനം. രൂക്ഷമായ ധനപ്രതിസന്ധി ഉൾപ്പെടെ വിവിധ മേഖലകളിൽ നമ്മുടെ സംസ്ഥാനം വിവിധ പ്രശ്നങ്ങൾ നേരിടുകയാണ്. കൊട്ടിഘോഷിച്ച കേരള മോഡലും പ്രതിസന്ധിയിലാണ്. ഈ സാഹചര്യത്തിൽ പരമ്പരാഗതമായ രീതിയിൽ സംസ്ഥാനത്തെ വളർച്ചയുടെ പാതയിലേക്ക് എത്തിക്കാൻ സാധിക്കില്ല. പുത്തൻ ആശയങ്ങളും പുത്തൻ പദ്ധതികളുമായി സംസ്ഥാനത്തെ വികസന പാതയിലേക്ക് കൊണ്ടുപോകാനാണ് ഈ ബജറ്റിൽ വിഭാവനം ചെയ്യുന്നത്. ഇതിനുള്ള പണം എങ്ങനെ കണ്ടെത്തും എന്നതാണ് അടുത്ത ചോദ്യം. വൻകിട പദ്ധതികളിൽ സംസ്ഥാന സർക്കാർ പണം മുടക്കുന്നത് അഭികാമ്യമല്ല സർക്കാർ ഒരു ഫെസിലിറ്റേറ്റർ മാത്രമായി നിൽക്കും. പറ്റാവുന്നിടത്തൊക്കെ സ്വകാര്യ നിക്ഷേപം സ്വീകരിക്കും.

**കാലിയായ ഖജനാവ് നിറച്ച് വികസന-ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള പണം കണ്ടെത്തുകയെന്നതാണ് സർക്കാരിന് മുന്നിലുള്ള വെല്ലുവിളി. പക്ഷെ ജനങ്ങൾക്കു മേൽ അമിത നികുതി ഭാരം കെട്ടിവച്ചല്ല ഈ സർക്കാർ ഖജനാവിൽ പണം നിറയ്ക്കുന്നത്**

**സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നത് പൊതുമുതൽ വിറ്റഴിക്കലായും സ്വകാര്യവത്കരണമായും വ്യാഖ്യാനിക്കപ്പെടുന്നു. അങ്ങ് എങ്ങനെയാണ് ഇതിനോട് പ്രതികരിക്കുക?**

ബജറ്റിനെ കുറിച്ച് മറ്റൊന്നും പറയാനില്ലാത്തവരാണ് സ്വകാര്യവത്കരണമെന്ന് മുറവിളി കൂട്ടുന്നത്. ഈ ബജറ്റിൽ ഒരിടത്തും സ്വകാര്യവത്കരണം എന്നൊരു വാക്കില്ല. നേരത്തെ പറഞ്ഞതു പോലെ സ്വകാര്യ നിക്ഷേപവും സ്വകാര്യവൽകരണവും രണ്ടും രണ്ടാണ്. കരിമണൽ ഖനനം സ്വകാര്യ മേഖലയിലേക്ക് കൊണ്ടുപോകുന്നെന്ന ആരോപണമാണ് മുഖ്യമായി ഉന്നയിക്കപ്പെട്ടത്. അങ്ങനെയൊരു പ്രഖ്യാപനവും ബജറ്റിലില്ല.

**പ്രവാസികളെ ഈ ബജറ്റ് എങ്ങനെയാണ് പ്രയോജനപ്പെടുത്തിയിട്ടുള്ളത്?**

പ്രവാസികൾ ഈ നാടിന്റെ സമ്പത്താണ്. പ്രവാസികളെ നാടിന്റെ വികസനത്തിന്റെ ഭാഗമാക്കാനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. സമ്പദ് വ്യവസ്ഥയുടെ നട്ടെല്ല് പ്രവാസികളുടെ റെമിറ്റൻസാണ്. റെമിറ്റൻസ് ഇക്കോണമിയെ ഇൻവെസ്റ്റ്മെന്റ് ഇക്കോണമിയാക്കി മാറ്റണം. അതിനായി സാധാരണക്കാരും ഇടത്തരക്കാരുമായ പ്രവാസികൾ പദ്ധതികളിൽ നിക്ഷേപിക്കട്ടെ. കെ.കരുണാകരൻ ഉണ്ടാക്കിയ സിയാൽ മോഡൽ നമുക്ക് മുന്നിലുണ്ട്. സാധാരണക്കാരായ പ്രവാസികളെ നിക്ഷേപകരമാക്കി കേരളത്തിന്റെ സാമ്പത്തിക വികസനത്തിൽ പങ്കാളികളാക്കി മാറ്റണം. അതേക്കുറിച്ചെല്ലാം കൃത്യമായ പദ്ധതികൾ ഈ സർക്കാരിനുണ്ട്.

**നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കാൻ പ്രഖ്യാപിച്ച പദ്ധതികളുമായി ബന്ധപ്പെട്ട് കേരളത്തെ ഒരു ബ്രാൻഡായി അവതരിപ്പിക്കുകയാണെങ്കിൽ നിക്ഷേപകർക്കും സംരംഭകർക്കുമായി ആ ബ്രാൻഡ് മുന്നോട്ട് വയ്ക്കുന്ന വാഗ്ദാനം എന്തൊക്കെയായിരിക്കും?**

കേരളം യഥാർഥത്തിൽ ഒരു ബ്രാൻഡ് ആണ്. അതേക്കുറിച്ചും ബജറ്റിലുണ്ട്. ഇവിടുത്തെ സുഗന്ധവ്യഞ്ജനങ്ങളും മറ്റ് അമൂല്യ വസ്തുക്കളും കണ്ടാണ് വിദേശികൾ പോലും കേരളത്തിൽ വന്നത്. പക്ഷേ കേരളം എന്ന ബ്രാൻഡിനെ നമുക്ക് മുന്നോട്ടു കൊണ്ടുപോകാൻ സാധിച്ചിട്ടില്ല. കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് അന്താരാഷ്ട്ര തലത്തിൽ അടക്കം വലിയ ഡിമാൻഡ് ഉള്ളപ്പോൾ തന്നെ നമുക്ക് കേരള ബ്രാൻഡ് ഉണ്ടാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ബ്രാൻഡ് കേരളം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇതിലേക്കുള്ള ചുവടുവെപ്പാണ് ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. ഇതു കൂടാതെ നിക്ഷേപസൗഹൃദ സംസ്ഥാനമാക്കാൻ നിക്ഷേപകർക്ക് ആവശ്യമായ ഭൂമി, നിയമപരമായ വിവിധ അനുമതികൾ നിക്ഷേപാനന്തര പിന്തുണ എന്നിവ ഓരോ ഘട്ടത്തിലും ഉറപ്പുവരുത്തുന്ന ഒരു ഏകജാലക സംവിധാനമായി ഇൻവെസ്റ്റ് കേരളം സെൽ പോലുള്ള നടപടികൾ സർക്കാർ സ്വീകരിക്കും.

**വിവിധ നഗരങ്ങളായി കേരളത്തെ കാണുന്ന രീതിയിലാണ് ഈ ബജറ്റ്- പോർട്ട് സിറ്റി, സ്പെയ്സ് സിറ്റി, നോളജ് സിറ്റി, അങ്ങനെ ഒട്ടേറെ വികസന മാതൃകകൾ... മിഷൻ സമുദ്ര, അന്താരാഷ്ട്ര മാരിടൈം പോളിസി, മുസ്രിസിലെ അന്താരാഷ്ട്ര മാരിടൈം മ്യൂസിയം തുടങ്ങി കേരളം വിശാലമായ ഒരു പോർട്ട് സിറ്റി എന്ന ആശയം മുന്നോട്ട് വയ്ക്കുന്നു. മിഷൻ സമുദ്ര കേരളത്തിന്റെ ആഭ്യന്തര വളർച്ചയിലും സാധാരണ ജനജീവിതത്തിലും കൊണ്ടുവരുന്ന മാറ്റങ്ങൾ വിശദീകരിക്കാമോ. ഇന്നത്തെ സാമ്പത്തിക അവസ്ഥയിൽ എത്രകാലം കൊണ്ട് പദ്ധതി പൂർത്തിയാക്കാനാകും?**

ബജറ്റിൽ പ്രഖ്യാപിച്ച വൻകിട പദ്ധതികളെല്ലാം സംസ്ഥാനത്തിന്റെ മുഖച്ഛായ മാറ്റുന്ന സ്വപ്ന പദ്ധതികളാണ്. സ്വാഭാവികമായി ഈ പദ്ധതികൾ പൂർത്തീകരിക്കാൻ സമയമെടുക്കും. പക്ഷെ ഈ പദ്ധതികളുടെ ആദ്യഘട്ടം നടപ്പിലാക്കുന്നതോടെ മാറ്റം നമുക്ക് ദൃശ്യമായിത്തുടങ്ങും. മിഷൻ സമുദ്ര ഉൾപ്പെടെയുള്ള പദ്ധതികൾ സംസ്ഥാനത്തിന്റെ ആഭ്യന്തര വളർച്ചയും വരുമാനവും മികച്ച തൊഴിൽ സാധ്യതകളും ഉറപ്പാക്കും. ഇത് സംസ്ഥാനത്തിന് നികുതി വരുമാനം കൂട്ടുന്നതിന് കാരണമാവും. ഇത്തരത്തിലുണ്ടാകുന്ന വരുമാനം സംസ്ഥാനത്ത് നീതിപൂർവകമായ വിതരണത്തിന് ഉപയോഗപ്പെടുത്തും. സംസ്ഥാനത്തിന്റെ വളർച്ചയുടെ

ഗുണഭോക്താക്കൾ സമൂഹത്തിലെ ഏറ്റവും താഴേത്തട്ടിലുള്ളവർ ആയിരിക്കണമെന്നതാണ് ആത്യന്തികമായ ലക്ഷ്യം. സംസ്ഥാനത്ത് കടുത്ത ധനപ്രതിസന്ധിയുണ്ടെന്നത് വസ്തുതയാണ്. ബജറ്റിൽ പ്രഖ്യാപിച്ച സ്വപ്ന പദ്ധതികൾക്ക് ഇത് തടസമാകില്ല. നേരത്തേ പറഞ്ഞ പോലെ ഇത്തരം പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. സർക്കാർ ഒരു ഫെസിലിറ്റേറ്ററായി പ്രവർത്തിക്കും.



**ഈ പദ്ധതിക്കൊപ്പം ചേർത്തു വായിക്കാവുന്നതാണ് ഏവിയേഷൻ ഹബ്ബ്, സ്പേസ് ഇക്കോണമി, സൗത്ത് കേരള എക്കണോമി കോറിഡോർ, റെയർ എർത്ത് കോറിഡോർ, ബ്ലൂ ഇക്കോണമി എന്നിവ. ഈ പദ്ധതികൾ കേരളത്തിലെ നടപ്പു സാമ്പത്തികാവസ്ഥകളിലും പാരിസ്ഥിതിക പരിമിതികളിലും എങ്ങനെ മുന്നോട്ട് കൊണ്ടുപോകാനാകുമെന്ന് അങ്ങ് കരുതുന്നു. പാരിസ്ഥിതികമായി ഈ പദ്ധതികളെ സംബന്ധിച്ച് അങ്ങയുടെ പ്രാഥമിക ദർശനങ്ങൾ എന്തൊക്കെയാണ്. ഗ്രീൻ ഹൈഡ്രജൻ ഹബ്ബ് ഇതിനോട് ചേർത്തുവായിക്കാമോ?**

ഈ സർക്കാറിന്റെ നയം വ്യക്തമാണ്. കേരളത്തിന്റെ പരിസ്ഥിതിയെ പരിഗണിച്ചുള്ള പദ്ധതികളും വികസന പ്രവർത്തനങ്ങളും മാത്രമെ ഈ സർക്കാർ നടപ്പാക്കൂ. അതുകൊണ്ടാണ് സിൽവർ ലൈൻ പദ്ധതി ഉപേക്ഷിച്ചതും. വയനാട് തുരങ്ക പാത നിർമ്മാണ മേഖലയിലുണ്ടായ ദുരന്തവും നമുക്കുള്ള പാഠമാണ്. പാരിസ്ഥിതിക ആഘാതം പരിഗണിച്ചുള്ള പദ്ധതികൾ മാത്രമേ ഈ സർക്കാർ നടപ്പിലാക്കൂ. ഇതുകൂടാതെ ഏത് വൻകിട പദ്ധതികൾ നടപ്പിലാക്കുമ്പോഴും അതിൽ തദ്ദേശവാസികൾക്ക് പ്രത്യേക പരിഗണനയും പരിരക്ഷയും നൽകും. ഗ്രീൻ ഹൈഡ്രജൻ ഹബ്ബ് ഉൾപ്പെടെയുള്ള പരിസ്ഥതി സൗഹൃദ പദ്ധതികൾക്കാണ് ഈ സർക്കാർ മുൻതൂക്കം നൽകുന്നത്.

**സാഹിത്യം മുതൽ ആധുനിക സാങ്കേതികവിദ്യവരെ നീളുന്ന വിപുലമായ വിഷയങ്ങൾ അങ്ങയുടെ വായനാ ലിസ്റ്റിലുണ്ട്. ഈ ബജറ്റ് തയ്യാറാക്കുന്നതിൽ അമിതാവ് ഘോഷിന്റെ നട്ട്മെഗ്സ് കേഴ്സിനും ഇൻ ആൻ ആന്റിക് ലാൻഡിനും പുറമേ വേറെ ഏതെങ്കിലും എഴുത്തുകാരുടെ സ്വാധീനമുണ്ടോ. ഘോഷിന്റെ പുസ്തകം എത്രത്തോളം പ്രചോദനകരമായി?**


സ്വാഭാവികമായും വായന മനുഷ്യന്റെ ചിന്തയെ സ്വാധീനിക്കുമല്ലോ. ജ്ഞാനപീഠ ജേതാവ് അമിതാവ് ഘോഷിന്റെ എഴുത്ത് കൊളോണിയലിസം, മാരിടൈം ഹിസ്റ്ററി, പാരിസ്ഥിതിക ഉത്തരവാദിത്വം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒട്ടേറെ എഴുത്തുകാരും പുസ്തകങ്ങളും സ്വാധീനിച്ചിട്ടുണ്ട്. മാത്രമല്ല, യാത്രകൾ അവിടെ കണ്ടുമുട്ടിയ മനുഷ്യർ, അവരുടെ ജീവിതം എല്ലാം ബജറ്റിനെ സ്വാധീനിച്ചിട്ടുണ്ട് എന്നു പറയാം.


**കേരളത്തിന്റെ ജനസംഖ്യാപരമായ മാറ്റം ക്രിയാത്മകമായി ഉപയോഗിക്കുന്നതിന്റെ ഭാഗമായി വയോജനങ്ങളെ സാമൂഹിക ക്ഷേമത്തിന്റെ പരിധിയിൽ നിന്ന് സാമ്പത്തിക വളർച്ചയുടെ എഞ്ചിനായി മാറ്റാനുള്ള ശ്രമമാണോ സിൽവർ ഇക്കോണമി? ജപ്പാൻ, സൗത്ത് കൊറിയ, ജർമ്മനി തുടങ്ങി പല വികസിത രാജ്യങ്ങളും ഇന്ന് സിൽവർ ഇക്കോണമിയെ മികച്ച സാധ്യതയായാണ് കാണുന്നത്. ഈ മേഖലയിൽ ഇന്ത്യയ്ക്കും ദക്ഷിണേഷ്യയ്ക്കും മാതൃകയാകും വിധത്തിൽ കേരളത്തിന്റെ സാധ്യതകൾ എന്തൊക്കെയാണ്?**

പുരോഗമന സമൂഹത്തിന്റെ അളവുകോൽ നിർണ്ണയിക്കുന്നത് ആ സമൂഹം എങ്ങനെയാണ് മുതിർന്നവരെ പരിഗണിക്കുന്നത് എന്നതിനെ അടിസ്ഥാനമാക്കിയാണ്. വയോജനങ്ങളെ സംരക്ഷിക്കാൻ ഔദാര്യം വാരിക്കൊടുക്കുന്ന വെൽഫെയർ പ്രോജക്ടുകൾ മാത്രമല്ല, അവരുടെ കഴിവുകളെ സംസ്ഥാനത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും പ്രയോജനപ്പെടുത്തുന്ന നല്ല മാതൃകയാണ് നമുക്ക് ആവശ്യം. ഇതാണ് സിൽവർ ഇക്കോണമിയിലൂടെ ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായാണ് വയോജന വകുപ്പ് രൂപീകരിച്ചത്. ഒരാളും ഒറ്റപ്പെട്ടു പോകില്ലെന്ന് ഉറപ്പാക്കും.

**യുവാക്കളുടെ കാര്യത്തിൽ പ്രതീക്ഷാനിർഭരമായ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ജോബ് വാച്ച് ടവർ, കേരള നോളജ് വാലി, വയനാട് ട്രൈബൽ സർവകലാശാല, സ്പേസ് ഇക്കോണമി എന്നിവ നോക്കുമ്പോൾ പരമ്പരാഗത അറിവുകളും പുത്തൻ സാങ്കേതിക വിദ്യയും സമന്വയിച്ച്**

# മാരിടൈം മ്യൂസിയം മികച്ച പദ്ധതി
## - അമിതാവ് ഘോഷ്






ചരിത്രബോധവും ഭാവിദർശനവും ഒരുപോലെ ഉൾക്കൊള്ളുന്ന അതീവ പ്രാധാന്യമുള്ള ഒരു പദ്ധതിയാണ് 2026-27 കേരള ബജറ്റിലെ നിർദ്ദിഷ്ട അന്താരാഷ്ട്ര മാരിടൈം മ്യൂസിയം. പദ്ധതി യാഥാർഥ്യമാക്കാൻ കേരള സർക്കാർ ദൃഢനിശ്ചയത്തോടെ മുന്നോട്ടു പോകുമെന്നാണ് എന്റെ പ്രതീക്ഷ. പദ്ധതിയുടെ നയരൂപീകരണത്തിന് എന്റെ നട്മഗ്സ് കേഴ്സ് എന്ന പുസ്തകം പ്രചോദനമായെന്ന മുഖ്യമന്ത്രി വി.ഡി. സതീശന്റെ ബജറ്റിലെ പരാമർശം ഏറെ സന്തോഷകരമായ അനുഭവമാണ്. ദി നട്മഗ്സ് കേഴ്സ് പാരബിൾസ് ഫോർ എ പ്ലാനറ്റ് ഇൻ ക്രൈസിസ് പോലൊരു പുസ്തകത്തിൽനിന്ന് ഒരു മുഖ്യമന്ത്രി നയരൂപീകരണത്തിന് പ്രചോദനം ഉൾക്കൊള്ളുക എന്നത് കേരളത്തിൽ മാത്രമേ സാധ്യമാകൂ എന്നാണ് ഞാൻ വിശ്വസിക്കുന്നത്.

കേരളം എന്നും എന്റെ ഹൃദയത്തോട് ചേർന്നുനിൽക്കുന്ന ഒരു പ്രദേശമാണ്. ഔദ്യോഗിക ജീവിതത്തിന്റെ ഭാഗമായാണ് ഞാൻ തിരുവനന്തപുരത്തെത്തുന്നത്. എന്റെ ഔദ്യോഗിക ജീവിതത്തിന് തുടക്കം കുറിക്കുന്നത് തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലാണ്. മുൻ ധനകാര്യമന്ത്രി തോമസ് ഐസക് അവിടെ എന്റെ സഹപ്രവർത്തകനായിരുന്നു. കേരളത്തിലെ ജീവിതവും പ്രവർത്തനങ്ങളും എന്റെ ചിന്തകളിലും എഴുത്തിലും ആഴത്തിലുള്ള സ്വാധീനം ചെലുത്തിയിട്ടുണ്ട്. അത് ഇന്നും നിങ്ങൾക്കെന്റെ എഴുത്തിലും ജീവിതത്തിലും കാണാനാവും. ഇൻ ആൻ ആന്റിക് ലാൻഡ് എന്ന പുസ്തകം കേരളത്തിന്റെ പൗരാണികമായ വ്യാപാര പാരമ്പര്യത്തെയും മലബാർ തീരവും പശ്ചിമേഷ്യയും തമ്മിലുണ്ടായിരുന്ന ബന്ധങ്ങളെയും ആസ്പദമാക്കിയുള്ളതാണ്.

കേരളത്തിലെ ജനതയോടും അവർ കൈവരിച്ച സാമൂഹിക മുന്നേറ്റങ്ങളോടും എന്നും അഗാധമായ ആദരവുണ്ട്. സാമൂഹിക ക്ഷേമത്തിലും മതസൗഹാർദത്തിലും കേരളം എന്നും ഇന്ത്യയ്ക്ക് മാതൃകയാണെന്ന കാര്യത്തിൽ സംശയമില്ല.

(എഴുത്തുകാരനും ജ്ഞാനപീഠ ജേതാവുമായ അമിതാവ് ഘോഷ് സമകാലിക ജനപഥത്തിന് നൽകിയ പ്രതികരണം. സമുദ്രയാത്രകളും അതിനോട് ചേർന്നുനിൽക്കുന്ന വ്യാപാര, വാണിജ്യ ബന്ധങ്ങളെയും ഗാഢമായി പ്രതിഫലിപ്പിക്കുന്നവയാണ് അദ്ദേഹത്തിന്റെ കൃതികൾ. ന്യൂയോർക്കിൽ സ്ഥിരതാമസം)

**മാനവവിഭവശേഷിയുടെ കാര്യത്തിൽ വൻശക്തിയാവുക എന്ന ലക്ഷ്യം കൂടിയാണോ ബജറ്റ് മുന്നോട്ട് വയ്ക്കുന്നത്? വിദ്യാഭ്യാസ തൊഴിൽ മേഖലകളിൽ മാറ്റങ്ങൾ എന്നുമുതൽ പ്രകടനമാവും?**

കേരളത്തിൽ നിന്നും യുവജനങ്ങൾ വിദ്യാഭ്യാസവും ജോലിയും തേടി വിദേശത്തേക്കും അന്യ സംസ്ഥാനങ്ങളിലേക്കും ചേക്കേറുന്ന പ്രതിഭാസം ഇനിയും നോക്കി നിൽക്കാനാകില്ല. ഇതിന് പരിഹാരം ഉന്നതവിദ്യാഭ്യാസ രംഗത്ത് അവർക്ക് ആവശ്യമുള്ള പ്രോഗ്രാമുകളും തൊഴിലവസരങ്ങളും ഉറപ്പാക്കുകയെന്നതാണ്. അതിനു വേണ്ടിയാണ് ജോബ് വാച്ച് ടവർ, കേരള നോളജ് വാലി, ജവഹർലാൽ നെഹ്റു സയന്റിഫിക് ടെമ്പർ സ്ഥാപനങ്ങൾ എന്നിവ വിഭാവനം ചെയ്തിരിക്കുന്നത്. അന്താരാഷ്ട്ര തലത്തിലുള്ള ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സ് അടക്കമുള്ള ലെഗസി സ്ഥാപനങ്ങൾ നമ്മുടെ നാട്ടിലേക്ക് കൊണ്ടുവരാൻ നമുക്ക് സാധിക്കും. ഭാവി തലമുറയ്ക്ക് അവർ ആശിക്കുന്ന തൊഴിൽ ലഭ്യമാക്കുക എന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം. സ്പേസ് ഇക്കോണമി, എം.എസ്.എം.ഇ പ്രോഗ്രാം ഉൾപ്പെടെയുള്ള പദ്ധതികളും ഇതിനായി പ്രഖ്യാപിച്ചിട്ടുണ്ട്.

**ജെൻസീകൾ വളരെ സ്നേഹത്തോടെ അങ്ങയെ പൂക്കി സി.എം എന്നാണല്ലോ വിളിക്കുന്നത്. അവർക്കായി സ്റ്റാർട്ടപ്പ് പദ്ധതികൾ മുന്നോട്ട് വച്ച് പുതുതലമുറയെ ബജറ്റ് ചേർത്തുനിർത്തുന്നു.**

**യഥാർഥത്തിൽ ജെൻസീ തലമുറയിൽ നിന്നും അങ്ങ് കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉതകുന്ന ഏതൊക്കെ ഇടപെടലുകൾ പ്രതീക്ഷിക്കുന്നുണ്ട്?**

(ചിരിക്കുന്നു)

നമ്മുടെ തലമുറയിൽ നിന്നും വിഭിന്നമായി ഇന്നത്തെ കുട്ടികളുടെ ചിന്ത വേറിട്ടതാണ്. അത് കണ്ടില്ലെന്ന് നടിക്കാനാകില്ല. എന്നെ ഓഫീസിൽ കാണാൻ എത്തുന്ന പുതിയ തലമുറയിലെ കുട്ടികൾ അവതരിപ്പിക്കുന്ന ആശയങ്ങൾ സത്യത്തിൽ നമ്മളെ ഞെട്ടിക്കും. അവരെയും ചേർത്ത് പിടിക്കണം. അവരുടെ ആശയങ്ങളെ പദ്ധതികളായി മാറ്റിയെടുക്കാൻ സർക്കാർ സഹായിക്കും. ■



# പ്രധാന പദ്ധതികൾ ഒറ്റനോട്ടത്തിൽ

## മിഷൻ സമുദ്ര



- കേരളത്തിന്റെ 600 കി.മീ തീരദേശവും തുറമുഖങ്ങളും സംയോജിപ്പിച്ച് സംസ്ഥാനത്തെ ആഗോള മാരിടൈം ഭൂപടത്തിൽ എത്തിക്കാനുള്ള പദ്ധതി.
- വിഴിഞ്ഞം ഭൂഗർഭ റെയിൽ, വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിങ് റോഡ് സ്ഥലമേറ്റെടുക്കലും നിർമ്മാണവും വേഗത്തിലാക്കും.
- വിഴിഞ്ഞത്തെ ഹരിത ഇന്ധനം നൽകുന്ന രാജ്യത്തെ ആദ്യ ഗ്രീൻ ബങ്കറിങ് തുറമുഖമാക്കും
- കപ്പൽ നിർമ്മാണ കേന്ദ്രം സ്ഥാപിക്കും. തീരദേശവാസികൾക്ക് ഈ മേഖലയിൽ തൊഴിൽ സംവരണം നൽകും.
- മാരിടൈം ടൂറിസവും വ്യവസായവും ലക്ഷ്യമിട്ട് കേരള മാരിടൈം പോളിസി രൂപീകരിക്കും.
- അന്താരാഷ്ട്ര മാരിടൈം മ്യൂസിയം സ്ഥാപിക്കും.

## സതേൺ കേരളാ ഇക്കണോമിക് കോറിഡോർ & റെയർ എർത്ത് ഇടനാഴി



- തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളെ സംയോജിപ്പിച്ച് ഏകീകൃത സാമ്പത്തിക മേഖലയാക്കും.
- മേഖല 1 (തിരുവനന്തപുരം): നോളജ് ആൻഡ് സ്പേസ് ടെക്നോളജി ഹബ്ബ്.
- മേഖല 2 (കൊല്ലം) ധാതു സംസ്കരണ, അപൂർവ്വ ധാതു കേന്ദ്രം (റെയർ എർത്ത് ആൻഡ് ക്രിട്ടിക്കൽ മിനറൽസ് കോറിഡോർ.
- മേഖല 3 (ആലപ്പുഴ): ഇന്ത്യയുടെ ബ്ലൂ ഇക്കോണമി തലസ്ഥാനം.

## ഏവിയേഷൻ ഹബ്ബ്



സംസ്ഥാനത്തെ 4 അന്താരാഷ്ട്ര വിമാനത്താവളങ്ങളെ കേന്ദ്രീകരിച്ച് ഏഷ്യയിലെ പ്രധാന ഏവിയേഷൻ-ലോജിസ്റ്റിക്സ് ഹബ്ബാക്കും. എയ്റോ പാർക്ക്, എയ്റോസിറ്റി പദ്ധതികൾ നടപ്പാക്കുകയും



# ബജറ്റ് 2026-27

ഒരു വ്യോമയാന നയം പ്രഖ്യാപിക്കുകയും ചെയ്യും. കൊച്ചിൻ എയർപോർട്ടിനോട് അനുബന്ധിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗ്ലോബൽ കൺവെൻഷൻ സെന്റർ സ്ഥാപിക്കും.

## ഇൻവെസ്റ്റ് കേരളം സെൽ

ഭൂമി ലഭ്യതയിലെ പരിമിതികളും ചുവപ്പുനാടകളും ഒഴിവാക്കി നിക്ഷേപകരെ ആകർഷിക്കാൻ മുഖ്യമന്ത്രി അധ്യക്ഷനായി ഇൻവെസ്റ്റ്മെന്റ് അഡ്വൈസറി കൗൺസിൽ രൂപീകരിക്കും. പ്രൊജക്റ്റ് വേഗത്തിലാക്കാൻ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ പ്രോട്ടോക്കോൾ നടപ്പിലാക്കും.

## ഭൂനിയമങ്ങളിലെ പരിഷ്കരണം (ഭൂപരിഷ്കരണം 2.0)

വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉപയോഗിക്കാത്ത മിച്ചഭൂമി ഉൾപ്പെടുത്തി ഒരു ലാൻഡ് ബാങ്ക് സൃഷ്ടിക്കും. വലിയ പദ്ധതികൾക്കായി ലാൻഡ് പൂളിങ് ഫ്രെയിംവർക്ക് അവതരിപ്പിക്കും. ഭൂമി ഏറ്റെടുക്കൽ വേഗത്തിലാക്കാൻ കിൻഫ്ര, ഇൻകെൽ എന്നിവയെ ശക്തിപ്പെടുത്തും.

## വിദ്യാഭ്യാസം, തൊഴിൽ, സാങ്കേതികവിദ്യ

- **കേരള നോളജ് വാലി:** ലോകോത്തര സർവകലാശാലകളെ ആകർഷിക്കാൻ പ്രത്യേക നിയമനിർമ്മാണവും സ്വകാര്യ സർവകലാശാലാ ബില്ലിൽ മാറ്റങ്ങളും വരുത്തും.
- **ഗ്ലോബൽ ജോബ് വാച്ച് ടവർ:** ആഗോള തൊഴിൽ പ്രവണതകൾ നിരീക്ഷിക്കാനുള്ള ഫ്യൂച്ചർ സ്കിൽസ് ആൻഡ് എംപ്ലോയ്മെന്റ് ഇന്റലിജൻസ് മിഷൻ.
- **വയനാട് ട്രൈബൽ സർവകലാശാല:** ആദിവാസി പൈതൃകവും തദ്ദേശീയ വിജ്ഞാന മേഖലയും സംരക്ഷിക്കുന്നതിനുള്ള പ്രത്യേക സർവകലാശാല.
- **റിസർച്ച് പാർക്ക്:** IIT മദ്രാസ് മാതൃകയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റിസർച്ച് സംവിധാനങ്ങൾ വികസിപ്പിക്കും.
- തൃശ്ശൂർ മെഡിക്കൽ കോളേജിനും തിരുവനന്തപുരം എഞ്ചിനീയറിങ് കോളേജിനും കോൺസ്റ്റിറ്റ്യുവന്റ് കോളേജ് ഓഫ് ദി യൂണിവേഴ്സിറ്റി പദവി നൽകും.

- **സ്പേസ് ഇക്കോണമി:** സാറ്റലൈറ്റ്/റോക്കറ്റ് നിർമ്മാണം മുതൽ ഡാറ്റ അനലിറ്റിക്സ് വരെയുള്ള മേഖലകളിൽ സ്റ്റാർട്ട പ്പുകളെ പ്രോത്സാഹിപ്പിക്കും.
- **ജെൻ ദ ന്യൂ-ജെൻ ടെക്നോളജി:** റോബോട്ടിക്സ്, ഐ.ഒ.ടി, വി.ആർ, സൈബർ സുരക്ഷാ മേഖലകളിലെ സ്റ്റാർട്ടപ്പുകൾക്കായി.
- **മലയാളം എ ഐ :** മലയാളത്തിന്റെ തുറന്ന ഡാറ്റാസെറ്റ് സൗജന്യമായി ലഭ്യമാക്കി വിപണിയിൽ മലയാളം എ ഐ മാതൃകകൾ വികസിപ്പിക്കും.
- **കാമ്പസ് സുരക്ഷിതത്വം:** റാഗിങ്ങിനെ പ്രതിരോധിക്കാൻ സ്റ്റുഡന്റ്സ് ഡിസ്ട്രസ് ആപ്പും സിദ്ധാർഥൻ ആന്റി റാഗിങ് ആൻഡ് സ്റ്റുഡന്റ് വെൽഫെയർ ആക്ടും നടപ്പിലാക്കും. കോളേ ജുകളിൽ ഓംബുഡ്സ്മാൻ സംവിധാനം വരും.
- **ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെംപർ:** വിദ്യാർഥികളിൽ ശാസ്ത്രബോധം വളർത്താനുള്ള പദ്ധതി.

## ആരോഗ്യം, സാമൂഹ്യസുരക്ഷ, ക്ഷേമപദ്ധതികൾ



- എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപ വരെയുള്ള സൗജന്യ ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി
- കേരള ഹെൽത്ത് ആൻഡ് ലൈഫ് സയൻസ് സിറ്റി (മൾട്ടി-സ്പെഷ്യാലിറ്റി ആശുപത്രികൾ, ഗവേഷണ ലാബുകൾ, മെഡിക്കൽ ടൂറിസം എന്നിവ സമന്വയിപ്പിക്കുന്ന പദ്ധതി.
- **മെഡിക്കൽ കോളേജ് വികസനം:** വയനാട്, കാസർകോട്, ഇടുക്കി, മഞ്ചേരി മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തും. തിരുവനന്തപുര ത്തെ രണ്ടാം മെഡിക്കൽ കോളേജ് പ്രവർത്തനക്ഷമമാക്കും. ഹരിപ്പാട് പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കും.
- **മൊബൈൽ ടെസ്റ്റിങ് ലാബുകൾ:** ലാബ് സൗകര്യങ്ങൾ കുറവുള്ള ഗ്രാമീണ മേഖലകളിൽ ആദ്യഘട്ടമായി 2 കോടി വീതം ചെലവിൽ 10 മൊബൈൽ ലാബുകൾ സ്ഥാപിക്കും.

## സാമൂഹ്യ സുരക്ഷയും സിൽവർ ഇക്കോണമിയും



- **കേരള സിൽവർ ഇക്കോണമി:** വയോജ നങ്ങൾക്കായി പ്രത്യേക വകുപ്പ് രൂപീകരിച്ച ആദ്യ സംസ്ഥാനമായ കേരളം, മുതിർ ന്ന പൗരന്മാർക്കായി സമഗ്ര സിൽവർ ഇക്കണോമിക് പോളിസി രൂപീകരിക്കും.
- **കെയർ ഗിവർ പദ്ധതി:** നഴ്സിങ് കോളേജുകളിലും തിര ഞ്ഞെടുത്ത ആശുപത്രികളിലും ആറ് മാസത്തെ അന്താരാഷ്ട്ര നിലവാരമുള്ള കെയർ ഗിവർ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കും.
- **വൺ കേരള കരുതൽ മിഷൻ:** മാരകരോഗങ്ങൾ ബാധി ച്ചവർക്കും ദരിദ്രർക്കും സിഎസ്ആർ ഫണ്ടുകളും വ്യക്തിഗത സംഭാവനകളും ഡിജിറ്റൽ സുതാര്യതയോടെ തത്സമയം ലഭ്യമാക്കുന്ന പ്ലാറ്റ്ഫോം.

## ഓണറേറിയം/വേതന വർധനവ്




- **ആശാവർക്കർമാർ:** പ്രതിമാസ ഓണറേറിയം 3,000 രൂപ വർധിപ്പിച്ച് 12,000 രൂപയാക്കി.
- **അങ്കണവാടി വർക്കർമാർ/ഹെൽപ്പർമാർ:** പ്രതിമാസ ഓണറേറിയം 1,000 രൂപ വർധിപ്പിച്ചു.
- **സ്കൂൾ ഉച്ചഭക്ഷണ പാചകത്തൊഴിലാളികൾ:** വേതനം 1,000 രൂപ വർധിപ്പിച്ചു.
- **പ്രീ-പ്രൈമറി ടീച്ചർമാർ/ആയമാർ:** ഓണറേറിയം 1,000 രൂപ വർധിപ്പിച്ചു.

## കൃഷി, പരിസ്ഥിതി, പരമ്പരാഗത വ്യവസായങ്ങൾ



- കൃഷിയും അനുബന്ധ മേഖലകളും (1534.98 കോടി രൂപ)
- റബ്ബർ സബ്സിഡി: റബ്ബർ ഉൽപ്പാദന ഇൻസെ ന്റീവ് പദ്ധതി പ്രകാരമുള്ള താങ്ങുവില 200 രൂപയിൽ നിന്നും 250 രൂപയായി വർധിപ്പിച്ചു.
- കേരള കാർബൺ ഫാമിങ് സോയിൽ ക്രെഡിറ്റ് ഫ്രെയിം വർക്ക്:സുസ്ഥിര കൃഷി രീതി പ്രോത്സാഹിപ്പിച്ച് കർഷകർക്ക് കാർബൺ ക്രെഡിറ്റ് വഴി സാമ്പത്തിക നേട്ടം ഉറപ്പാക്കും.
- കൃഷി സഖി പദ്ധതി: വനിതകളുടെ നേതൃത്വത്തിലുള്ള കാർഷിക കൂട്ടായ്മകൾ പ്രോത്സാഹിപ്പിക്കും.

## മൃഗസംരക്ഷണവും ക്ഷീരവികസനവും



- മൃഗസംരക്ഷണ മേഖലയ്ക്ക് 258.88 കോടി രൂപയും ക്ഷീരവികസനത്തിന് 102.88 കോടി രൂപയും മാറ്റിവെച്ചു.
- പ്രതിദിന പാൽ ഉൽപ്പാദനം അടുത്ത 3 വർഷത്തിനുള്ളിൽ നിലവിലുള്ള 70 ലക്ഷം ലിറ്ററിൽ നിന്ന് 1 കോടി ലിറ്ററായി ഉയർത്തും.
- കൊല്ലം കോട്ടുക്കലിൽ പുതിയ കോഴിമാംസ പ്രോസസിങ് പ്ലാന്റും പെറ്റ് ഫുഡ് ഫാക്ടറിയും സ്ഥാപിക്കും.

## മത്സ്യബന്ധന മേഖല (ഫിഷറീസ് സബ് - പ്ലാൻ)



- മത്സ്യബന്ധന മേഖലയ്ക്ക് ബജറ്റിൽ ആകെ 250.93 കോടി രൂപ വകയിരുത്തി.
- മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ സബ്സിഡി 75 രൂപയായി വർധിപ്പിച്ചു.
- തീരദേശ നിവാസികൾക്ക് ഭവന പദ്ധതിയും പട്ടയമില്ലാത്ത വർക്ക് പട്ടയവും നൽകും. വനിതകൾക്കായി 'ഷീ സ്കൂട്ടറുകൾ' അനുവദിക്കും.

## പരിസ്ഥിതിയും മലയോര കർഷക ക്ഷേമവും



- വന്യജീവി ആക്രമണം തടയാൻ 192.20 കോടി രൂപ ഉൾപ്പെടെ വനം മേഖലയ്ക്ക് 243.80 കോടി രൂപ വകയിരുത്തി. കടുവ, പുലി എന്നിവയുടെ ശാസ്ത്രീയ സെൻസസ് നടത്തും.
- ഏലം പട്ടയ ഭൂമിയിലെ നിർമ്മാണ വിലക്ക് നിയമാനുസൃത മായി പുനഃപരിശോധിക്കും. നിലവിലുള്ള നിർമ്മാണങ്ങൾ ഉപാധിരഹിതമായി ക്രമവൽക്കരിക്കും.
- 2050 ഓടെ കേരളത്തെ പൂർണ്ണമായും കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കും.

## തദ്ദേശ സ്വയംഭരണം, വിനോദസഞ്ചാരം, സംസ്കാരം



- 7-ാം ധനകാര്യ കമ്മിഷൻ ശുപാർശപ്ര കാരം തദ്ദേശ സ്ഥാപനങ്ങൾക്കായി ജനറൽ പർപ്പസ് ഗ്രാന്റായി 3,236.77 കോടി രൂപയും മെയിന്റനൻസ് ഗ്രാന്റായി 4,315.69 കോടി രൂപയും വകയിരുത്തി. വികസന ഫണ്ടായി 8,655.45 കോടി രൂപ മാറ്റിവെച്ചു.
- ഓൺലൈൻ ഗ്രാമസഭ: പ്രവാസികൾക്കും നാട്ടിൽ വരാൻ കഴിയാത്തവർക്കും പങ്കുചേരാൻ ഡിജിറ്റൽ സൗകര്യം

ഒരുക്കും.

- മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി: കേന്ദ്ര നയവ്യതിയാനം മൂലം സംസ്ഥാന വിഹിതം 2,090.96 കോടി രൂപയായി ഉയർന്ന സാഹചര്യത്തിൽ, ഒന്നാം ഘട്ടമായി 1,422.60 കോടി രൂപ സംസ്ഥാന വിഹിതമായി വകയിരുത്തി.
- കോഴിക്കോട് വിലങ്ങാട് ഉരുൾപൊട്ടൽ ദുരന്ത അതിജീവനത്തിനായി വിലങ്ങാട് പാക്കേജ് (5 കോടി രൂപ) പ്രഖ്യാപിച്ചു.

## വിനോദസഞ്ചാര മേഖല (325.36 കോടി രൂപ)

- ടൂറിസത്തെ വ്യവസായമായി പ്രഖ്യാപിക്കും.
- പരീക്ഷണാടിസ്ഥാനത്തിൽ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സ്ത്രീകളെ ഉൾപ്പെടുത്തി 'ഗ്രീൻ മാർഷൽസ്' സ്ക്വാഡ്.
- ആലപ്പുഴയിൽ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതിയും ഹൗസ്ബോട്ട് മാലിന്യ സംസ്കരണ പ്ലാന്റും.

## കല, സംസ്കാരം, കായികം

- ജെ.സി. ഡാനിയൽ ഇന്റർനാഷണൽ ഫിലിം സിറ്റി - ചിത്രനഗരം (100 കോടി രൂപ): കൊച്ചിയിൽ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് സ്ഥിരം വേദിയടക്കം ഉൾപ്പെടുത്തി സ്ഥാപിക്കും.
- സിനിമയ്ക്ക് വ്യവസായ പദവി നൽകും.
- എം.ടി. വാസുദേവൻ നായർ കൾച്ചറൽ പാർക്ക് (50 കോടി രൂപ): കോഴിക്കോട് പരമ്പരാഗത കലകൾക്കും ഡിജിറ്റൽ കലാസൃഷ്ടികൾക്കുമായി സാംസ്കാരിക-ടൂറിസം ട്രസ്റ്റിന് കീഴിൽ സ്ഥാപിക്കും.
- ജോൺസൺ മ്യൂസിക് അക്കാദമി (5 കോടി രൂപ): തൃശ്ശൂരിൽ സ്ഥാപിക്കും.
- മലബാർ ഫുട്ബോൾ സ്റ്റേഡിയം (50 കോടി രൂപ): മലബാറിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള അത്യാധുനിക സ്റ്റേഡിയം നിർമ്മിക്കും.
- വിഷൻ 2036:2036 ഒളിമ്പിക്സിൽ മലയാളം കായികതാരങ്ങളെ പങ്കെടുപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഊർജ്ജിത പരിശീലന പദ്ധതി.

## മറ്റ് പ്രധാന മേഖലകളിലെ പദ്ധതികൾ

- കേരള എം.എസ്.എം.ഇ. ഗ്രോത്ത് സ്കീം: സംസ്ഥാനമൊട്ടാകെ 10,000 പുതിയ എം.എസ്.എം.ഇ കൾ ആരംഭിക്കാനും ചാലഞ്ച്/ടെക്നോളജി ഫണ്ടുകൾ നൽകാനും ലക്ഷ്യമിടുന്നു.
- കേരള അർബൻ ഗ്രോത്ത് മിഷൻ: തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ യൂണിഫൈഡ് മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (UMTA) സ്ഥാപിക്കും.
- കേരള ഡിസാസ്റ്റർ റസിലിയൻസ് പ്രോഗ്രാം: ദുരന്ത നിവാരണത്തിനായി അത്യാധുനിക ജിയോസ്പേഷ്യൽ ഇന്റലിജൻസ് ഉൾപ്പെടുത്തി 'കേരള ഡിസാസ്റ്റർ റസിലിയൻസ് സെന്റർ'
- ഗ്ലോബൽ ഫർണിച്ചർ ഹബ്ബ്: കൊച്ചി-ആലുവ-പെരുമ്പാവൂർ ബെൽറ്റിനെ രാജ്യാന്തര ഫർണിച്ചർ നിർമ്മാണ വിതരണ ശൃംഖലയുടെ ഭാഗമാക്കും.
- ഗ്ലോബൽ ഗോൾഡ് ഹബ്ബ്: കൊച്ചി-തൃശ്ശൂർ ബെൽറ്റിനെ മുൻനിർത്തി സ്വർണ്ണ വിനിമയ കേന്ദ്രവും ജ്വല്ലറി മാനുഫാക്ചറിങ് പാർക്കും
- ലൈറ്റ് മെട്രോ പദ്ധതികൾ: തിരുവനന്തപുരം DPR ഘട്ടത്തിൽ, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പ്രാരംഭ പ്രവൃത്തിക്ക് 20 കോടി



- ബ്രാൻഡ് കേരളം & കേരള മാർക്ക്: കേരളീയ ഉൽപ്പന്നങ്ങളുടെ (കയർ, കശുവണ്ടി, സുഗന്ധവ്യഞ്ജനങ്ങൾ) ആധികാരികത ഉറപ്പാക്കാൻ 'കേരള മാർക്ക്' സർട്ടിഫിക്കേഷൻ
- വ്യവസായവും വിവരസാങ്കേതികവിദ്യയും: വിവരസാങ്കേതികവിദ്യയ്ക്ക് മാത്രം 434.40 കോടി. കോഴിക്കോട് സൈബർ പാർക്കിനെ ഇൻഫോപാർക്ക്/ടെക്നോപാർക്ക് നിലവാരത്തിലേക്ക് ഉയർത്തും.
- ഗതാഗത മേഖല: റോഡുകൾക്കും പാലങ്ങൾക്കുമായി 985.77 കോടി. ജലഗതാഗതത്തിനായി ഹൈഡ്രോഫോയിൽ ട്രാൻസ്പോർട്ട് സിസ്റ്റം
- ഊർജ്ജ മേഖല: കെ.എസ്.ഇ.ബി വികസനത്തിന് 1218.71 കോടിയും പുനരുപയോഗ ഊർജ്ജത്തിന് (ഫ്ളോട്ടിങ് സോളാർ, ഗ്രീൻ ഹൈഡ്രജൻ ഹബ്ബ്) 100 കോടിയും
- പട്ടികജാതി / പട്ടികവർഗ ക്ഷേമം: അടിസ്ഥാന വിഹിതത്തിന് പുറമെ പ്രത്യേക പദ്ധതികൾക്കായി എസ് സി ഉപപദ്ധതിക്ക് 527.68 കോടിയും പട്ടികവർഗ ഉപപദ്ധതിക്ക് 152.52 കോടിയും
- സഹകരണ മേഖല: നിക്ഷേപകരുടെ വിശ്വാസം തിരിച്ചുപിടിക്കാൻ നിക്ഷേപ ഗ്യാരന്റി സ്കീമിൽ മാറ്റം വരുത്തും. '100% ഊർജ്ജ സ്വയംപര്യാപ്ത സഹകരണ സംഘങ്ങൾ' സ്ഥാപിക്കും. ■

പ്രൊഫ. സി വീരമണി
ഡയറക്ടർ, സെന്റർ ഫോർ ഡെവലപ്‌മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം

# ദിശാബോധമുള്ള ബജറ്റ്

**ദീർഘകാലാടിസ്ഥാനത്തിൽ കേരളത്തിന് ആവശ്യമായ വരുമാനം കണ്ടെത്താനും, ദൈനംദിന ചെലവുകൾക്കായി കടമെടുക്കുന്ന രീതി കുറയ്ക്കാനുമുള്ള ഒരു വികസന തന്ത്രത്തിന് ബജറ്റ് അടിത്തറയിടുന്നു**

ആധുനിക ഇന്ത്യൻ പൊതുധനകാര്യ രംഗത്ത് ഏറ്റവും പ്രകടമായ വൈരുധ്യങ്ങളിലൊന്നാണ് കേരളം പ്രകടമാക്കുന്നത്. വിവിധ മാനവ വികസന സൂചികകളിൽ മുന്നിൽ നിൽക്കുന്ന ഒരു സംസ്ഥാനം, അതേസമയം തന്നെ രാജ്യത്തെ പ്രധാന സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ ഏറ്റവും വലിയ കടബാധ്യത ചുമക്കുന്ന ഒന്നുകൂടിയാണ്. കടത്തിന്റെ വലിപ്പമല്ല ഇവിടെ പ്രശ്നം, മറിച്ച് ആ കടം എന്തിനാണ് ഉപയോഗിക്കുന്നത് എന്നതാണ്. മറ്റ് സംസ്ഥാനങ്ങളുടെ ശരാശരി കടമെടുപ്പ് ഉൽപാദനക്ഷമമായ ആസ്തികൾ നിർമ്മിക്കാൻ ഉപയോഗിക്കുമ്പോൾ(അത്‌വെറും 7 ശതമാനം മാത്രമാണ് നടപ്പുചെലവുകൾക്കായി മാറ്റിവെക്കുന്നത്), കേരളത്തിന്റെ കടമെടുപ്പിന്റെ പകുതിയിലധികവും (ഏതാണ്ട് 60 ശതമാനത്തോളം) ശമ്പളം, പെൻഷൻ, പലിശ തുടങ്ങിയ നടപ്പുചെലവുകൾക്കാണ് വിനിയോഗിക്കുന്നത്. ഇതിന്റെ ആഘാതം കണക്കുകളിൽ വ്യക്തമാണ്: കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ സംസ്ഥാനത്തിന്റെ പലിശച്ചെലവ് റവന്യൂ വരുമാനത്തിന്റെ 16 ശതമാനത്തിൽ നിന്ന് 21 ശതമാനമായി ഉയർന്നു. കൂടാതെ, സംസ്ഥാനത്തിന്റെ സ്വന്തം നികുതി വരുമാനം സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്ക് അനുസൃതമായി ഉയരുന്നില്ല, ഇത് ആവശ്യങ്ങൾക്കനുസരിച്ചുള്ള സംസ്ഥാനത്തിന്റെ റവന്യൂ അടിത്തറയെ ദുർബലപ്പെടുത്തുന്നു.









**വിഴിഞ്ഞത്തെ ഒരു ഒറ്റപ്പെട്ട പദ്ധതിയായി കാണാതെ, അതിനെ ഉൽപാദന മേഖലകൾ, ഡ്രൈ പോർട്ടുകൾ, ലോജിസ്റ്റിക്സ് സേവനങ്ങൾ എന്നിവയുമായി ബന്ധിപ്പിച്ചാണ് വിഭാവനം ചെയ്തിരിക്കുന്നത്.**

കേരളത്തിന്റെ ഉയർന്ന റവന്യൂ ചെലവുകൾ മാനവ വികസനത്തോടുള്ള പ്രതിബദ്ധതയുടെ ഭാഗമാണെന്നാണ് സാധാരണയായി പറയാറുള്ള പ്രതിരോധം. എന്നാൽ സമീപകാല തെളിവുകൾ ഈ വാദത്തെ ചോദ്യം ചെയ്യുന്നു. സർക്കാർ സ്കൂളുകളിൽ നിന്ന് വിദ്യാർഥികൾ സ്വകാര്യ വിദ്യാലയങ്ങളിലേക്ക് മാറുന്നു; എ.എസ്.ഇ.ആർ സർവേകൾ കുട്ടികളുടെ പഠന നിലവാരത്തിൽ, പ്രത്യേകിച്ച് ഗണിതശാസ്ത്രത്തിൽ വലിയ പോരായ്മകൾ ചൂണ്ടിക്കാണിക്കുന്നു; വിപുലമായ പൊതുജനാരോഗ്യ സംവിധാനങ്ങൾ ഉണ്ടായിരുന്നിട്ടും, രാജ്യത്ത് ജനങ്ങൾ സ്വന്തം കൈയിൽ നിന്ന് ചികിത്സയ്ക്കായി ഏറ്റവും കൂടുതൽ പണം ചെലവഴിക്കുന്ന സംസ്ഥാനമായി കേരളം തുടരുന്നു. അതായത്, നമ്മൾ നടത്തുന്ന ചെലവുകൾ ലക്ഷ്യമിടുന്ന ഫലം നൽകുന്നില്ല. ഇനി കഴിവുകളുള്ള മേഖലകളിൽ പോലും അത് അവസരങ്ങളായി മാറുന്നില്ല: രാജ്യത്തെ ശരാശരി വിദ്യാസമ്പന്നരായ തൊഴിൽരഹിതരുടെ നിരക്ക് 3.2 ശതമാനമായിരിക്കുമ്പോൾ കേരളത്തിൽ ഇത് 10.9 ശതമാനമാണ്. ഉന്നത വിദ്യാഭ്യാസം നേടിയ സ്ത്രീകളുടെ കാര്യത്തിൽ ഇത് 20.7 ശതമാനത്തിലെത്തുന്നു അതായത് ദേശീയ ശരാശരിയേക്കാൾ അഞ്ചിരട്ടി! ലിംഗസമത്വത്തെക്കുറിച്ച് അഭിമാനിക്കുന്ന ഒരു സംസ്ഥാനത്തെ അവസ്ഥയാണിത്. ചോദ്യം കേരളം മാനവ വികസനത്തിനായി ചെലവഴിക്കണമോ വേണ്ടയോ എന്നതല്ല, മറിച്ച് ചെലവഴിക്കുന്ന പണത്തിന് അനുയോജ്യമായ ഫലം ലഭിക്കുന്നുണ്ടോ എന്നതാണ്.

2026-27 ലെ പുതുക്കിയ ബജറ്റിൽ സർക്കാരിന് കാര്യമായി ഒന്നും ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നില്ല, കേന്ദ്ര വിഹിതത്തിലുണ്ടായ 20,500 കോടിയുടെ കുറവ് മൂലം വാർഷിക പദ്ധതി അടങ്കൽ 35,750 കോടിയിൽ നിന്ന് 30,370 കോടിയായി കുറയ്ക്കേണ്ടി വന്നു. ഇതിനുപുറമേ, പുതിയ സർക്കാർ അധികാരമേൽക്കുമ്പോൾ 87,012 കോടിയുടെ കുടിശ്ശികകളും അടച്ചുതീർക്കാനുള്ള ബാധ്യതകളും നിലവിലുണ്ടായിരുന്നു. ഇതിനിടയിലും സ്ത്രീകൾക്ക് സൗജന്യ ബസ് യാത്ര, ആശാ-അങ്കണവാടി ജീവനക്കാരുടെ വേതന വർധനവ് തുടങ്ങിയ പുതിയ ക്ഷേമ പദ്ധതികൾ നടപ്പിലാക്കേണ്ടതായും വന്നു. എന്നാൽ കൂടി ദീർഘകാലാടിസ്ഥാനത്തിൽ കേരളത്തിന് ആവശ്യമായ വരുമാനം കണ്ടെത്താനും, ദൈനംദിന ചെലവുകൾക്കായി കടമെടുക്കുന്ന രീതി കുറയ്ക്കാനുമുള്ള ഒരു വികസന തന്ത്രത്തിന് ബജറ്റ് അടിത്തറയിടുന്നു എന്നതാണ് ഇതിന്റെ യഥാർഥ മൂല്യം.

## ഉൽപ്രേരകമായ പൊതുനിക്ഷേപം

സ്വകാര്യ മൂലധനത്തിന് പകരമാകുന്നതിന് പകരം അതിനെ ആകർഷിക്കുകയും പലമടങ്ങ് വർധിപ്പിക്കുകയും ചെയ്യുന്ന പൊതുനിക്ഷേപങ്ങളിലേക്ക് മാറുക എന്നതാണ് ബജറ്റിന്റെ ഏറ്റവും പ്രധാനപ്പെട്ട തന്ത്രപരമായ സൂചന. ഇതിന്റെ പ്രധാന കേന്ദ്രബിന്ദു 'മിഷൻ സമുദ്ര' ആണ് കേരളത്തിന്റെ 600 കിലോമീറ്റർ നീളമുള്ള തീരപ്രദേശം, രണ്ട് അന്താരാഷ്ട്ര തുറമുഖങ്ങൾ, ഒരു കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനൽ, 17 ചെറിയ തുറമുഖങ്ങൾ എന്നിവയെ സംയോജിപ്പിച്ച് ഒരു സമഗ്ര സമുദ്ര സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.





**ഭൂ പരിഷ്കരണം 2.0 വഴി കാലഹരണപ്പെട്ട ഭൂനിയമങ്ങൾ പരിഷ്കരിക്കാനും, സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും അധിക ഭൂമി ഉൾപ്പെടുത്തി ഒരു ലാൻഡ് ബാങ്ക് രൂപീകരിക്കാനും, വലിയ പ്രൊജക്റ്റുകൾക്കായി ലാൻഡ് പൂളിങ് സംവിധാനം കൊണ്ടുവരാനും നിർദ്ദേശിക്കുന്നു.**

വിഴിഞ്ഞത്തെ ഒരു ഒറ്റപ്പെട്ട പദ്ധതിയായി കാണാതെ, അതിനെ ഉൽപാദന മേഖലകൾ, ഡ്രൈ പോർട്ടുകൾ, ലോജിസ്റ്റിക്സ് സേവനങ്ങൾ എന്നിവയുമായി ബന്ധിപ്പിച്ചാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇത് വളരെ പ്രധാനമാണ്: ഒരു ആഴക്കടൽ തുറമുഖത്തിന്റെ പൂർണ്ണമായ സാമ്പത്തിക നേട്ടം ലഭിക്കണമെങ്കിൽ അതിനെ വ്യവസായം, ലോജിസ്റ്റിക്സ്, ആഗോള വിതരണ ശൃംഖലകൾ എന്നിവയുമായി ബന്ധിപ്പിച്ചുള്ള വ്യക്തമായ കയറ്റുമതി തന്ത്രം ഉണ്ടാകണം.

**ഏവിയേഷൻ ഹബ്ബ്:** ദക്ഷിണ കേരള സാമ്പത്തിക ഇടനാഴി, അപൂർവവും നിർണ്ണായകവുമായ ധാതുക്കളുടെ ഇടനാഴി, പുനരുപയോഗ ഊർജ്ജം, ഗ്രീൻ ഹൈഡ്രജൻ പദ്ധതികൾ എന്നിവയെല്ലാം ഇതേ തത്വത്തിലാണ് പ്രവർത്തിക്കുന്നത് ഓരോ പൊതു നിക്ഷേപവും വലിയ തോതിലുള്ള സ്വകാര്യ സംരംഭങ്ങൾക്ക് വഴിതുറക്കാൻ ലക്ഷ്യമിട്ടുള്ളതാണ്. ബഹിരാകാശ സമ്പദ് വ്യവസ്ഥയ്ക്കുള്ള മുൻകൈ, തിരുവനന്തപുരത്തെ ബഹിരാകാശ ഗവേഷണ സ്ഥാപനങ്ങളുടെ സാന്നിധ്യം പ്രയോജനപ്പെടുത്തി സ്വകാര്യ സാറ്റലൈറ്റ് നിർമ്മാണ മേഖലയെ ആകർഷിക്കാനുള്ള ശ്രമമാണ്.

## ഭൂമി, നിയന്ത്രണങ്ങൾ, സൗകര്യങ്ങൾ

ഉപയോഗിക്കാൻ നിക്ഷേപകരില്ലാത്ത ഇൻഫ്രാസ്ട്രക്ചർ പണം പാഴാക്കിക്കളയുന്നതിന് തുല്യമാണ്. കേരളത്തിൽ സ്വകാര്യ നിക്ഷേപത്തിന് തടസ്സമായി നിന്നത് അവസരങ്ങളുടെ കുറവല്ല, മറിച്ച് അനുകൂലമായ സാഹചര്യങ്ങളുടെ കുറവാണ് ഭൂമി ലഭ്യമാക്കാനുള്ള ബുദ്ധിമുട്ട്, അനുമതികൾ ലഭിക്കാനുള്ള കാലതാമസം, സങ്കീർണ്ണമായ ചട്ടങ്ങൾ എന്നിവ പല പ്രോജക്റ്റുകളും തുടങ്ങുന്നതിന് മുൻപ് തന്നെ നിക്ഷേപകരെ മടുപ്പിച്ചു കളഞ്ഞിരുന്നു. ബജറ്റ് ഇതിന് നേരിട്ട് പരിഹാരം കാണുന്നു.

ഭൂപരിഷ്കരണം 2.0 വഴി കാലഹരണപ്പെട്ട ഭൂനിയമങ്ങൾ പരിഷ്കരിക്കാനും, സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും അധിക ഭൂമി ഉൾപ്പെടുത്തി ഒരു ലാൻഡ് ബാങ്ക് രൂപീകരിക്കാനും, വലിയ പ്രൊജക്റ്റുകൾക്കായി ലാൻഡ് പൂളിങ് സംവിധാനം കൊണ്ടുവരാനും നിർദ്ദേശിക്കുന്നു. ഇത് കേരളത്തിന് സാധാരണയായി നൽകാൻ കഴിയാത്ത നിയമപരമായ വ്യക്തതയുള്ള വലിയ ഭൂപ്രദേശങ്ങൾ നിക്ഷേപകർക്ക് ലഭ്യമാക്കും. മുഖ്യമന്ത്രി അധ്യക്ഷനായ ഇൻവെസ്റ്റ്മെന്റ് അഡ്വൈസറി കൗൺസിലിന്റെ മേൽനോട്ടത്തിലുള്ള 'ഇൻവെസ്റ്റ് കേരളം' ഏകജാലക സംവിധാനം കൃത്യസമയത്ത് അനുമതികളും സഹായങ്ങളും ഉറപ്പുനൽകുന്നു.

സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സോൺ

ഘടന വഴി വലിയ നിക്ഷേപകരെ ആകർഷിക്കാൻ പ്രത്യേക ഇൻഫ്രാസ്ട്രക്ചറും ലളിതമായ ഭരണസംവിധാനവും വാഗ്ദാനം ചെയ്യുന്നു. ഇതിനൊപ്പം 'കേരള എം എസ് എം ഇ ഗ്രോത്ത് സ്കീം' വഴി 10,000 പുതിയ ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സാമ്പത്തിക സഹായവും സാങ്കേതിക മാർഗ്ഗനിർദ്ദേശവും നൽകുന്നു.

## സിൽവർ ഇക്കോണമിയും കെയർ ഇക്കോണമിയും

മറ്റ് പ്രധാന സംസ്ഥാനങ്ങളേക്കാൾ വേഗത്തിൽ കേരളം വാർധക്യത്തിലേക്ക് നീങ്ങുകയാണ് നിലവിൽ അഞ്ചിൽ ഒരു മലയാളി മുതിർന്ന പൗരനാണ്, വരും പതിറ്റാണ്ടുകളിൽ ഈ നിരക്ക് ഇനിയും ഉയരും. സാധാരണയായി ഇതൊരു പ്രശ്നമായാണ് കാണാറുള്ളത്: ആശ്രിതരുടെ എണ്ണക്കൂടുതൽ, ഉയർന്ന പെൻഷൻ ബാധ്യതകൾ, ബജറ്റിലെ അമിത സമ്മർദ്ദം. എന്നാൽ ബജറ്റ് ഇതിനെ ഒരു അവസരമാക്കി മാറ്റാൻ ശ്രമിക്കുന്നു. പുതിയ സർക്കാർ അധികാരമേറ്റയുടൻ രൂപീകരിച്ച മുതിർന്ന പൗരന്മാരുടെ ക്ഷേമ വകുപ്പിന്റെ തുടർച്ചയായി, വയോജന ആരോഗ്യം, റിട്ടയർമെന്റ് ഇൻഫ്രാസ്ട്രക്ചർ എന്നിവ ഉൾക്കൊള്ളുന്ന ഒരു 'സിൽവർ ഇക്കണോമിക് പോളിസി'ക്ക് ബജറ്റ് രൂപം നൽകുന്നു. പ്രായമാകുന്ന ജനവിഭാഗം വെറുമൊരു ബാധ്യതയല്ല, മറിച്ച് വലിയ വാങ്ങൽ ശേഷിയുള്ള അനുഭവസമ്പത്തുള്ള, വ്യത്യസ്ത സേവനങ്ങൾ ആവശ്യപ്പെടുന്ന ഒരു വലിയ വിപണിയാണ് എന്ന ചിന്തയാണിതിന് പിന്നിൽ.



'കെയർ ഇക്കോണമി' ഔദ്യോഗികമാക്കുന്നതും ഇതേപോലെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. നഴ്സിങ് കോളേജുകളും തിരഞ്ഞെടുത്ത ആശുപത്രികളും വഴി നടത്തുന്ന ആറ് മാസത്തെ 'കെയർ ഗിവർ സർട്ടിഫിക്കറ്റ് കോഴ്സ്' കേരളത്തിന്റെ രണ്ട് പ്രധാന പ്രശ്നങ്ങൾക്ക് ഒരേസമയം പരിഹാരം കാണുന്നു: ഒന്ന്, സംസ്ഥാനത്തിനുള്ളിൽ നല്ല ജോലി കണ്ടെത്താൻ കഴിയാത്ത വിദ്യാസമ്പന്നരായ സ്ത്രീകളുടെ തൊഴിലില്ലായ്മ; രണ്ട്, പ്രായമായവർക്കായി കൃത്യമായ പരിചരണ സേവനങ്ങൾ ലഭ്യമാക്കുക. നഴ്സിങ് രംഗത്തുള്ള കേരളത്തിന്റെ പാരമ്പര്യം ഗൾഫ് രാജ്യങ്ങളിലേക്കും ഒ.ഇ.സി.ഡി രാജ്യങ്ങളിലേക്കും ഇത്തരം കെയർ സേവനങ്ങൾ കയറ്റുമതി ചെയ്യാനും സഹായികമാകും.

## ആരോഗ്യം, നോളഡ്ജ് ഇക്കോണമി, ധനസമാഹരണം

ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ ഉറപ്പാക്കുന്നത് വഴി ജനങ്ങളുടെ ഉയർന്ന ചികിത്സാച്ചെലവിന് പരിഹാരമാകുന്നു. കേരള നോളഡ്ജ് വാലി, റിസർച്ച് പാർക്ക്, മലയാളം AI ഇനിഷ്യേറ്റീവ് എന്നിവ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയ്ക്ക് അടിത്തറയിടുന്നു. നല്ല നിക്ഷേപ നയവും നല്ല വിദ്യാഭ്യാസ നയവും പരസ്പരം പൂരകങ്ങളാകണം. ആഗോള തൊഴിൽ പ്രവണതകൾ നിരീക്ഷിക്കാനും കേരളത്തിലെ പാഠ്യപദ്ധതി അതിനനുസരിച്ച് മാറ്റാനുമായി രൂപീകരിച്ച 'ഗ്ലോബൽ ജോബ് വാച്ച് ടവർ' ഈ വിടവ് നികത്താൻ ഉദ്ദേശിച്ചുള്ളതാണ്.

'പ്രവാസി ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് ഫണ്ട്' പ്രവാസികളെ വെറും പണമയക്കുന്നവരായി കാണാതെ വികസനത്തിലെ സാമ്പത്തിക പങ്കാളികളാക്കി മാറ്റുന്ന ഒന്നാണ്.



**ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ ഉറപ്പാക്കുന്നത് വഴി ജനങ്ങളുടെ ഉയർന്ന ചികിത്സാച്ചെലവിന് പരിഹാരമാകുന്നു.**

തുറമുഖങ്ങളും വ്യവസായ ഇടനാഴികളും വിജ്ഞാന നഗരങ്ങളും പെട്ടെന്ന് വരുമാനം നൽകില്ല. എന്നാൽ കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി അടിയന്തിരമാണ്. ചുരുങ്ങിയ കാലയളവിലേക്ക് പണം എവിടെ നിന്ന് വരും. കേന്ദ്രാവിഷ്കൃത പദ്ധതികൾ പൂർണ്ണമായി ഉപയോഗിക്കുക വഴി വിദ്യാഭ്യാസം, ആരോഗ്യം, നഗരവികസനം എന്നിവയിൽ വലിയ തോതിൽ കേന്ദ്ര ഫണ്ട് കണ്ടെത്താനാകും. കൂടാതെ കേന്ദ്രത്തിന്റെ എസ് എ എസ് സി പദ്ധതി പ്രകാരമുള്ള 50 വർഷത്തെ പലിശരഹിത വായ്പകൾ മൂലധന ചെലവുകൾക്കായി കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കാം. ഇതുകൂടാതെ, ഭൂമിയുടെ മൂല്യവർധനവിൽ നിന്നുള്ള വരുമാനം കണ്ടെത്തൽ , പൊതു ആസ്തികളുടെ മോണിറ്റൈസേഷൻ, പൊതു -സ്വകാര്യ പങ്കാളിത്തം , പ്രവാസികൾക്കായി ഡെവലപ്മെന്റ് ബോണ്ടുകൾ ഇറക്കൽ എന്നിവയിലൂടെയും വിഭവസമാഹരണം നടത്താം.

കേരളത്തിന്റെ 2026-27 ലെ പുതുക്കിയ ബജറ്റ് യഥാർഥ പ്രശ്നങ്ങൾ കൃത്യമായി തിരിച്ചറിഞ്ഞിട്ടുണ്ട് എന്നു തന്നെ പറയാം. പഴയപടി മുന്നോട്ട് പോകുന്നത് ഇനി സാധ്യമല്ല. സ്വകാര്യ മൂലധനത്തെ ആകർഷിക്കുന്ന ഇൻഫ്രാസ്ട്രക്ചറിൽ നിക്ഷേപിക്കുക, തടസ്സങ്ങൾ നീക്കുക, പ്രവാസികളെ പങ്കാളികളാക്കുക, വാർധക്യത്തെയും തൊഴിലില്ലായ്മയെയും സാമ്പത്തിക അവസരങ്ങളാക്കി മാറ്റുക എന്നിവയിലൂടെ ബജറ്റ് തന്ത്രപരമായ, ശരിയായ ദിശയിലാണ് വിരൽ ചൂണ്ടുന്നത്. ■

**രുദ്ര സെൻശർമ**
പ്രൊഫസർ ഓഫ് ഇക്കണോമിക്സ്, ഐ.ഐ.എം. കോഴിക്കോട്

**പ്രതിഭകളെ പുറത്തേക്ക് അയയ്ക്കുന്ന സംസ്ഥാനമെന്നതിൽ നിന്ന് ലോകമെമ്പാടുമുള്ള വിദ്യാർഥികളെയും തൊഴിലന്വേഷകരെയും ആകർഷിക്കുന്ന കേന്ദ്രമായി കേരളത്തെ മാറ്റിയെടുക്കുക എന്ന മികച്ച  ആശയമാണ്  ഈ ബജറ്റ് മുന്നോട്ടു വയ്ക്കുന്നത്**



# അവസര മികവിന്റെ കേന്ദ്രമാകാൻ കേരളം

പതിറ്റാണ്ടുകളായി കേരളത്തിന്റെ വികസന മാതൃക ഒരു സവിശേഷ സാമ്പത്തിക ക്രമീകരണത്തെയാണ് ആശ്രയിച്ചു പോരുന്നത്. വിദ്യാഭ്യാസത്തിലും മനുഷ്യവിഭവ വികസനത്തിലും സംസ്ഥാനം വലിയ നിക്ഷേപം നടത്തുകയും അതിന്റെ സാമ്പത്തിക പ്രതിഫലം പ്രധാനമായും സംസ്ഥാനത്തിന് പുറത്ത് സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നതരത്തിലുള്ള ഒന്നായിരുന്നു അത്. . അത്തരത്തിൽ സൃഷ്ടിക്കപ്പെടുന്ന വരുമാനത്തിന്റെ പ്രധാന ഭാഗം പ്രവാസി പണമിടപാടുകളായി കേരളത്തിലേക്ക് ഒഴുകിയെത്തുകയും, പിന്നീട് സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ ഏകദേശം നാലിലൊന്നായി വളരുകയും ചെയ്തു. ഉപഭോഗം, ഭവനനിർമാണം, വിദ്യാഭ്യാസം, സാമൂഹിക മുന്നേറ്റം എന്നിവയ്ക്ക് ഈ വരുമാനം നൽകിയ കരുത്ത് ഇന്ത്യയിലെ ഭൂരിഭാഗം സംസ്ഥാനങ്ങളിലും കാണാത്ത ഒന്നായിരുന്നു.

ഈ വികസനരീതി കേരളത്തിന് ശ്രദ്ധേയമായ നേട്ടങ്ങൾ നൽകിയെങ്കിലും വർധിച്ചുവരുന്ന ആഗോള രാഷ്ട്രീയ അനിശ്ചിതത്വങ്ങളും ജനസംഖ്യയിൽ വയോജനങ്ങളുടെ എണ്ണം കൂടുന്നതും പുതിയ വികസന മാതൃകയുടെ അനിവാര്യമായ ആവശ്യകത മുന്നോട്ടു വയ്ക്കുന്നുണ്ട്. ഈ സാഹചര്യത്തിലാണ് കേരളത്തിന്റെ ഏറ്റവും പുതിയ ബജറ്റ് ചില ആശയങ്ങൾകൊണ്ട് ശ്രദ്ധേയമാവുന്നത്.

പ്രതിഭകളെ പുറത്തേക്ക് അയക്കുന്ന സംസ്ഥാനമെന്ന നിലയിൽ നിന്ന് നിക്ഷേപത്തിന്റെയും നവീകരണത്തിന്റെയും നൈപുണ്യാധിഷ്ഠിത തൊഴിലവസരങ്ങളുടെയും കേന്ദ്രമായി കേരളത്തെ മാറ്റിയെടുക്കുക എന്ന മികച്ച ഒരാശയം ഈ ബജറ്റ് മുന്നോട്ട് വയ്ക്കുന്നുണ്ട്.

അവശ്യമായ അവസരങ്ങൾ സൃഷ്ടിച്ച് യുവാക്കളെ ആകർഷിക്കുന്നതിനൊപ്പം അതിവേഗം വർധിക്കുന്ന മുതിർന്ന പൗരന്മാർക്ക് അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിച്ച് പിന്തുണയ്ക്കേണ്ടതുമായ സാഹചര്യമാണിപ്പോൾ കേരളത്തിനുള്ളത്. ഈ വെല്ലുവിളികൾക്കുള്ള ശക്തമായ ബദലാണ് ബജറ്റ് മുന്നോട്ട്  വച്ചിട്ടുള്ളത്.

വിദ്യാഭ്യാസ രംഗത്തെ ഒരു സാമൂഹിക മേഖലയായി മാത്രം കാണാതെ, സാമ്പത്തിക വളർച്ചയുടെയും തൊഴിലവസര സൃഷ്ടിയുടെയും പ്രധാന ചാലകശക്തിയായി ഉയർത്താൻ ബജറ്റ് ലക്ഷ്യമിടുന്നു. ഈ ബദലിന്റെ കേന്ദ്രബിന്ദുവാണ് നിർദിഷ്ട കേരള നോളജ് വാലി പദ്ധതി. ലോകോത്തര വിദേശ-ഇന്ത്യൻ സർവകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, മികവിന്റെ കേന്ദ്രങ്ങൾ എന്നിവയെ ഒരൊറ്റ വിജ്ഞാന ആവാസവ്യവസ്ഥയിൽ കൊണ്ടുവരുന്ന ആഗോള ഉന്നതവിദ്യാഭ്യാസ ഹബ്ബായാണ്



കേരള നോളജ് വാലി വിഭാവനം ചെയ്യുന്നത്. ഇതോടൊപ്പം നിർദേശിച്ചിരിക്കുന്ന, ഐഐടി മദ്രാസ് റിസർച്ച് പാർക്കിന്റെ മാതൃകയിലുള്ള റിസർച്ച് പാർക്ക്, അക്കാദമിക് സ്ഥാപനങ്ങളും വ്യവസായവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുകയും ഗവേഷണഫലങ്ങളുടെ വാണിജ്യവൽക്കരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

ഇതിനോടൊപ്പം ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള വയനാട് ട്രൈബൽ സർവകലാശാലയും തദ്ദേശീയ വിജ്ഞാനമേഖലയും ഉന്നത വിദ്യാഭ്യാസ വികസനം പ്രാദേശിക വിജ്ഞാനപാരമ്പര്യത്തെയും സാംസ്കാരിക വൈവിധ്യത്തെയും അവഗണിച്ചുകൊണ്ടാകരുതെന്ന തിരിച്ചറിവാണ് പ്രകടമാക്കുന്നത്. സർവകലാശാലകൾ തമ്മിലുള്ള ക്രെഡിറ്റ് കൈമാറ്റം, സർവകലാശാല ഭരണപരിഷ്കാരങ്ങൾ തുടങ്ങിയ നടപടികൾ രാജ്യത്തെയും ലോകത്തെയും മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളെ കേരളത്തിലേക്ക് ആകർഷിക്കുക ലക്ഷ്യമിടുന്നു.

ഇന്ന് കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന വിദേശ ഉന്നത വിദ്യാഭ്യാസം പ്രതിഭാ ചോർച്ചയുടെ (Brain Drain) തുടക്കമായി മാറുകയാണ്. എന്നാൽ മേൽപറഞ്ഞ രീതിയിൽ ഇവിടെ ശക്തമായ വിജ്ഞാന ആവാസവ്യവസ്ഥ രൂപപ്പെടുകയാണെങ്കിൽ വിദ്യാർഥികളെ പുറത്തേക്ക് അയക്കുന്ന സംസ്ഥാനം എന്നതിൽ നിന്ന് ലോകമെമ്പാടുമുള്ള വിദ്യാർഥികളെ ആകർഷിക്കുന്ന വിദ്യാഭ്യാസ കേന്ദ്രമായി മാറാൻ കേരളത്തിന് കഴിയും.

എന്നാൽ മികച്ച വിദ്യാഭ്യാസം നൽകുന്നതിലൂടെ മാത്രം കുടിയേറ്റം തടയുക സാധ്യമല്ല. മികച്ച സാമ്പത്തിക അവസരങ്ങളുള്ളിടത്താണ് യുവാക്കൾ തുടരുന്നത്. ഈ യാഥാർഥ്യം തിരിച്ചറിഞ്ഞുകൊണ്ട്, ഉയർന്ന നിലവാരമുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള നിരവധി പദ്ധതികളും വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്കൊപ്പം ബജറ്റ് അവതരിപ്പിക്കുന്നു.

**ഫ്ളൈറ്റ് സിമുലേറ്റർ, വിമാന അറ്റകുറ്റപ്പണി സേവനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഏവിയേഷൻ ഹബ്ബ് വരും ദശകങ്ങളിൽ വേഗത്തിൽ വളരുന്ന ഈ മേഖലയിൽ തൊഴിൽസൃഷ്ടിക്ക് വഴിയൊരുക്കും**

ഗ്ലോബൽ ജോബ് വാച്ച് ടവർ ഭാവിയിലെ തൊഴിൽവിപണിയുടെ നൈപുണ്യ ആവശ്യകതകൾ മുൻകൂട്ടി വിലയിരുത്തുകയും അതനുസരിച്ച് പാഠ്യപദ്ധതികൾ രൂപപ്പെടുത്തുകയും ചെയ്യും. പൈലറ്റ് പരിശീലനം, ഫ്ളൈറ്റ് സിമുലേറ്റർ, വിമാന അറ്റകുറ്റപ്പണി സേവനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഏവിയേഷൻ ഹബ് വരും ദശകങ്ങളിൽ വേഗത്തിൽ വളരുന്ന ഈ മേഖലയിൽ തൊഴിൽസൃഷ്ടിക്ക് വഴിയൊരുക്കും.

ബഹിരാകാശ സാങ്കേതികവിദ്യ, ലൈഫ് സയൻസസ്, ഗവേഷണ ആവാസവ്യവസ്ഥ എന്നിവയിലേക്കുള്ള നിക്ഷേപങ്ങളും ഇതേ ദിശയിലാണ്. ഇത് തൊഴിലവസര സൃഷ്ടികളിൽ മാത്രം ഒതുങ്ങുന്നില്ല സംരംഭകത്വത്തെയും ബജറ്റ് പ്രോത്സാഹിപ്പിക്കുന്നു. എം.എസ്.എം.ഇ. ഗ്രോത്ത് സ്കീം, സ്റ്റാർട്ടപ്പ് പിന്തുണാ പദ്ധതികൾ, ഇൻകുബേഷൻ കേന്ദ്രങ്ങൾ എന്നിവ യുവ സംരംഭകർക്ക് പുതിയ അവസരങ്ങൾ തുറന്നുകൊടുക്കും.

ഇതോടൊപ്പം, പ്രവാസി മലയാളികളെ വെറും റെമിറ്റൻസ് അയക്കുന്നവരായി കാണാതെ നിക്ഷേപകരായും സംരംഭകരായും വിജ്ഞാന പങ്കാളികളായും മാറ്റാനുള്ള പ്രവാസി പാർട്ണർഷിപ്പ് പദ്ധതിയും ബജറ്റ് മുന്നോട്ട് വയ്ക്കുന്നത് ശ്രദ്ധേയമാണ്. ചൈന, ദക്ഷിണ കൊറിയ, സിംഗപ്പൂർ തുടങ്ങിയ കിഴക്കൻ ഏഷ്യൻ രാജ്യങ്ങളെപ്പോലെ പ്രവാസി സമൂഹത്തെ പണമയയ്ക്കുന്നതിനപ്പുറം നിക്ഷേപം, സാങ്കേതികവിദ്യ കൈമാറ്റം, ആഗോള ബിസിനസ് ശൃംഖലകൾ എന്നിവയിലൂടെ വികസനത്തിൽ പങ്കാളികളാകുക എന്നതാണ് ലക്ഷ്യം.

മിഷൻ സമുദ്രയാണ് ഈ പുതിയ വികസന മാതൃകയുടെ അവസാന ഘടകം. വിഴിഞ്ഞവും കൊച്ചിയും കേന്ദ്രീകരിച്ചുള്ള തുറമുഖങ്ങൾ, ലോജിസ്റ്റിക്സ്, കപ്പൽനിർമ്മാണം, സമുദ്ര വ്യവസായങ്ങൾ എന്നിവ സ്വകാര്യ നിക്ഷേപം ആകർഷിക്കാനും ഉയർന്ന ഉൽപാദനക്ഷമതയുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സഹായിക്കും. അതിലൂടെ വൈദഗ്ധ്യമുള്ള തൊഴിലാളികളെ കേരളത്തിൽ നിലനിർത്താനും കഴിയും. തീർച്ചയായും ഇതൊന്നും എളുപ്പമാവില്ല. പ്രതിഭകൾക്കും സ്വകാര്യ നിക്ഷേപത്തിനും വേണ്ടിയുള്ള ആഗോള മത്സരം കടുത്തതാണ്.

സർവകലാശാലകൾക്ക് ഉയർന്ന നിലവാരമുള്ള അക്കാദമിക് നേതൃത്വം ആവശ്യമാണ്. ഗവേഷണ പാർക്കുകളും വ്യവസായ ആവാസവ്യവസ്ഥകളും ദീർഘകാല നയ പ്രതിബദ്ധത ആവശ്യപ്പെടും. എന്നിരുന്നാലും കേരളം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട സാമ്പത്തിക വെല്ലുവിളി കൃത്യമായി തിരിച്ചറിഞ്ഞുവെന്നതിലാണ് ഈ ബജറ്റിന്റെ ഏറ്റവും വലിയ നേട്ടം.

യുവജനങ്ങൾക്ക് സ്വന്തം നാട്ടിൽ മികച്ച അവസരങ്ങൾ സൃഷ്ടിക്കാൻ കേരളത്തിന് കഴിഞ്ഞാൽ, അത് പ്രതിഭാ ചോർച്ച കുറയ്ക്കുക മാത്രമല്ല ഇരുപത്തിയൊന്നാം നൂറ്റാണ്ടിനായുള്ള പുതിയ കേരള വികസന മാതൃകയുടെ ശക്തമായ അടിത്തറപാകലും കൂടിയാകുമെന്നതിൽ സംശയമില്ല. ■

**ഡോ. സുനിൽ മാണി**
വിസിറ്റിങ് പ്രൊഫസർ, സെന്റർ ഫോർ ഡെവലപ്‌മെന്റ് സ്റ്റഡീസ് &
അഹമ്മദാബാദ് സർവകലാശാല

'പുതുയുഗ കേരളം' എന്ന ആശയത്തെ സാങ്കേതികവിദ്യാധിഷ്ഠിത വികസന മാതൃകയിലേക്ക് നയിക്കുന്നതിൽ പുതുക്കിയ ബജറ്റ് പ്രഖ്യാപനങ്ങൾ പ്രാപ്തമാണ് . ബഹിരാകാശ സേവനങ്ങൾ, വ്യോമയാന ലോജിസ്റ്റിക്സ്, ഉയർന്ന സാങ്കേതിക നവീകരണം എന്നിവയുടെ വളർന്നുവരുന്ന കേന്ദ്രമായി കേരളത്തെ മാറ്റാൻ ശേഷിയുള്ളവയാണ് അവ

# ബഹിരാകാശ സമ്പദ്‌വ്യവസ്ഥയും വ്യോമയാന ഹബ്ബും



കേരള സർക്കാരിന്റെ പുതിയ ബജറ്റ് വൈജ്ഞാനിക മേഖലകളിലേക്കുള്ള നയപരമായ മാറ്റത്തിന്റെ തെളിവാണ്. തുറമുഖ-സമുദ്ര വികസനത്തിനായി 400 കോടി വകയിരുത്തിയ 'മിഷൻ സമുദ്ര' പോലുള്ള ശ്രദ്ധേയ പദ്ധതിക്കൊപ്പം, ബഹിരാകാശ സമ്പദ് വ്യവസ്ഥയിലും വ്യോമയാന ലോജിസ്റ്റിക്സിലും കേരളത്തെ പ്രധാന പങ്കാളിയാക്കി മാറ്റാനാണ് ബജറ്റ് ലക്ഷ്യമിടുന്നത്. ഏവിയേഷൻ ലോജിസ്റ്റിക്സ് ഹബ്ബിനായി 200 കോടി രൂപയും ബഹിരാകാശ സ്റ്റാർട്ടപ്പുകൾക്കും കേരള സ്പേസ് പാർക്കിനുമായി അഞ്ച് കോടി രൂപയും പ്രവർത്തന സഹായം പ്രഖ്യാപിച്ചിട്ടുണ്ട്. കൃഷി, ടൂറിസം, പ്രവാസി വരുമാനം തുടങ്ങിയ പരമ്പരാഗത മേഖലകൾക്കപ്പുറം ഉയർന്ന സാങ്കേതിക വ്യവസായങ്ങളിലാണ് ഭാവി വളർച്ചയുടെ അടിത്തറയെന്ന് സർക്കാർ അംഗീകരിച്ചതിന് തെളിവാണിത്.

ഈ പ്രഖ്യാപനങ്ങൾ സമയോചിതമാണ്. സ്വകാര്യ കമ്പനികൾ ഉപഗ്രഹനിർമ്മാണം, വിക്ഷേപണ സേവനങ്ങൾ, ഭൂനിരീക്ഷണം, അനുബന്ധസേവനങ്ങൾ തുടങ്ങിയ മേഖലകളിലേക്ക് പ്രവേശിച്ചതോടെ ഇന്ത്യയുടെ ബഹിരാകാശ മേഖല വേഗത്തിൽ മാറ്റത്തിന് വിധേയമായി.

ഇൻ സ്പേസും വിവിധ നയ പരിഷ്കരണങ്ങളും വഴി ആഗോള ബഹിരാകാശ സമ്പദ്‌വ്യവസ്ഥയിൽ ഇന്ത്യയുടെ വിഹിതം ഗണ്യമായി വർധിപ്പിക്കുകയാണ് കേന്ദ്ര സർക്കാർ. തിരുവനന്തപുരം ആസ്ഥാനമായുള്ള വിക്രം സാരാഭായ് സ്പേസ് സെന്റർ വലിയമലയിലെ ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റം സ്സെന്റർ , ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജി എന്നിവയുൾപ്പെടുന്ന ഐഎസ്ആർഒയുടെ ശക്തമായ സാന്നിധ്യമാണ് കേരളത്തിന്റെ പ്രധാന നേട്ടം. സംയോജിത പ്രതിരോധ വ്യവസായ പാർക്ക്, പ്രൊപ്പൽഷൻ സംവിധാനങ്ങൾ, നിയന്ത്രണ സാങ്കേതികവിദ്യാ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്ന എയ്റോസ്പേസ് പ്രതിരോധ ക്ലസ്റ്ററുകൾ വികസിപ്പിക്കാനുള്ള കേരള സ്പേസ് പാർക്കിന്റെ പദ്ധതികൾ ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും നിർമ്മാണമേഖലയെ ശക്തിപ്പെടുത്താനും സഹായിക്കും.

വ്യോമയാന മേഖലയിലെ സാധ്യതകളും ഏറെ പ്രതീക്ഷ നൽകുന്നതാണ്. ഇന്ത്യയിലെ മറ്റേത് സംസ്ഥാനത്തുള്ളതിനേക്കാൾ അന്താരാഷ്ട്ര വിമാനത്താവളങ്ങൾ കേരളത്തിനുണ്ട് - നാലെണ്ണം. വലിയ പ്രവാസി സമൂഹം, ശക്തമായ ടൂറിസം മേഖല, ഗൾഫ് വിപണികളോടുള്ള ഭൂമിശാസ്ത്രപരമായ അടുപ്പം എന്നിവയും കേരളത്തിന് അനുകൂല ഘടകങ്ങളാണ്. വിമാനങ്ങളുടെ അറ്റകുറ്റപ്പണി, പരിപാലനം, ഓവർഹോൾ സൗകര്യങ്ങൾ, പൈലറ്റ് പരിശീലന-സിമുലേഷൻ കേന്ദ്രങ്ങൾ, ഡി ജി സി എ മാനദണ്ഡങ്ങൾ പാലിക്കുന്ന വ്യോമയാന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിമാനത്താവള കേന്ദ്രീകൃത സാമ്പത്തിക മേഖലകൾ , ലോജിസ്റ്റിക്സ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കാനാണ് ബജറ്റ് ലക്ഷ്യമിടുന്നത്. അടുത്ത ദശകത്തിൽ ഇന്ത്യയിലെ വ്യോമയാന മേഖലയിലുണ്ടാകുന്ന വൻ വളർച്ചയുമായി ഈ ലക്ഷ്യങ്ങൾ ചേർന്നു നിൽക്കുന്നുണ്ട്.

## സാധ്യതകൾ / പ്രതിസന്ധികൾ

വ്യോമയാന മേഖലയ്ക്കായി അനുവദിച്ച 200 കോടി രൂപ ആദ്യഘട്ടത്തിൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനും പ്രാരംഭ പദ്ധതികൾ നടപ്പിലാക്കുന്നതിനും സഹായകമാണ്. എന്നാൽ എം ആർ ഒ കേന്ദ്രങ്ങൾ, പരിശീലന ഹബ്ബുകൾ, വ്യവസായ പാർക്കുകൾ എന്നിവ വലിയ മൂലധനം ആവശ്യമായ പദ്ധതികളാണ്. ആയിരക്കണക്കിന് കോടി രൂപയുടെ നിക്ഷേപം ആവശ്യമായി വരും.

ബഹിരാകാശ മേഖലയിൽ സ്റ്റാർട്ടപ്പുകൾക്കും കേരള സ്പേസ് പാർക്കിനുമായി അനുവദിച്ച 5 കോടി രൂപ ഈ രംഗത്തുള്ള സർക്കാരിന്റെ താൽപര്യം വ്യക്തമാക്കുന്നുണ്ട്. പരീക്ഷണശാലകൾ, ക്ലീൻ റൂമുകൾ, നിർമ്മാണ യൂണിറ്റുകൾ, ഇൻകുബേഷൻ സൗകര്യങ്ങൾ, റിസ്ക് ക്യാപിറ്റൽ എന്നിവയ്ക്കുള്ള ആവശ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ തുക പരിമിതമാണെങ്കിലും ഇത് ഒന്നാംഘട്ടമായി പരിഗണിക്കാവുന്നതാണ്.

**പല സംസ്ഥാനങ്ങളും അടിസ്ഥാന സൗകര്യങ്ങൾ ആദ്യം മുതൽ സൃഷ്ടിക്കേണ്ട സാഹചര്യത്തിലാണെങ്കിലും, കേരളത്തിന് ലോകോത്തര ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളും നൈപുണ്യമുള്ള എഞ്ചിനീയറിങ് മനുഷ്യവിഭവശേഷിയും ശക്തമായ ഉന്നത വിദ്യാഭ്യാസ സംവിധാനവും വികസിത വിമാനത്താവള അടിസ്ഥാന സൗകര്യവും നിലവിലുണ്ട്**



ഈ പദ്ധതികളുടെ വിജയസാധ്യത വളരെ വലുതാണ്. പല സംസ്ഥാനങ്ങളും അടിസ്ഥാന സൗകര്യങ്ങൾ ആദ്യം മുതൽ സൃഷ്ടിക്കേണ്ട സാഹചര്യത്തിലാണെങ്കിലും, കേരളത്തിൽ ലോകോത്തര ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളും നൈപുണ്യമുള്ള എഞ്ചിനീയറിങ് മനുഷ്യവിഭവശേഷിയും ശക്തമായ ഉന്നത വിദ്യാഭ്യാസ സംവിധാനവും വികസിത വിമാനത്താവള അടിസ്ഥാന സൗകര്യവും നിലവിലുണ്ട്. ഭൂമി വിനിയോഗം, നിക്ഷേപ



സൗഹൃദ അന്തരീക്ഷം, സിംഗിൾ-വിൻഡോ ക്ലിയറൻസ് സംവിധാനം എന്നിവ പോലുള്ള ബജറ്റിലെ മറ്റ് പ്രഖ്യാപനങ്ങൾ വ്യവസായ വികസനത്തെ തടസ്സപ്പെടുത്തുന്ന പ്രധാന പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായകമാകും.

എന്നിരുന്നാലും, ബഹിരാകാശ ഹബ്ബ് വികസിപ്പിക്കാനുള്ള കേരളത്തിന്റെ മുൻകാല ശ്രമങ്ങളുടെ അനുഭവം പ്രതീക്ഷയ്ക്കൊപ്പം ജാഗ്രതയും ആവശ്യപ്പെടുന്നു. കേരള സ്പേസ് പാർക്കിന്റെ രൂപീകരണം, ടെക്നോസിറ്റിയിലെ സ്പേസ് പാർക്ക് പദ്ധതിയുടെ ആരംഭം, എയ്റോസ്പേസ് പ്രതിരോധ നിർമ്മാണ ക്ലസ്റ്ററുകൾക്കായി ഭൂമി കണ്ടെത്തൽ എന്നിവ വെറും പ്രഖ്യാപനത്തിനപ്പുറത്തേക്ക് നീങ്ങുകയും ബഹിരാകാശ സമ്പദ്‌വ്യവസ്ഥയ്ക്കാവശ്യമായ അടിസ്ഥാന ഭൗതികസൗകര്യങ്ങൾ സൃഷ്ടിക്കാൻ സഹായകമാവുകയും ചെയ്തു. ഇന്ത്യയുടെ ബഹിരാകാശ പദ്ധതിയുമായുള്ള കേരളത്തിന്റെ ദീർഘകാലബന്ധത്തെ പ്രയോജനപ്പെടുത്തുന്നതിനുള്ള ആദ്യ ചുവടുകളാണ് ഇവ. ഐഎസ്ആർഒ കേന്ദ്രങ്ങൾ, ഐ ഐ എസ് ടി, ഉയർന്ന നൈപുണ്യമുള്ള മനുഷ്യവിഭവശേഷി എന്നീ അനുകൂല ഘടകങ്ങൾ കേരളത്തിനുണ്ടെങ്കിലും തുടർച്ചയായ നിർമ്മാണ പുരോഗതി, സമയബന്ധിതമായ അടിസ്ഥാന സൗകര്യവികസനം, ഫലപ്രദമായ നയപിന്തുണ, വലിയ തോതിലുള്ള സ്വകാര്യ നിക്ഷേപം ആകർഷിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവ് എന്നിവയെ ആശ്രയിച്ചായിരിക്കും പുതിയ ബജറ്റ് നിർദ്ദേശങ്ങളുടെ ഫലപ്രാപ്തി.

അതേസമയം, ബഹിരാകാശ മേഖലയിലേക്കുള്ള നിക്ഷേപങ്ങൾ ആകർഷിക്കുന്നതിൽ കർണാടക, തമിഴ്നാട്, ആന്ധ്രപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സരം കേരളം നേരിടുന്നുണ്ട്. ബംഗളൂരു കേന്ദ്രീകരിച്ചുള്ള സ്റ്റാർട്ടപ്പുകൾ, വിതരണക്കാർ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ ശക്തമായ ശൃംഖലയോടെ കർണാടക ഇന്ത്യയിലെ മുൻനിര ബഹിരാകാശ നവീകരണ കേന്ദ്രമായി മാറിയിട്ടുണ്ട്. തമിഴ്നാട് എയ്റോസ്പേസ് നിർമ്മാണത്തിലും വ്യവസായ ഇടനാഴികളിലും ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ, ആന്ധ്രപ്രദേശ് ശ്രീഹരിക്കോട്ടയോടുള്ള സമീപ്യം പ്രയോജനപ്പെടുത്തി എയ്റോസ്പേസ് അടിസ്ഥാന സൗകര്യങ്ങളിൽ നിക്ഷേപം നടത്തിയിട്ടുണ്ട്.

**പ്രൊപ്പൽഷൻ സാങ്കേതികവിദ്യകൾ, വിക്ഷേപണ വാഹന എഞ്ചിനീയറിങ്, പ്രത്യേക നൈപുണ്യമുള്ള മനുഷ്യവിഭവശേഷി എന്നിവയിൽ സംസ്ഥാനത്തിന് തനതായ നേട്ടങ്ങളുണ്ട്**

അതിനാൽ, വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ മാത്രം കേരളത്തിന് മത്സരിക്കാനാവില്ല. എന്നിരുന്നാലും, പ്രൊപ്പൽഷൻ സാങ്കേതികവിദ്യകൾ, വിക്ഷേപണ വാഹന എഞ്ചിനീയറിങ്, പ്രത്യേക നൈപുണ്യമുള്ള മനുഷ്യവിഭവശേഷി എന്നിവയിൽ സംസ്ഥാനത്തിന് തനതായ നേട്ടങ്ങളുണ്ട്. വി എസ് എസ് സി , എൽ പി എസ് സി , ഐ ഐ എസ് ടി എന്നിവയുടെ സാന്നിധ്യം ഫലപ്രദമായി പ്രയോജനപ്പെടുത്തുകയും, കേരള സ്പേസ് പാർക്ക് പദ്ധതിയുടെ വികസനം വേഗത്തിലാക്കുകയും, പൊതുപരീക്ഷണ -സർട്ടിഫിക്കേഷൻ സൗകര്യങ്ങൾ സൃഷ്ടിക്കുകയും, പ്രൊപ്പൽഷൻ സംവിധാനങ്ങൾ, നിയന്ത്രണ സാങ്കേതികവിദ്യകൾ, ഉപഗ്രഹ നിർമ്മാണം എന്നിവയിലെ പ്രമുഖ കമ്പനികളെ ആകർഷിക്കുകയും ചെയ്താൽ, ഇന്ത്യയുടെ വിശാലമായ ബഹിരാകാശ പരിസ്ഥിതിക്കുള്ളിൽ കേരളത്തിന് ഒരു പ്രത്യേക സ്ഥാനം നേടാനാകും.

ബെംഗളൂരുവിന്റെ സ്റ്റാർട്ടപ്പ് മാതൃകയെയോ തമിഴ്നാടിന്റെ നിർമ്മാണ വലിപ്പത്തെയോ അനുകരിക്കുന്നതിനുപകരം, പ്രൊപ്പൽഷൻ സംവിധാനങ്ങൾ, ഉയർന്ന നിലവാരത്തിലുള്ള എയ്റോസ്പേസ് എഞ്ചിനീയറിങ്, പ്രത്യേക ബഹിരാകാശ നിർമ്മാണം എന്നിവയിലെ ദേശീയ കേന്ദ്രമായി മാറുന്നതായിരിക്കും കേരളത്തിന് നേട്ടമാവുക.



## സ്വീകരിക്കേണ്ട നടപടികൾ

ഈ സംരംഭങ്ങളെ പ്രാരംഭഘട്ടത്തിൽ നിന്ന് നിർവഹണഘട്ടത്തിലേക്ക് ഉയർത്തുന്നതിന് കേരളം ചില അധിക നടപടികൾ പരിഗണിക്കേണ്ടതുണ്ട്.

- മൂലധന സബ്സിഡികൾ, നികുതി ഇളവുകൾ, കുറഞ്ഞ നിരക്കിൽ ഭൂമി ലഭ്യമാക്കൽ എന്നിവ ഉൾക്കൊള്ളുന്ന സമഗ്ര എയ്റോസ്പേസ്, പ്രതിരോധ, ബഹിരാകാശ വ്യവസായ നയം രൂപീകരിക്കുക.
- എയ്റോസ്പേസ്, സ്പേസ്-ടെക്, ഡ്രോണുകൾ, വ്യോമയാന സേവനങ്ങൾ എന്നിവ ലക്ഷ്യമിട്ടുള്ള സംസ്ഥാന പിന്തുണയോടെയുള്ള വെഞ്ചർ ക്യാപിറ്റൽ ഫണ്ട് സ്ഥാപിക്കുക.
- ഐ ഐ എസ് ടി , ഐ എസ് ആർ ഒ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് ഏവിയോണിക്സ്, പ്രൊപ്പൽഷൻ, ഉപഗ്രഹ സംവിധാനങ്ങൾ, എയ്റോസ്പേസ് മെറ്റീരിയലുകൾ, കൃത്രിമബുദ്ധി അധിഷ്ഠിത വ്യോമയാന സേവനങ്ങൾ എന്നിവയിൽ നൈപുണ്യ വികസന പരിപാടികൾ വ്യാപിപ്പിക്കുക.
- ചെറുകിട-ഇടത്തരം സ്ഥാപനങ്ങൾക്ക് പ്രവേശനച്ചെലവ് കുറയ്ക്കുന്നതിനായി പൊതുവായ പരീക്ഷണ, സർട്ടിഫിക്കേഷൻ, പ്രോട്ടോടൈപ്പിങ് സൗകര്യങ്ങൾ സ്ഥാപിക്കുക.
- ഐ എസ് ആർ ഒ, ഇൻ സ്പേസ്, ആഗോള എയ്റോസ്പേസ് കമ്പനികൾ, എയർലൈൻ കമ്പനികൾ, എം ആർ ഒ ഓപ്പറേറ്റർമാർ എന്നിവരുമായി ശക്തമായ പങ്കാളിത്തം വികസിപ്പിക്കുകയും, സാധ്യമായിടത്ത് ദേശീയ പ്രതിരോധ വ്യവസായ ഇടനാഴികളിൽ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുക.

## പ്രതീക്ഷാ നിർഭരം

'പുതുയുഗ കേരളം' എന്ന ആശയത്തെ സാങ്കേതികവിദ്യാധിഷ്ഠിത വികസന മാതൃകയിലേക്ക് നയിക്കുന്നതിൽ ബഹിരാകാശവും വ്യോമയാനവും കേന്ദ്രീകരിച്ചുള്ള പുതുക്കിയ ബജറ്റ് പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. പ്രഖ്യാപിച്ച തുകകൾ മാത്രം കേരളത്തെ ഉടൻ ദേശീയതലത്തിലെ ഒരു പ്രമുഖ ഹബ്ബാക്കി മാറ്റില്ല. എന്നിരുന്നാലും, ശാസ്ത്രീയ ഗവേഷണം, ഉന്നത വിദ്യാഭ്യാസം, മനുഷ്യവിഭവശേഷി, ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ എന്നിവ അടിസ്ഥാനമാക്കിയുള്ള ശക്തമായ ഒരു അടിത്തറ അവ സൃഷ്ടിക്കും. മൊത്തത്തിൽ നോക്കുമ്പോൾ, 2026-27 ലെ പുതുക്കിയ ബജറ്റിലെ ഈ നിർദ്ദേശങ്ങൾ ബഹിരാകാശ സേവനങ്ങൾ, വ്യോമയാന ലോജിസ്റ്റിക്സ്, ഉയർന്ന സാങ്കേതിക നവീകരണം എന്നിവയുടെ കേന്ദ്രമായി കേരളത്തെ മാറ്റാൻ ശേഷിയുള്ളതാണ്. അടിസ്ഥാന സൗകര്യങ്ങളിൽ നിക്ഷേപം നടത്തുകയും, സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുകയും, വ്യവസായ അക്കാദമിക് സഹകരണം ശക്തിപ്പെടുത്തുകയും, സ്വകാര്യനിക്ഷേപം ആകർഷിക്കുകയും ചെയ്താൽ, അതിവേഗം വളരുന്ന ആഗോളവ്യവസായങ്ങളിൽ പങ്കാളിയാകാൻ കേരളത്തിന് സഹായകമാവും.

കേരളത്തിന്റെ ശക്തമായ ബഹിരാകാശ സമ്പദ്‌വ്യവസ്ഥയും വ്യോമയാന പരിസ്ഥിതിയും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, വിജ്ഞാനാധിഷ്ഠിത സംരംഭകത്വം പ്രോത്സാഹിപ്പിക്കാനും, സംസ്ഥാനത്തിന്റെ കയറ്റുമതി ശേഷി വർധിപ്പിക്കാനും, ആഭ്യന്തരവും വിദേശവുമായ നിക്ഷേപം ആകർഷിക്കാനും സഹായിക്കും. ദീർഘകാലാടിസ്ഥാനത്തിൽ, ഈ സംരംഭങ്ങൾ പ്രവാസി വരുമാനം, ടൂറിസം, പരമ്പരാഗത സേവന മേഖലകൾ എന്നിവയിലുള്ള ആശ്രിതത്വം കുറച്ച് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ വൈവിധ്യവൽക്കരിക്കാനും, വളർച്ചയുടെ പുതിയ ഉറവിടങ്ങൾ സൃഷ്ടിക്കാനും സഹായിക്കും. ഇന്ത്യയുടെയും ആഗോള വിജ്ഞാനസമ്പദ് വ്യവസ്ഥയുടെയും ഭാഗമായുള്ള കേരളത്തിന്റെ മത്സരശേഷി ശക്തിപ്പെടുത്താനും ഇത് സഹായിക്കും. സ്ഥിരതയുള്ള പദ്ധതിനിർവഹണവും സ്വകാര്യപങ്കാളിത്തവും ശക്തമായ പിന്തുണയും ഉറപ്പാക്കാനായാൽ, ഈ മേഖലകൾ കേരളത്തിന്റെ ഭാവി സാമ്പത്തിക പരിവർത്തനത്തിന്റെ പ്രധാന തൂണുകളായി മാറാൻ കഴിയും. ■

# നീല സമ്പദ് വ്യവസ്ഥയിലും കുതിപ്പ്

**ഡോ. ഗ്രിൻസൺ ജോർജ്ജ്**
ഡയറക്ടർ, ഐ.സി.എ.ആർ-കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ)

**സുസ്ഥിരമായ വികസനത്തിലൂടെ തീരദേശത്തിന്റെ സാമൂഹിക-സാമ്പത്തിക ഘടനയെ മാറ്റിമറിക്കാൻ പോന്ന തന്ത്രപ്രധാനമായ ചുവടുവെപ്പുകളാണ് ബജറ്റിലുള്ളത്.**

കേരളത്തിന്റെ തനതായ ഭൂമിശാസ്ത്രപരമായ സവിശേഷതകളിൽ ഏറ്റവും പ്രധാനപ്പെട്ടത് പുതുക്കിയ ഔദ്യോഗിക കണക്കുകൾ പ്രകാരം 600.15 കിലോമീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്ന സമുദ്ര തീരമാണ്. സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയിലും ലക്ഷക്കണക്കിന് വരുന്ന തീരദേശ ജനതയുടെ ജീവിതത്തിലും കടൽ വലിയൊരു പങ്കുവഹിക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ, 2026-ലെ കേരള ബജറ്റിലെ 'മിഷൻ സമുദ്ര' ഉൾപ്പെടെയുള്ള പ്രഖ്യാപനങ്ങൾ കേരളത്തിന്റെ മറൈൻ ഇക്കോണമി അഥവാ നീല സമ്പദ്വ്യവസ്ഥയ്ക്ക് (ബ്ലൂ ഇക്കോണമി) വൻ ഉണർവേകുന്നവയാണ്. സുസ്ഥിരമായ വികസനത്തിലൂടെ തീരദേശത്തിന്റെ സാമൂഹിക-സാമ്പത്തിക ഘടനയെ മാറ്റിമറിക്കാൻ പോന്ന തന്ത്രപ്രധാനമായ ചുവടുവെപ്പുകളാണ് ബജറ്റിലുള്ളത്.

## മത്സ്യബന്ധന ദിനങ്ങളിലെ കുറവും സബ്-പ്ലാനും

അടുത്തകാലത്തായി ആവർത്തിച്ചു വരുന്ന ചുഴലിക്കാറ്റുകൾ, ശക്തമായ കടൽക്ഷോഭം, സമുദ്ര താപതരംഗങ്ങൾ തുടങ്ങി കടുത്ത പ്രതികൂല കാലാവസ്ഥാ വ്യതിയാനങ്ങൾ കാരണം കേരള തീരത്ത് മത്സ്യബന്ധനത്തിന് ഇറങ്ങാൻ സാധിക്കുന്ന ദിവസങ്ങളുടെ എണ്ണത്തിൽ വലിയ കുറവുണ്ടായിട്ടുണ്ട്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വരുമാനത്തെയും ജീവിതഭദ്രതയെയും സാരമായി ബാധിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിലാണ് ബജറ്റിലെ 'ഫിഷറീസ് സബ്-പ്ലാൻ' ഏറെ പ്രസക്തമാകുന്നത്. ഇന്ധനവില വർധനവ് മൂലം പ്രതിസന്ധിയിലായ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി വർധിപ്പിച്ചത് ഇൻപുട്ട് ചിലവുകൾ കുറയ്ക്കാൻ സഹായിക്കും. ഇതിനൊപ്പം അപകട ഇൻഷുറൻസ്, യാനങ്ങളുടെ ഇൻഷുറൻസ് എന്നിവ ശക്തിപ്പെടുത്തിയതും, രക്ഷാപ്രവർത്തനങ്ങൾക്കായി പ്രത്യേക ബോട്ടുകൾ സജ്ജമാക്കുന്നതും സുരക്ഷ ഉറപ്പാക്കും. കാലാവസ്ഥാ വ്യതിയാനം മൂലം തൊഴിൽ നഷ്ടപ്പെടുന്ന ദിവസങ്ങളിൽ നൽകുന്ന ധനസഹായം മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ദുരന്തപ്രതിരോധ ശേഷി വർധിപ്പിക്കാൻ സഹായിക്കും.

## നോളജ് ക്ലസ്റ്ററും മാരിടൈം മ്യൂസിയവും

കേരളത്തെ ഒരു അറിവധിഷ്ഠിത സമ്പദ്വ്യവസ്ഥയായി (നോളജ് ഇക്കോണമി) മാറ്റുകയെന്ന ലക്ഷ്യത്തോടെ, കൊച്ചി കേന്ദ്രമാക്കി ഒരു 'ഫിഷറീസ് നോളജ് ക്ലസ്റ്റർ' രൂപീകരിക്കാനുള്ള ബജറ്റ് നിർദ്ദേശം പ്രതീക്ഷ നൽകുന്ന



താണ്. ഐ.സി.എ.ആർ-സി.എം.എഫ്.ആർ.ഐ (ICAR-CMFRI), ഐ.സി.എ-.ആർ-സിഫ്റ്റ് (CIFT), കുഫോസ് (KUFOS) സർവ്വകലാശാല, സി.എം.എൽ.ആർ.ഇ. (CMLRE), സിഫ്നെറ്റ് (CIFNET), നിഫാറ്റ് (NIFPHATT) തുടങ്ങിയ നിരവധി പ്രമുഖ കേന്ദ്ര-സംസ്ഥാന സമുദ്ര ഗവേഷണ സ്ഥാപനങ്ങളുടെ വലിയൊരു ശൃംഖല കൊച്ചിയിലുണ്ട്. ഇവരെ ഒരൊറ്റ ക്ലസ്റ്ററിലേക്ക് കോർത്തിണക്കുന്നത് വഴി ശാസ്ത്ര-സാങ്കേതിക വികസനപ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കാനും വേഗത്തിൽ യാഥാർഥ്യമാക്കാനും കഴിയും.

ഇതിനൊപ്പം, ബജറ്റിൽ പ്രഖ്യാപിച്ച മാരിടൈം മ്യൂസിയം കേരളത്തിന്റെ സമ്പന്നമായ സമുദ്ര പാരമ്പര്യവും ചരിത്രവും ജനങ്ങളിലേക്ക് എത്തിക്കാൻ സഹായിക്കും. മാത്രമല്ല, ഈ ക്ലസ്റ്ററിന്റെ ഭാഗമായി ഗവേഷകർക്കും വിദ്യാർഥികൾക്കും ടൂറിസം മേഖലയ്ക്കും വലിയൊരു മുതൽക്കൂട്ടായി മാരിടൈം മ്യൂസിയം മാറും.

## കേന്ദ്ര പ്ലാൻ സംയോജനവും വികസനവും

സംസ്ഥാന ബജറ്റിലെ നിർദ്ദേശങ്ങളെ കേന്ദ്ര വിഹിതങ്ങളുമായി കൃത്യമായി കൂട്ടിയിണക്കുന്നതിലൂടെ തീരദേശ അടിസ്ഥാന സൗകര്യ വികസനം, തുറമുഖങ്ങളുടെ ആധുനികവൽക്കരണം, വലിയ തോതിലുള്ള ശീതീകരണ സംഭരണ ശൃംഖലകൾ എന്നിവ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കും.

## വികസനവും പരിസ്ഥിതി സുസ്ഥിരതയും

പുതിയ കേരള മാരിടൈം പോളിസിയും തുറമുഖങ്ങളുടെ വികസനവും ലോജിസ്റ്റിക്സ്, ടൂറിസം തുടങ്ങിയ മേഖലകളിൽ വലിയ സാധ്യതകൾ തുറന്നുതരുമെന്നത് തീർച്ചയാണ്.

## നൂതന സംരംഭങ്ങളും സി.എം.എഫ്.ആർ.ഐ കാഴ്ച്ചപ്പാടും

പരമ്പരാഗത മത്സ്യബന്ധനത്തിനപ്പുറം സമുദ്രവിഭവങ്ങളെ ശാസ്ത്രീയമായി ഉപയോഗപ്പെടുത്താൻ താഴെ പറയുന്ന പദ്ധതികൾക്ക് കഴിയും.

**കടൽപായൽ കൃഷിയും ഉപജീവനവും:** കടൽപായൽ കൃഷി വ്യാപകമാക്കുന്നതിലൂടെ തീരദേശ വനിതകൾക്കും മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും മികച്ച അധിക വരുമാനം ലഭിക്കും. ഇത് മത്സ്യ കർഷക ഉൽപാദന സംഘങ്ങൾക്ക് (ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്) പുതിയ കരുത്താകും.

**കൂട് കൃഷിയും സാങ്കേതികവിദ്യയും:** കാളാഞ്ചി, വറ്റ തുടങ്ങിയ വിലപിടിപ്പുള്ള മത്സ്യങ്ങളുടെ കൂട് കൃഷി വ്യാപകമാക്കുന്നതിനൊപ്പം സാറ്റലൈറ്റ് റിമോട്ട് സെൻസിങ്, AI സാങ്കേതികവിദ്യകൾ എന്നിവ ഉപയോഗിച്ച് മത്സ്യലഭ്യതയുള്ള പ്രദേശങ്ങൾ കൃത്യമായി പ്രവചിക്കാനും സാധിക്കും.

കൊച്ചിയിലെ പ്രമുഖ ഗവേഷണ സ്ഥാപനങ്ങളുടെയും ഐ.സി.എ.ആർ-സി.എം.എഫ്.ആർ.ഐ പോലുള്ള സ്ഥാപനങ്ങളുടെയും സാങ്കേതിക പിന്തുണയോടെ ബജറ്റിലെ ഈ പദ്ധതികൾ കൃത്യമായി താഴേത്തട്ടിൽ എത്തിച്ചാൽ, അത് കേരളത്തിലെ തീരദേശ ജനതയുടെ ജീവിതനിലവാരം ഉയർത്തുക മാത്രമല്ല, സംസ്ഥാനത്തെ ഒരു മാതൃകാ മറൈൻ ഹബ്ബായി മാറ്റുകയും ചെയ്യും. 'മിഷൻ സമുദ്ര' കേരളത്തിന്റെ നീല വിപ്ലവത്തിന് പുതിയൊരു സുവർണ്ണ അധ്യായം എഴുതിച്ചേർക്കുമെന്നുറപ്പാണ്. ■



**സുജ ചാണ്ടി**
സാമ്പത്തിക നിരീക്ഷക

ബജറ്റ് സ്ത്രീക്ഷേമത്തിനും സാമൂഹിക ഉൾച്ചേരലിനും മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും നൽകിയ പ്രാധാന്യം പ്രത്യേകം അഭിനന്ദിക്കപ്പെടേണ്ടതാണ്. ഇവ മനുഷ്യവിഭവശേഷിയിലേക്കും സാമൂഹിക സുരക്ഷയിലേക്കും ദീർഘകാല വികസനത്തിലേക്കുമുള്ള നിക്ഷേപങ്ങളാണ്.

# ക്ഷേമപദ്ധതികളിലൂടെ ദീർഘകാല വികസനത്തിലേക്ക്







ഒരു സംസ്ഥാന ബജറ്റിനെ വിലയിരുത്തുമ്പോൾ ഞാൻ എപ്പോഴും മൂന്ന് കാര്യങ്ങൾ ചിന്തിക്കാറുണ്ട്. സാമ്പത്തികമായി അത് ഉത്തരവാദിത്വപരമാണോ? സമൂഹത്തിലെ ഏറ്റവും പിന്നാക്കവിഭാഗങ്ങളെ അത് ശക്തിപ്പെടുത്തുന്നുണ്ടോ? ഭാവിയെ നേരിടാൻ സംസ്ഥാനത്തെ അത് തയ്യാറാക്കുന്നുണ്ടോ?

ഈ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ, കേരളത്തിന്റെ 2026-27 ബജറ്റ് സ്ത്രീക്ഷേമത്തിനും സാമൂഹിക ഉൾച്ചേരലിനും മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും നൽകിയ പ്രാധാന്യം പ്രത്യേകം അഭിനന്ദിക്കപ്പെടേണ്ടതാണ്. ഇവ വെറും ക്ഷേമച്ചെലവുകളല്ല; മനുഷ്യവിഭവശേഷിയിലേക്കും സാമൂഹിക സുരക്ഷയിലേക്കും ദീർഘകാല വികസനത്തിലേക്കുമുള്ള നിക്ഷേപങ്ങളാണ്.

**സിൽവർ ഇക്കോണമി, സമൂഹാടിസ്ഥാനത്തിലുള്ള വയോജന പരിചരണം, പരിചാരകരുടെ നൈപുണ്യ വികസനം എന്നിവയ്ക്ക് ബജറ്റ് നൽകിയ പ്രാധാന്യം ഏറെ പ്രസക്തമാണ്**

## വയോജന സംരക്ഷണത്തിന്റെ രജതരേഖ

ഇന്ന് കേരളം ഒരു വലിയ ജനസംഖ്യാപരമായ മാറ്റത്തിന്റെ ഘട്ടത്തിലാണ്. സംസ്ഥാനത്തെ അഞ്ചിൽ ഒരാൾ 60 വയസ്സിന് മുകളിലാണ്. ഈ യാഥാർഥ്യം തിരിച്ചറിഞ്ഞാണ് കേരളം ആദ്യമായി പ്രത്യേക വയോജന ബജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. വിവിധ സർക്കാർ പദ്ധതികളിൽ മുതിർന്ന പൗരന്മാരുടെ ആവശ്യങ്ങൾ സമഗ്രമായി ഉൾപ്പെടുത്താനുള്ള സുപ്രധാന നീക്കമാണിത്.

യുവതലമുറ തൊഴിൽ തേടി മറ്റു സംസ്ഥാനങ്ങളിലേക്കും വിദേശത്തേക്കും പോകുമ്പോൾ കുടുംബഘടനയും മാറിക്കൊണ്ടിരിക്കുകയാണ്. അതിനാൽ പ്രായമായവർക്ക് ആരോഗ്യത്തോടെയും അന്തസ്സോടെയും ജീവിക്കാനുള്ള സാഹചര്യം ഒരുക്കുക എന്നത് കുടുംബങ്ങളുടെ മാത്രം ഉത്തരവാദിത്വമല്ല, സമൂഹത്തിന്റെ കൂടി ഉത്തരവാദിത്വമാണ്.

ഒരു വ്യവസായി നിലയിൽ മാത്രമല്ല, പ്രായമായ മാതാപിതാക്കളുടെ പ്രധാന സംരക്ഷകയായ മകളെന്ന നിലയിലും ഈ യാഥാർഥ്യം ഞാൻ നേരിട്ട് അനുഭവിക്കുന്നുണ്ട്. അവരുടെ ചികിത്സ, ആശുപത്രി സന്ദർശനങ്ങൾ, ദൈനംദിന പരിചരണം, മാനസിക പിന്തുണ - ഇതെല്ലാം സമയം, സാമ്പത്തികശേഷി, ക്ഷമ എന്നിവ ആവശ്യപ്പെടുന്നു. കേരളത്തിലെ ആയിരക്കണക്കിന് കുടുംബങ്ങൾ ഇന്ന് ഇതേ അനുഭവത്തിലൂടെയാണ് കടന്നുപോകുന്നത്.

അതുകൊണ്ടുതന്നെ സിൽവർ ഇക്കോണമി, സമൂഹാടിസ്ഥാനത്തിലുള്ള വയോജന പരിചരണം, പരിചാരകരുടെ നൈപുണ്യ വികസനം എന്നിവയ്ക്ക് ബജറ്റ് നൽകിയ പ്രാധാന്യം ഏറെ പ്രസക്തമാണ്. മുതിർന്ന പൗരന്മാരെ സംരക്ഷിക്കുക എന്നത് സാമൂഹിക ഉത്തരവാദിത്വം എന്ന രീതിയിൽ മാത്രമല്ല കാണേണ്ടത്; അനിവാര്യമായ സാമ്പത്തിക ആവശ്യകത കൂടി അതിൽ ഉൾപ്പെടുന്നു. ആരോഗ്യരംഗത്തും പാലിയേ



റ്റീവ് കെയറിലും കേരളം ഇതിനകം മികച്ച മാതൃക സൃഷ്ടിച്ചിട്ടുണ്ട്. അതിന്റെ തുടർച്ചയായി, വയോജന പരിചരണത്തിലും ആരോഗ്യസേവന നവീകരണത്തിലും ഇന്ത്യയ്ക്ക് മാതൃകയാകാൻ കേരളത്തിന് കഴിയും.

## ശാസ്ത്രീയമായ പരിചരണത്തിന് കൈത്താങ്ങ്

കാൻസർ പരിചരണവും ഇതിൽ പ്രത്യേകമായി ശ്രദ്ധിക്കേണ്ട മേഖലയാണ്. ചികിത്സ ആശുപത്രികളിൽ നടക്കുമെങ്കിലും രോഗിയുടെ ജീവിതത്തിന്റെ വലിയൊരു ഭാഗം വീട്ടിലാണ്. മരുന്നുകൾ, പോഷകാഹാരം, മാനസിക പിന്തുണ, പാലിയേറ്റീവ് പരിചരണം ഇവയെല്ലാം കുടുംബാംഗങ്ങളാണ് ഏറ്റെടുക്കുന്നത്. വീട്ടിലെ പരിചരണം ശക്തിപ്പെടുത്തുകയും പരിശീലനം ലഭിച്ച പാലിയേറ്റീവ് കെയർ പ്രവർത്തകരെ സൃഷ്ടിക്കുകയും ചെയ്യുന്നത് രോഗികളുടെയും കുടുംബങ്ങളുടെയും ജീവിതനിലവാരം ഗണ്യമായി മെച്ചപ്പെടുത്തും.

പാലിയേറ്റീവ് കെയർ പ്രവർത്തകരെ പരിശീലിപ്പിക്കാനുള്ള ബജറ്റിലെ നിർദ്ദേശം അതുകൊണ്ടുതന്നെ സ്വാഗതാർഹമാണ്. അതോടൊപ്പം പുതിയ തൊഴിൽ അവസരങ്ങളും ഇത് സൃഷ്ടിക്കും. പ്രത്യേകിച്ച് സ്ത്രീകൾക്കും തൊഴിൽ രംഗത്തേക്ക് തിരിച്ചുവരുന്നവർക്കും യുവാക്കൾക്കും ഒരു മികച്ച തൊഴിൽമേഖലയായി ഇത് വളരും. പരിചരണത്തിന് കരുണ അനിവാര്യമാണ്. എന്നാൽ സാങ്കേതിക വൈദഗ്ധ്യം, ആശയവിനിമയശേഷി, മാനസിക പക്വത, പ്രൊഫഷണലിസം എന്നിവയും അത്രതന്നെ പ്രധാനമാണ്. ഉയർന്ന നിലവാരമുള്ള പരിശീലനവും ഗുണനിലവാര മാനദണ്ഡങ്ങളും രൂപപ്പെടുത്താൻ കഴിഞ്ഞാൽ ഈ മേഖല കൂടുതൽ വിശ്വാസ്യതയും അംഗീകാരവും നേടിയെടുക്കും.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും ഭിന്നശേഷിക്കാർക്കും മറ്റ് സാമൂഹികമായി പിന്നാക്ക വിഭാഗങ്ങൾക്കും വിദ്യാഭ്യാസം, ആരോഗ്യം, നൈപുണ്യവികസനം, സാമൂഹിക സുരക്ഷ എന്നിവയിലുള്ള നിക്ഷേപങ്ങൾ വലിയ മാറ്റങ്ങൾ സൃഷ്ടിക്കും. അവസരങ്ങൾ ലഭിക്കുമ്പോൾ ജീവിതങ്ങളും മാറും.

## വനിതാക്ഷേമത്തിന് പിന്തുണ

സ്ത്രീക്ഷേമത്തിനുള്ള ബജറ്റിന്റെ പ്രാധാന്യവും എടുത്തുപറയേണ്ടതാണ്. സ്ത്രീകളുടെ വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും കേരളം രാജ്യത്തിന് മാതൃകയാണ്. ഇനി അടുത്ത ഘട്ടം സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണമാണ്. കൂടുതൽ തൊഴിലവസരങ്ങൾ, സംരംഭകത്വം, നേതൃത്വപദവികൾ, ഭാവിയെ ലക്ഷ്യമിട്ടുള്ള നൈപുണ്യവികസനം എന്നിവയിൽ സ്ത്രീകൾക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കണം.

കൃത്രിമബുദ്ധി രൂപപ്പെടുത്തുന്ന പുതിയ സമ്പദ് വ്യവസ്ഥയിൽ ഡിജിറ്റൽ സാക്ഷരത, ഡാറ്റാ വൈദഗ്ധ്യം, ആശയവിനിമയം, വിമർശനാത്മക ചിന്ത, സർഗാത്മകത, മാറ്റങ്ങളോട് പൊരുത്തപ്പെടാനുള്ള കഴിവ് എന്നിവ നിർണായകമാകും. സാങ്കേതിക വിദ്യയിലും നൈപുണ്യവികസനത്തിലുമുള്ള നിക്ഷേപം കൂടുതൽ സ്ത്രീകളെ ഭാവിയുടെ സമ്പദ് വ്യവസ്ഥയിൽ സജീവ പങ്കാളികളാക്കും.

## ബജറ്റിന്റെ വിജയം

ഒരു ബജറ്റിന്റെ വിജയം അതിൽ വകയിരുത്തിയ തുകയിലോ ചെലവഴിച്ച തുകയിലോ അല്ല അളക്കേണ്ടത്. അത് ജനങ്ങളുടെ ജീവിതത്തിൽ സൃഷ്ടിക്കുന്ന മാറ്റങ്ങളിലാണ്. ഒരു മുതിർന്ന പൗരന് അന്തസ്സോടെ ജീവിക്കാൻ കഴിയുന്നുണ്ടോ, യോഗ്യത നേടുന്നവർക്ക് മാന്യമായ തൊഴിൽ ലഭിക്കുന്നുണ്ടോ, ഒരു സ്ത്രീക്ക് സാമ്പത്തിക സ്വാതന്ത്ര്യം കൈവരിക്കാനാകുന്നുണ്ടോ, പിന്നാക്കവിഭാഗങ്ങൾക്ക് വിദ്യാഭ്യാസത്തിന്റെയും ആരോഗ്യത്തിന്റെയും ഉപജീവനത്തിന്റെയും പുതിയ വഴികൾ തുറക്കപ്പെടുന്നുണ്ടോ എന്നതാണ് യഥാർഥ വിജയത്തിന്റെ മാനദണ്ഡം.

ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞാൽ, അത് ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുക മാത്രമല്ല, സാമൂഹിക പുരോഗതിയും സാമ്പത്തിക വളർച്ചയും കൈകോർക്കുന്ന ഉൾച്ചേരലിന്റെയും സുസ്ഥിര വികസനത്തിന്റെയും ദേശീയ മാതൃകയായി മാറുകയും ചെയ്യും.■

**സ്ത്രീകളുടെയും ട്രാൻസ്ജെൻഡർ സമൂഹത്തിന്റെയും സാമൂഹിക-സാമ്പത്തിക മുന്നേറ്റത്തിന് പുതിയ അവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് പ്രിയദർശിനി വനിതാ സൗജന്യയാത്ര**




കെ.എസ്.ആർ.ടി.സിയിലെ ആദ്യ വനിതാ ഡ്രൈവറായ വി.പി.ഷീല ബസ്സിന്റെ ഡ്രൈവർ സീറ്റിലിരുന്നു. കണ്ടക്ടർ ജയകുമാരി ബെല്ലടിച്ചു. ബസ് തമ്പാനൂരിൽനിന്ന് പതുക്കെ സെക്രട്ടറിയേറ്റിലേക്ക്. തുറന്നുകിടന്ന നോർത്ത് ഗേറ്റ് വഴി പതിവിന് വിപരീതമായി ബസ് അകത്തേക്കു പ്രവേശിച്ചു. ദർബാർ ഹാളിന് മുന്നിൽ നിർത്തിയ ബസ്സിൽ നിന്ന് യാത്രക്കാരായ മുഖ്യമന്ത്രി വി.ഡി. സതീശനും ഗതാഗത മന്ത്രി സി.പി. ജോണും മറ്റുള്ളവരും ഇറങ്ങി. ആ നിമിഷം ഒരു ചരിത്രം പിറന്നു. സ്ത്രീകളുടെയും ട്രാൻസ്ജെൻഡർ സമൂഹത്തിന്റെയും സഞ്ചാരസ്വാതന്ത്ര്യത്തിനും സാമ്പത്തിക ശാക്തീകരണത്തിനുമായുള്ള വി.ഡി. സതീശൻ സർക്കാരിന്റെ പ്രിയദർശിനി വനിതാ സൗജന്യയാത്രാ പദ്ധതിക്ക് ഡബിൾ ബെല്ലടിച്ച് തുടക്കമായിരിക്കുന്നു. സർക്കാരിന്റെ 'ഇന്ദിരാ ഗ്യാരന്റി'കളിൽ




## കുടുംബ ബജറ്റിൽ ആശ്വാസം

**വീട്ടമ്മ എന്ന നിലയിൽ കുടുംബാവശ്യങ്ങൾക്കായി പലപ്പോഴും യാത്ര ചെയ്യേണ്ടി വരാറുണ്ട്. അത്തരം സാഹചര്യങ്ങളിൽ യാത്രാചെലവ് ഒരു അധികബാധ്യതയായി അനുഭവപ്പെടാറുണ്ട്. കുടുംബത്തിന്റെ ദൈനംദിന ചെലവുകൾക്കിടയിൽ യാത്രയ്ക്കായി മാറ്റിവെക്കേണ്ട തുക ലാഭിക്കാനാകുന്നത് വലിയ സഹായമാണ്. സ്ത്രീകളുടെ ആവശ്യങ്ങൾ മനസ്സിലാക്കി നടപ്പിലാക്കിയ ജനകീയപദ്ധതിയാണിത്.**

**സജിത എം.എസ്.**
വീട്ടമ്മ, കൊല്ലം

ആദ്യം യാഥാർഥ്യമായ പദ്ധതി. ജീവനക്കാരും പൊതുജനങ്ങളും മധുരം വിതരണം ചെയ്ത് ആ ചരിത്ര നിമിഷത്തിന്റെ സന്തോഷത്തിൽ പങ്കുചേർന്നു.

സ്ത്രീകളുടെയും ട്രാൻസ്ജെൻഡർ സമൂഹത്തിന്റെയും സാമൂഹിക-സാമ്പത്തിക മുന്നേറ്റത്തിന് പുതിയ അവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് പ്രിയദർശിനി വനിതാ സൗജന്യയാത്ര. വനിതാ ജീവനക്കാരുടെ നേതൃത്വത്തിൽ നടന്ന ആദ്യ സർവീസ് തന്നെ സ്ത്രീകളുടെ കഴിവിനെയും പങ്കാളിത്തത്തെയും പ്രോത്സാഹിപ്പിക്കുന്ന നയത്തിന്റെ പ്രതീകാത്മക നിമിഷമായി മാറി.

1938-ൽ ശ്രീ ചിത്തിരതിരുനാൾ മഹാരാജാവിന്റെ നേതൃത്വത്തിൽ തിരുവിതാംകൂറിലെ ആദ്യ പൊതുഗതാഗത ബസ് സർവീസ് ആരംഭിച്ച തമ്പാനൂർ തന്നെയാണ് പ്രിയദർശിനിയുടെയും തുടക്കത്തിന് സാക്ഷ്യം വഹിച്ചത്.

### ബസ്സുകൾ ഏതൊക്കെ

പ്രിയദർശിനി പദ്ധതി പ്രകാരം സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും കെ.എസ്.ആർ.ടി.സി.യുടെ ഓർഡിനറി വിഭാഗം സർവീസുകളിൽ സൗജന്യമായി യാത്ര ചെയ്യാം. ഓർഡിനറി, സിറ്റി ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി, ഫെയർ സ്റ്റേജ് ഓർഡിനറി, ടൗൺ-ടു-ടൗൺ, പോയിന്റ്-ടു-പോയിന്റ്, ഗ്രാമവണ്ടി എന്നീ ഏഴ് വിഭാഗം സർവീസുകളെയാണ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്താകെ പ്രവർത്തിക്കുന്ന 3,125 ഓർഡിനറി ബസുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. പ്രായം, വരുമാനം, സ്ഥിരതാമസം തുടങ്ങിയ മാനദണ്ഡങ്ങൾ പരിഗണിക്കാതെ എല്ലാ സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും ഈ സൗകര്യം ലഭിക്കും.




പ്രത്യേക രജിസ്ട്രേഷനോ തിരിച്ചറിയൽ കാർഡുകളോ ആവശ്യമില്ല; യാത്രക്കാർക്ക് 'സീറോ ഫെയർ' ടിക്കറ്റുകൾ നൽകിയാണ് യാത്ര രേഖപ്പെടുത്തുന്നത്. യാത്രക്കാരുടെ എണ്ണം, യാത്രയുടെ വ്യാപ്തി, സാമ്പത്തിക ബാധ്യത എന്നിവ കൃത്യമായി വിലയിരുത്തുന്നതിനാണ് സീറോ ഫെയർ ടിക്കറ്റ് സംവിധാനം ഉപയോഗിക്കുന്നത്.

### സർക്കാരിന്റെ കൈത്താങ്ങ്

പദ്ധതിയുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ പ്രത്യേക ധനസഹായം ഉറപ്പാക്കിയിട്ടുണ്ട്. പദ്ധതിക്കായി സംസ്ഥാന ബജറ്റിൽ 600 കോടി രൂപ വകയിരുത്തി. കെ.എസ്.ആർ.ടി.സിക്ക് ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത

## മികച്ച ജനക്ഷേമ പദ്ധതി

**സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ സ്ത്രീകൾക്ക് ഇത് വലിയ ആശ്വാസമാകും. ജോലിക്കും മറ്റാവശ്യങ്ങൾക്കുമായി യാത്രചെയ്യുന്ന സ്ത്രീകൾക്ക് യാത്രാചെലവിനെക്കുറിച്ചുള്ള ആശങ്ക കുറയ്ക്കാൻ ഈ പദ്ധതി സഹായിക്കും. സ്ത്രീകളുടെ സഞ്ചാരസ്വാതന്ത്ര്യവും സാമ്പത്തിക സുരക്ഷിതത്വവും വർധിപ്പിക്കുന്ന മികച്ച ജനക്ഷേമപദ്ധതിയായാണ് ഞാൻ ഇതിനെ കാണുന്നത്.**

**സജ്ന എൻ.എസ്**
എച്ച്.ആർ-കെ.എസ്.ഇ.ബി., ഇടുക്കി



# ബാധ്യതയല്ല, സാധാരണക്കാർക്കായുള്ള നിക്ഷേപം

കേരളത്തിലെ സ്ത്രീ സമൂഹത്തിന്റെ സഞ്ചാര സ്വാതന്ത്ര്യത്തിന്റെയും അന്തസ്സിന്റെയും ചരിത്രത്തിലെ ഒരു പുതിയ അധ്യായമാണ് പ്രിയദർശിനി വനിതാ സൗജന്യയാത്രാ പദ്ധതി. പദ്ധതിയുടെ ആദ്യ ഘട്ടമായാണ് കഴിഞ്ഞ ജൂൺമുതൽ  പ്രായഭേദമെന്യേ എല്ലാ സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും  സൗജന്യ യാത്ര ലഭ്യമാക്കിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ ഓരോ കോണിലും ഈ പദ്ധതിയുടെ പ്രയോജനം എത്തിക്കുന്ന തരത്തിൽ കെ.എസ്.ആർ.ടി.സി.യുടെ 3,125 ഓർഡിനറി ബസുകളിൽ പദ്ധതി നടപ്പിലായതോടെ സ്ത്രീ യാത്രക്കാരുടെ എണ്ണത്തിൽ വൻവർധനവുണ്ടായി. അഞ്ച് ലക്ഷം സ്ത്രീകളാണ് ഒരു ദിവസം അധികമായി കെഎസ്ആർടിസിയിൽ യാത്ര ചെയ്യുന്നത്. ഇരുപത് ലക്ഷം പേർ യാത്ര ചെയ്യുമ്പോൾ പത്ത് ലക്ഷം പേർ സ്ത്രീകളായിരുന്നത് ഇന്നിപ്പോൾ 15 ലക്ഷം പേരായി. പദ്ധതിയുടെ സാമ്പത്തിക ചെലവ് പൂർണ്ണമായി സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. കെ.എസ്.ആർ.ടി.സി.യുടെ ധനപരമായ കരാർ ബാധ്യതകളും ദൈനംദിന ഓപ്പറേഷണൽ ചെലവുകളും ഉറപ്പുവരുത്തുന്ന തരത്തിൽ സുഗമമായ ക്യാഷ് ട്രാൻസ്ഫർ - ഫിനാൻഷ്യൽ മാനേജ്മെന്റ് സംവിധാനം ഇതിനായി നടപ്പാക്കും. പദ്ധതിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത നികത്തുന്നതിന് ടിക്കറ്റിതര വരുമാനം (നോൺ-ഫെയർ റവന്യൂ) കണ്ടെത്തുന്നതിനുള്ള നടപടികളും കോർപ്പറേഷൻ സ്വീകരിക്കും. കോർപ്പറേഷന്റെ വരുമാനം പൂർണ്ണമായി സംരക്ഷിക്കപ്പെടും എന്നതാണ് ഈ പദ്ധതിയുടെ അടിസ്ഥാന തത്വം. കെ.എസ്.ആർ.ടി.സി.യെ ദുർബലപ്പെടുത്തിയല്ല, ശക്തിപ്പെടുത്തിക്കൊണ്ടു തന്നെയാണ് സ്ത്രീകൾക്കുള്ള ഈ അവകാശം സർക്കാർ ഉറപ്പാക്കുന്നത്.

ഇന്നിപ്പോൾ ദിവസേന രണ്ടരക്കോടിയോളം രൂപയുടെ ബാധ്യത വരുന്നുണ്ട്. ധനകാര്യ സംബന്ധമായി നോക്കുമ്പോൾ അത് വിഷമകരമാണ്. എന്നാൽ ജീവിതത്തിന്റെയും സമ്പദ്ഘടനയുടെയും ഭാഗത്തുനിന്ന് നോക്കുമ്പോൾ ദിവസേന ഏകദേശം ഏഴുകോടിയിലധികം രൂപ ഈ സർക്കാർ സാധാരണക്കാരായ സ്ത്രീകളുടെ കൈയിൽ എത്തിച്ചുകൊണ്ടിരിക്കുകയാണ്. 600 കോടിയാണ് ഈ ബജറ്റിൽ വെച്ചിട്ടുള്ളത്. ഒരു വർഷത്തേക്ക് അതിന്റെ എല്ലാ വശങ്ങളും കൂടി കൂട്ടുമ്പോൾ 800 കോടിയാണെന്നിരിക്കട്ടെ. ഒരു രൂപ നമ്മൾ ചെലവഴിക്കുമ്പോൾ അതിൽ നിന്ന് മൂന്നിലധികം രൂപയുടെ നേട്ടം ഓർഡിനറി ബസ്സിൽ യാത്ര ചെയ്യുന്ന  സാധാരണക്കാരായ സ്ത്രീകൾക്ക് ലഭിക്കുന്നു.  യാത്രാച്ചെലവ് ഇനത്തിൽ ലാഭിക്കുന്ന തുക ഓരോ കുടുംബത്തിന്റെയും കൈയിലെത്തുന്ന നേരിട്ടുള്ള വരുമാനമായി മാറും എന്നതാണ് പദ്ധതിയുടെ ഏറ്റവും പ്രധാന സാമൂഹിക-സാമ്പത്തിക നേട്ടം. ദിവസവും ജോലിക്കും പഠനത്തിനും ചികിത്സയ്ക്കും വിപണിയിലേക്കും യാത്ര ചെയ്യുന്ന ലക്ഷക്കണക്കിന് സ്ത്രീകൾക്ക് പ്രതിമാസം ഗണ്യമായ തുക കുടുംബ ബജറ്റിൽ മിച്ചം വയ്ക്കാനാകും. യാത്രാച്ചെലവ് എന്ന തടസ്സം നീങ്ങുമ്പോൾ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർധിക്കും; വിദ്യാഭ്യാസത്തിനും നൈപുണ്യ പരിശീലനത്തിനും സംരംഭക പ്രവർത്തനങ്ങൾക്കും കൂടുതൽ സ്ത്രീകൾ മുന്നോട്ടുവരും. വീടിന്റെ നാല് ചുവരുകൾക്കുള്ളിൽ ഒതുങ്ങാതെ, ആത്മവിശ്വാസത്തോടെയും അന്തസ്സോടെയും പൊതുഇടങ്ങളിലേക്ക് ഇറങ്ങാനുള്ള സ്വാതന്ത്ര്യം കൂടിയാണ് ഈ പദ്ധതി ഉറപ്പാക്കുന്നത്.

സ്ത്രീകൾ ലാഭിക്കുന്ന യാത്രാച്ചെലവ് പ്രാദേശിക വിപണികളിലേക്കും ചെറുകിട വ്യാപാരങ്ങളിലേക്കും ഒഴുകുമ്പോൾ അത് പ്രാദേശിക സമ്പദ്വ്യവസ്ഥയ്ക്ക്  വലിയ ഉണർവ് നൽകും. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർധിക്കുന്നത് കുടുംബ വരുമാനത്തെയും അതുവഴി സംസ്ഥാനത്തിന്റെ മൊത്തം സാമ്പത്തിക വളർച്ചയെയും ശക്തിപ്പെടുത്തും. ഒപ്പം, സ്വകാര്യ വാഹനങ്ങളിൽ നിന്ന് പൊതുഗതാഗതത്തിലേക്കുള്ള മാറ്റം ഇന്ധന ഉപഭോഗവും കാർബൺ ബഹിർഗമനവും ഗതാഗതക്കുരുക്കും ഗണ്യമായി കുറയ്ക്കും. കേരളത്തിന്റെ ഹരിത ലക്ഷ്യങ്ങളിലേക്കുള്ള സുപ്രധാന ചുവടുവെപ്പ് കൂടിയാണ് 'പ്രിയദർശിനി' പദ്ധതി.

**സി.പി ജോൺ**
ഗതാഗതവകുപ്പ് മന്ത്രി




> **സ്ത്രീശാക്തീകരണത്തിനായുള്ള ക്ഷേമപദ്ധതി എന്നതിനപ്പുറം സാമ്പത്തിക വികസനത്തിനും പ്രിയദർശിനിക്ക് പ്രാധാന്യമുണ്ടെന്ന് സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. സ്ത്രീകളുടെ യാത്രാചെലവിൽ ലഭിക്കുന്ന ആശ്വാസം കുടുംബങ്ങളുടെ കൈവശം കൂടുതൽ വരുമാനം അവശേഷിക്കാൻ സഹായിക്കും**

സർക്കാർ തിരിച്ചടയ്ക്കും. പദ്ധതിക്കായി വർഷംതോറും സർക്കാർ സാമ്പത്തിക പിന്തുണ നൽകും.

ആദ്യ ദിവസങ്ങളിൽതന്നെ പദ്ധതിക്ക് വൻ സ്വീകാര്യതയാണ് ലഭിച്ചത്. ഓർഡിനറി സർവീസുകളിലെ സ്ത്രീ യാത്രക്കാരുടെ എണ്ണം ഗണ്യമായി വർധിച്ചതായാണ് കണക്കുകൾ. പദ്ധതിക്ക് വലിയ പ്രചാരം ലഭിച്ചതോടെ കൂടുതൽ സ്ത്രീകൾ കെ.എസ്.ആർ.ടി.സി. സർവീസുകൾ തിരഞ്ഞെടുക്കുന്ന സ്ഥിതി വന്നു. ഇത് പൊതുഗതാഗത സംവിധാനത്തോടുള്ള ജനങ്ങളുടെ വിശ്വാസം ശക്തിപ്പെടുന്നതിന്റെ സൂചനയായാണ് വിലയിരുത്തപ്പെടുന്നത്.

കെ.എസ്.ആർ.ടി.സിയെ കൂടുതൽ ജനകീയവും വികേന്ദ്രീകൃതവുമായ സ്ഥാപനമാക്കി മാറ്റുന്നതിനുള്ള വിപുലമായ പദ്ധതികളുടെ ഭാഗമായും പ്രിയദർശിനിയെ കാണാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനും പൊതുഗതാഗത സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുകയാണ്. അതേസമയം, പൊതുഗതാഗത സംവിധാനത്തിന്റെ അവിഭാജ്യ ഘടകമായ സ്വകാര്യ ബസ് മേഖലയുടെയും ആശങ്കകൾ സർക്കാർ പരിഗണിക്കുന്നുണ്ടെന്നും ആവശ്യമായ പിന്തുണ ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്.

## ലക്ഷ്യം മനുഷ്യവിഭവ വികസനവും

സ്ത്രീശാക്തീകരണത്തിനായുള്ള ക്ഷേമ പദ്ധതി എന്നതിനപ്പുറം സാമ്പത്തിക വികസനത്തിനും പ്രിയദർശിനിക്ക് പ്രാധാന്യമുണ്ടെന്ന് സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. സ്ത്രീകളുടെ യാത്രാചെലവിൽ ലഭിക്കുന്ന ആശ്വാസം കുടുംബങ്ങളുടെ കൈവശം കൂടുതൽ വരുമാനം അവശേഷിക്കാൻ സഹായിക്കും. ഈ

## നിത്യ തൊഴിലാളി കൾക്ക് ആശ്വാസം

**ദിവസവരുമാനത്തെ ആശ്രയിച്ച് ജീവിക്കുന്ന ഞങ്ങളെപ്പോലുള്ള സ്ത്രീകൾക്ക് ഓരോ രൂപയ്ക്കും വലിയ വിലയുണ്ട്. മത്സ്യവിൽപ്പനയ്ക്കും മറ്റ് ആവശ്യങ്ങൾക്കുമായി ദിവസേന യാത്രചെയ്യേണ്ടിവരുന്നതിനാൽ യാത്രാചെലവ് വരുമാനത്തിന്റെ ഒരു ഭാഗം കവർന്നെടുക്കാറുണ്ട്. പ്രിയദർശിനി പദ്ധതി നിലവിൽവന്നതോടെ ആ ചെലവിൽ ആശ്വാസം ലഭിച്ചിട്ടുണ്ട്. ഇതിലൂടെ ലാഭിക്കുന്ന തുക കുടുംബാവശ്യങ്ങൾക്കും കുട്ടികളുടെ വിദ്യാഭ്യാസത്തിനുമായി ഉപയോഗിക്കാനാകും. കഠിനാധ്വാനം ചെയ്ത് ജീവിതം മുന്നോട്ടുകൊണ്ടുപോകുന്ന സ്ത്രീകൾക്ക് വലിയ പിന്തുണ നൽകുന്ന പദ്ധതിയാണ്.**

**നിർമല ജോസഫ്**
മൽസ്യത്തൊഴിലാളി, പൂന്തുറ

## സാമൂഹിക പുരോഗതിക്കും സാമ്പത്തിക വളർച്ചയ്ക്കും

രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വളർച്ചയിൽ സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം നിർണായക ഘടകമാണ്. ഇന്ത്യൻ സാമ്പത്തിക ശാസ്ത്രജ്ഞനായ അമർത്യ സെൻ അവതരിപ്പിച്ച മിസിങ് വുമൺ എന്ന ആശയം ലിംഗവിവേചനത്തിന്റെ ഫലമായി ജനസംഖ്യയിൽ സ്ത്രീകളുടെ എണ്ണം കുറയുകയും ലിംഗാനുപാതത്തിൽ അസന്തുലിതാവസ്ഥ രൂപപ്പെടുകയും ചെയ്യുന്നതിനെയാണ് സൂചിപ്പിക്കുന്നത്. സ്ത്രീകളുടെ വിദ്യാഭ്യാസവും ആരോഗ്യനിലയും മെച്ചപ്പെട്ടിട്ടും തൊഴിൽപങ്കാളിത്തത്തിൽ അവരുടെ പ്രാതിനിധ്യം ഇപ്പോഴും താരതമ്യേന കുറവാണ്. അതായത് തൊഴിൽമേഖലയിലും ഒരു തരത്തിൽ മിസിങ് വുമൺ എന്ന അവസ്ഥയുണ്ട്. കേരളത്തിൽ സ്ത്രീകളുടെ വിദ്യാഭ്യാസനിലയും ആരോഗ്യസൂചികകളും മികച്ചതും ജനനനിരക്ക് കുറവുമാണെങ്കിലും തൊഴിൽപങ്കാളിത്തം പ്രതീക്ഷിച്ച തോതിൽ ഉയർന്നിട്ടില്ല. യാത്രാസൗകര്യക്കുറവ്, കുടുംബ ഉത്തരവാദിത്വങ്ങൾ, സാമൂഹിക നിയന്ത്രണങ്ങൾ, തൊഴിലിടങ്ങളിലേക്കുള്ള പ്രാപ്യത തുടങ്ങിയവ പ്രധാന കാരണങ്ങളാണ്. കാർഷിക മേഖലയെ അപേക്ഷിച്ച് വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. സേവനമേഖലയാണ് കൂടുതൽ സാധ്യതകൾ നൽകുന്നത്. അതിനാൽ സേവനമേഖലയിലേക്കുള്ള യാത്ര എളുപ്പമാക്കുന്ന പൊതുഗതാഗത നയങ്ങൾ സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം വർധിപ്പിക്കാൻ സഹായിക്കും.

ഡൽഹിയിലും കർണാടകയിലും നടപ്പാക്കിയ സമാന പദ്ധതികൾ സ്ത്രീകളുടെ പൊതുഗതാഗത ഉപയോഗവും തൊഴിൽപങ്കാളിത്തവും വർധിപ്പിച്ചതായാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. യാത്രാച്ചെലവായി ലാഭിക്കുന്ന തുക കുടുംബങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യം, പോഷകാഹാരം തുടങ്ങിയ ആവശ്യങ്ങൾക്കായി വിനിയോഗിക്കപ്പെടുന്നതിലൂടെ കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രതയും വിപണിയിലെ ഉപഭോഗവും വർധിക്കുന്നു. മുമ്പ് യാത്രാച്ചെലവിന്റെ പേരിൽ ഉപേക്ഷിക്കേണ്ടി വന്ന തൊഴിലവസരങ്ങളിലേക്കും സ്ത്രീകൾക്ക് എത്തിച്ചേരാൻ കഴിയും. സ്ത്രീകൾക്ക് കൂടുതൽ സ്വതന്ത്രമായി സഞ്ചരിക്കാനുള്ള അവസരം ലഭിക്കുന്നത് അവരുടെ ആത്മവിശ്വാസവും മാനസികാരോഗ്യവും മെച്ചപ്പെടുത്തും.



**ഡോ.രശ്മി സി. പണിക്കർ**
ഇക്കണോമിക്സ് അസോ. പ്രൊഫസർ,
യൂണി. കോളേജ്, തിരുവനന്തപുരം

തുക വിദ്യാഭ്യാസം, ആരോഗ്യം, ചെറുകിട നിക്ഷേപങ്ങൾ, ഉപഭോഗച്ചെലവുകൾ എന്നിവയ്ക്കായി വിനിയോഗിക്കപ്പെടുമ്പോൾ പ്രാദേശിക സമ്പദ് വ്യവസ്ഥയിൽ അനുകൂലമായ ചലനങ്ങൾ സൃഷ്ടിക്കപ്പെടും. യാത്രാചെലവ് പല സ്ത്രീകൾക്കും തൊഴിൽ, വിദ്യാഭ്യാസം, പരിശീലനം, സംരംഭകത്വം തുടങ്ങിയ മേഖലകളിലേക്കുള്ള പ്രവേശനത്തിന് തടസ്സമാകാറുണ്ട്. ആ തടസ്സങ്ങൾ കുറയുമ്പോൾ തൊഴിൽ പങ്കാളിത്തം വർധിക്കുകയും അതുവഴി ഉൽപ്പാദനക്ഷമതയും വരുമാന സൃഷ്ടിയും ശക്തിപ്പെടുകയും ചെയ്യും. അതിനാൽ പ്രിയദർശിനിയെ ഒരു ചെലവായി മാത്രം കാണാതെ മനുഷ്യവിഭവ വികസനത്തിനായുള്ള നിക്ഷേപമായി വിലയിരുത്തേണ്ടതാണെന്നാണ് സാമ്പത്തിക വിദഗ്ധരുടെ അഭിപ്രായം.

## വിദ്യാർഥിനികൾക്ക് മികച്ച അവസരങ്ങൾ

ഞാൻ അട്ടപ്പാടിയിൽനിന്നുള്ള വിദ്യാർഥിനിയാണ്. നിലവിൽ പഠനാവശ്യത്തിനായി എറണാകുളത്താണ് താമസിക്കുന്നത്. വീട്ടിൽനിന്ന് അകന്ന് താമസിക്കുന്ന വിദ്യാർഥികൾക്ക് യാത്രാചെലവ് പലപ്പോഴും ഒരു വെല്ലുവിളിയാണ്. പ്രിയദർശിനി പദ്ധതി നിലവിൽ വന്നതോടെ യാത്രയെക്കുറിച്ചുള്ള ആശങ്കകൾ ഗണ്യമായി കുറഞ്ഞു. ഇനി കൂടുതൽ തവണ വീട്ടിലെത്താൻ കഴിയുമെന്നത് വലിയ സന്തോഷമാണ് നൽകുന്നത്. യാത്രാചെലവിന്റെ പേരിൽ മുമ്പ് ഒഴിവാക്കേണ്ടി വന്ന പഠനപരവും വ്യക്തിപരവുമായ നിരവധി അവസരങ്ങളിൽ ഇനി പങ്കെടുക്കാമെന്നത് കൂടുതൽ ആത്മവിശ്വാസം നൽകുന്നു. വിദ്യാർഥിനികൾക്ക് സ്വതന്ത്രമായി സഞ്ചരിക്കാനും പുതിയ അവസരങ്ങൾ തേടിപ്പോകാനും പ്രോത്സാഹനം നൽകുന്ന പദ്ധതിയായാണ് ഞാൻ കാണുന്നത്.'

**ആസിയ**
വിദ്യാർഥിനി, അട്ടപ്പാടി

ഓർഡിനറി സർവീസുകളിലെ യാത്രക്കാരിൽ 64 ശതമാനവും സ്ത്രീകളായതും, മൊത്തം യാത്രക്കാരുടെ എണ്ണത്തിൽ 37.8 ശതമാനം വർധന രേഖപ്പെടുത്തിയതും പദ്ധതി കൂടുതൽ സ്ത്രീകളെ പൊതുഗതാഗതത്തിലേക്ക് ആകർഷിച്ചതിന്റെ വ്യക്തമായ സൂചനയാണ്. സർക്കാർ കെ.എസ്.ആർ.ടി.സിക്ക് യാത്രാനിരക്ക് തിരിച്ചുനൽകുന്ന സംവിധാനവും 'സീറോ ഫെയർ' ടിക്കറ്റുകളിലൂടെ കൃത്യമായ വിവരശേഖരണം നടത്തുന്നതുമൂലം പദ്ധതിയുടെ സാമ്പത്തിക പ്രത്യാഘാതം ശാസ്ത്രീയമായി വിലയിരുത്തുന്നതിനുള്ള സംവിധാനവും ഉറപ്പാക്കിയിട്ടുണ്ട്.

ജനങ്ങളുടെ ജീവിതാനുഭവങ്ങളും സാമ്പത്തിക സാധ്യതകളും സാമൂഹിക പുരോഗതിയും ഒരുമിച്ച് ചേർത്ത് മുന്നോട്ട് കൊണ്ടുപോകുന്ന ഈ പദ്ധതി കൂടുതൽ സമത്വാധിഷ്ഠിതവും ഉൾക്കൊള്ളുന്നതുമായ കേരളത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ സുപ്രധാന പങ്കുവഹിക്കുമെന്നത് നിസ്സംശയമാണ്. ■

നാട്ടു വിശേഷം

യു ഷൈജു

പതിറ്റാണ്ടുകൾ നീണ്ട ആശങ്കകൾക്ക് സർക്കാർ ഇടപെടലിലൂടെ മാനുഷികതയുടെ പുതുനീതി

# തണലൊരുക്കി സർക്കാർ പര്യത്തുകാവിൽ ആശ്വാസപ്പുലരി



പര്യത്തുകാവ് സ്വദേശി പരേതനായ അയ്യപ്പന്റെ ഭാര്യ മമതയും മകനും മന്ത്രി റോജി എം. ജോണിനൊപ്പം

പതിറ്റാണ്ടുകളായി എറണാകുളം ജില്ലയിലെ ഏഴ് ദലിത് കുടുംബങ്ങൾ അനുഭവിക്കുന്ന ദുരിതജീവിതത്തിന്റെ പേരാണ് പര്യത്തുകാവ്. ഭൂമിയുമായി ബന്ധപ്പെട്ട അനിശ്ചിതത്വം ജീവിതപ്രതിസന്ധിയായി മാറിയ കുടുംബങ്ങൾ. സ്വപ്നം കാണാനും ജീവിതം കരുപ്പിടിപ്പിക്കാനും ഒരു കൂരയുടെ തണലുണ്ടെന്ന് ഒരു നിമിഷവും ധൈര്യം കിട്ടാത്തവർ. താമസിക്കുന്ന സ്ഥലവും അവിടെ നിർമിച്ച വീടുകളും തങ്ങളുടേതാണെന്ന് തെളിയിക്കാനാവാത്ത നിസഹായാവസ്ഥയിലായിരുന്നു ഈ കുടുംബങ്ങൾ.

'ഞങ്ങൾക്കും ഭയമില്ലാതെ ജീവിക്കണം, മക്കൾക്ക് നല്ലൊരു ഭാവി വേണം' എന്ന് ആശാ വർക്കറായ ബീന പറയുന്നത് അവരുടെ മാത്രം പ്രശ്നമല്ല. ഇവിടെയുടെയുള്ള ഏഴ് കുടുംബങ്ങളുടെയും നിലവിളിയാണത്. കാൻസർ ബാധിച്ച് ഭർത്താവിനെ നഷ്ടപ്പെട്ട ബീന എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് മക്കളുടെ ഭാവിക്കായി പോരാടുകയാണ്. സുരക്ഷിതമായ ജീവിതവും സ്വന്തം ഭൂമിയിൽ സമാധാനത്തോടെ ജീവിക്കാനുമുള്ള ആഗ്രഹമാണ് അവരുടെ ഏറ്റവും വലിയ പ്രതീക്ഷ.

ചില്ലറകൾ കൂട്ടിവെച്ച് കെട്ടിപ്പൊക്കിയ വീടും അതിനൊപ്പം ചേർത്തുവെച്ച സ്വപ്നങ്ങളും സ്വന്തമാകുമെന്ന് പ്രതീക്ഷിച്ച നേരത്തൊക്കെയും ഒന്നിന് പിറകേ ഒന്നായി പ്രശ്നങ്ങളും പ്രതിസന്ധികളും വന്നുതുടങ്ങി. വർഷങ്ങളായി താമസിച്ച ഭൂമിയും വീടും നഷ്ടപ്പെടുമെന്ന അവസ്ഥ വന്നു. കഷ്ടപ്പെട്ടുണ്ടാക്കിയ വീട് പൊളിച്ചു കളയുമ്പോൾ ആരുടെയും ഉള്ളൊന്ന് പിടയും. കണ്ടു നിൽക്കാൻ കഴിഞ്ഞെന്ന് വരില്ല. സ്വന്തം പേരിലല്ലാതെ ഭൂമിയിൽ ആശങ്കകൾക്ക് മേൽ പണിത വീട്ടിൽ ഇനിയുമെത്രനാൾ എന്നവർ ഉള്ളുരുകി. പലരുടെയും മുന്നിൽ പോയി പറഞ്ഞു നോക്കി, പലതരം സമരങ്ങളും ചർച്ചകളും നടത്തി, പക്ഷേ ആവശ്യങ്ങൾകക്ക് ഫലം കണ്ടില്ലെന്ന് ബീന പറയുന്നു.

അഞ്ചു പതിറ്റാണ്ടുകൾ നീണ്ട അനിശ്ചിതത്വത്തിന്റെയും ആശങ്കകളുടെയും നാളുകൾക്ക് വിരാമമാകയാണ്. ഇന്നുവരെ കേരളം കാണാത്ത വ്യത്യസ്തമായ ഒരു ഇടപെടലിലൂടെ  അവർക്ക് നീതിയുടെയും സമാശ്വാസത്തിന്റെയും തണലൊരുങ്ങുക



**പര്യത്തുകാവ് നിവാസികളുമായി വി.പി.സജീന്ദ്രൻ എംഎൽഎ, ജില്ലാ കളക്ടർ ജി.പ്രിയങ്ക, എറണാകുളം റൂറൽ എസ്.പി കെ.എസ്. സുദർശൻ തുടങ്ങിയവർ ചർച്ച നടത്തുന്നു**

യാണ്. പര്യത്തുകാവിൽ അവർ താമസിച്ച മണ്ണിനോട് ചേർന്ന് പുതുവീടിന് ഈ മാസം തറക്കല്ലിടും. ഒരു വർഷത്തിനുള്ളിൽ 1000 ചതുരശ്ര അടിയുള്ള വീടും യാഥാർഥ്യമാകും.

## ചരിത്രം

അഞ്ചു പതിറ്റാണ്ട് നീണ്ടുനിന്ന ഭൂതർക്കം, കോടതി നടപടികൾ, ഒഴിപ്പിക്കൽ ഭീഷണി, പ്രതിഷേധങ്ങൾ- ഇവയൊക്കെയാണ് പര്യത്തുകാവ് എന്ന പേരിനൊപ്പം കേരളം കേട്ടിരുന്നത്. വർഷങ്ങൾ നീണ്ട പോരാട്ടത്തിനൊടുവിൽ ഭൂമിയുടെ ഉടമസ്ഥാവകാശം സ്വകാര്യവ്യക്തിക്കാണെന്ന് സുപ്രീം കോടതി വ്യക്തമാക്കിയ സാഹചര്യത്തിലാണ് വർഷങ്ങളായി അവിടെ ജീവിച്ചിരുന്ന കുടുംബങ്ങളുടെ ജീവിതം എങ്ങനെ സംരക്ഷിക്കപ്പെടാം എന്ന വിഷയം സർക്കാരിന്റെ മുന്നിലേക്കെത്തുന്നത്.

വി.ഡി.സതീശൻ സർക്കാർ അധികാരത്തിൽ വന്നതോടെ പ്രശ്നബാധിതരായ കുടുംബങ്ങൾ തങ്ങളുടെ ആവശ്യങ്ങൾ പുതിയ സർക്കാരിനു മുന്നിൽ വീണ്ടും അവതരിപ്പിച്ചു. ചർച്ചകൾക്ക് സർക്കാർ മുൻകൈയെടുത്തു. പര്യത്തുകാവുകാരെ വഴിയാധാരമാക്കില്ലെന്നു മുഖ്യമന്ത്രി നിയമസഭയിൽ ഉറപ്പുനൽകി. ഇതിന്റെ അടിസ്ഥാനത്തിൽ, മുഖ്യമന്ത്രിയുടെ നിർദേശാനുസരണം, എറണാകുളം ജില്ലയുടെ ചുമതലയുള്ള ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം.ജോണിന്റെ നേതൃത്വത്തിൽ സർക്കാർ അവരെ കേൾക്കാൻ തീരുമാനിച്ചു. പ്രയാസം നേരിടുന്ന കുടുംബങ്ങൾ, ഭൂമിയുടെ അവകാശികൾ, വി.പി.സജീന്ദ്രനൻ എംഎൽഎ അടക്കമുള്ള ജനപ്രതിനിധികൾ, ജില്ലാ കളക്ടർ ജി.പ്രിയങ്ക, എറണാകുളം റൂറൽ എസ്.പി കെ.എസ്. സുദർശൻ എന്നിവരുടെ നേതൃത്വത്തിൽ വിവിധതലങ്ങളിലെ സർക്കാർ ഉദ്യോഗസ്ഥർ എന്നിവരുമായി നടത്തിയ തുടർച്ചയായ ചർച്ചകളിലൂടെ സമവായത്തിന് വഴിയൊരുങ്ങി.

അഞ്ച് തവണകളായി ചർച്ചകളും ഉപ ചർച്ചകളും നടന്നു. ചില ചർച്ചകൾ രാവേറെ നീണ്ടു. പ്രശ്നബാധിതരുടെ ആവശ്യങ്ങൾ കേട്ട് ഒരു ഒത്തുതീർപ്പ് വ്യവസ്ഥയിലേക്ക് എത്തിച്ചേരുന്നതിനായി അവരുമായി ഒറ്റക്കും കൂട്ടായും ചർച്ചകൾ നടത്തി. ചർച്ചകളുടെ ഓരോ ഘട്ടവും മുഖ്യമന്ത്രിയെ അറിയിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ഒടുവിൽ എല്ലാവർക്കും സ്വീകാര്യമായ പരിഹാരം കണ്ടെത്താനായി.

> **ഭൂതർക്കത്തിന്റെ ഒത്തുതീർപ്പ് മാത്രമല്ല, സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള ഇടപെടലിലൂടെ നിയമവും നീതിയും മാനുഷികതയും ഒരുമിച്ച് മുന്നോട്ടുപോകാൻ കഴിയുമെന്നതിന്റെ മികച്ച ഉദാഹരണം കൂടിയാണ് പര്യത്തുകാവ്.**


## പരിഹാരം

ഏഴ് കുടുംബങ്ങൾക്കും അതേ വസ്തുവിൽ തന്നെ അഞ്ച് സെന്റ് സ്ഥലവും അതിലേക്ക് ആവശ്യമുള്ള റോഡ് സൗകര്യവും ഏർപ്പെടുത്തും. അതിന് ആവശ്യമായ സ്ഥലം നൽകാൻ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഭൂവുടമകൾ തയ്യാറായി. ഒരു വർഷത്തിനുള്ളിൽ സർക്കാർ മേൽനോട്ടത്തിൽ ആയിരം ചതുരശ്ര അടിയിൽ വീടുകൾ വെച്ചു നൽകാനും തീരുമാനിച്ചു. പുതിയ വീടുകൾ പൂർത്തിയാകുന്നതുവരെ നിലവിലെ വീടുകളിൽ തുടരാനും ഇപ്പോൾ താമസിക്കുന്ന സ്ഥലത്തെ മരം മുറിച്ചുമാറ്റുന്നതിന് ഇവർക്ക് അനുവാദം നൽകാനും ധാരണയായി. പട്ടികജാതി വികസനവകുപ്പിൽ നിന്നും ലഭ്യമാക്കാവുന്ന എല്ലാ ആനുകൂല്യങ്ങളും അടിയന്തിരമായി നൽകുന്നത് ഉറപ്പാക്കാൻ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് ചുമതല നൽകി.

കുടിയൊഴിപ്പിക്കലുമായി ബന്ധപ്പെട്ട സമരങ്ങളുടെ ഭാഗമായുള്ള മുഴുവൻ കേസുകളും പിൻവലിക്കാനും കോടതി വിധി സമാധാനപരമായി നടപ്പാക്കാനും ധാരണയുണ്ടായി. വീട് പണി പൂർത്തിയാകുന്നത് വരെയുള്ള മുഴുവൻ കാര്യങ്ങളുടെയും മേൽനോട്ട ചുമതല മൂവാറ്റുപുഴ ആർ.ഡി.ഒ, ഡി.വൈ.എസ്.പി എന്നിവർക്ക് നൽകി. എല്ലാ ആഴ്ചയും പുരോഗതി റിപ്പോർട്ട് ജില്ലാ കളക്ടർ പരിശോധിച്ച് വിലയിരുത്തും.

ഭൂതർക്കത്തിന്റെ ഒത്തുതീർപ്പ് മാത്രമല്ല, സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള ഇടപെടലിലൂടെ നിയമവും നീതിയും മാനുഷികതയും ഒരുമിച്ച് മുന്നോട്ടുപോകാൻ കഴിയുമെന്നതിന്റെ മികച്ച ഉദാഹരണം കൂടിയാണ് പര്യത്തുകാവ്. പ്രശ്നബാധിതരെ ചേർത്തുപിടിച്ചുകൊണ്ടായിരിക്കും സർക്കാർ മുന്നോട്ട് പോകുകയെന്ന പുതുനീതിയുടെ പ്രഖ്യാപനം കൂടിയായിരുന്നു അത്. ■

**ജൂലൈ 21ന് മറ്റൊരു ചാന്ദ്രദിനം കൂടി കടന്നുപോകുമ്പോൾ പുതിയ ചാന്ദ്രയാത്രകളുടെ സാദ്ധ്യതകൾ തേടുകയാണ് ലോകം.**




# വീണ്ടും ചിറകുമുളയ്ക്കുന്ന ചാന്ദ്രയാത്രകൾ

മനുഷ്യന് ഒരു ചെറിയ കാൽവയ്പ്; എന്നാൽ മാനവരാശിക്കോ ഒരു വൻ കുതിച്ചുചാട്ടവും." 1969 ജൂലൈ 21ന് ചന്ദ്രനിൽ ആദ്യമായി കാലുകുത്തിയ നീൽ ആംസ്ട്രോങ്ങിന്റെ വാക്കുകളാണിത്. 1969 ജൂലൈ 16- നാണ് നീൽ ആംസ്ട്രോങ്ങ്, എഡ്വിൻ ആൽഡ്രിൻ, മൈക്കൽ കോളിൻസ് എന്നിവർ അപ്പോളോ 11 പേടകത്തിലേറി ഭൂമിയിൽ നിന്നു കുതിച്ചുയർന്നത്.

നീൽ ആംസ്ട്രോങ്ങ് ആണ് ആദ്യമായി ചന്ദ്രനിൽ കാലുകുത്തിയത്. രണ്ടാമതായി എഡ്വിൻ ആൽഡ്രിനും. കോളിൻസ് പേടകത്തെ നിയന്ത്രിച്ചു. ചന്ദ്രനിൽ നിന്നുള്ള ഭൂമിയുടെ മനോഹര ദൃശ്യത്തെ "ബിഗ്, ബ്രൈറ്റ്ആന്റ് ബ്യൂട്ടിഫുൾ ' എന്നാണ് ആംസ്ട്രോങ്ങ് വിശേഷിപ്പിച്ചത്.

ഇതുവരെ 12 മനുഷ്യരാണ് ചന്ദ്രനിൽ കാലുകുത്തിയത്. 1972 ൽ അപ്പോളോ 17 ദൗത്യത്തിലെ യാത്രികനായ യൂജിൻ സെർനാൻ ചന്ദ്രനിൽഇറങ്ങിയതിനു ശേഷം മനുഷ്യനെയും വഹിച്ചുകൊണ്ടുള്ള ചാന്ദ്ര ദൗത്യങ്ങൾക്ക് വലിയൊരു ഇടവേള തന്നെ വന്നു. നാസയുടെ ആർടെമിസ് ദൗത്യം സജീവമായതോടെ മനുഷ്യനെയും വഹിച്ചുകൊണ്ടുള്ള ചാന്ദ്രയാത്രകൾക്ക്

വീണ്ടും ചിറകുകൾ മുളയ്ക്കുകയാണ്.

## ചന്ദ്രയാൻ 3-ഇന്ത്യയുടെ സ്പേസ് ഒഡീസ്സി

അക്ഷരാർഥത്തിൽ ഇന്ത്യയുടെ സ്പേസ് ഒഡീസ്സി തന്നെയാണ് ചന്ദ്രയാൻ ദൗത്യങ്ങൾ. ഞാൻ ലക്ഷ്യസ്ഥാനത്തെത്തി: നിങ്ങളും. 2023 ആഗസ്റ്റ്-23-ന് ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ വിജയകരമായി സോഫ്റ്റ് ലാന്റിങ് നടത്തിയ ചന്ദ്രയാൻ-3 ലാൻഡറിൽ നിന്നുള്ള ഈ സന്ദേശം നമ്മുടെ ആഹ്ലാദവും അഭിമാനവും വാനോളം ഉയർത്തി. 2023 ജൂലൈ 14 ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്ന് എൽവിഎം 3എം4 റോക്കറ്റിലേറിയാണ് ചന്ദ്രയാൻ-3 കുതിച്ചുയർന്നത്. ആഗസ്റ്റ് 23 ന് സോഫ്റ്റ് ലാൻഡിങ് വിജയകരമായതോടെ ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ പേടകം ഇറക്കുന്ന ആദ്യരാജ്യം എന്ന റെക്കോഡും ചന്ദ്രനിൽ സ്വന്തമായി പേടകം ഇറക്കുന്ന നാലാമത്തെ രാജ്യം എന്ന നേട്ടവും ഇന്ത്യയ്ക്ക് സ്വന്തമായി. പ്രൊപ്പൽഷൻ മൊഡ്യൂൾ, വിക്രംലാൻഡർ, പ്രഗ്യാൻ റോവർ എന്നിവയാണ് ചന്ദ്രയാൻ-3 ദൗത്യത്തിൽ ഉൾക്കൊള്ളിച്ചത്.ചന്ദ്രന്റെ ദക്ഷിണധ്രുവത്തിലെ മാൻസിനസ് സി, സിംപേലിയസ് എൻ എന്നീ പട്ടക്കുറ്റൻ ഗർത്തങ്ങൾക്കിടയിലെ സമതലത്തിലാണ് ചന്ദ്രയാൻ-3 യിലെ ലാൻഡർ സോഫ്റ്റ് ലാൻഡിങ് നടത്തിയത്. ചന്ദ്രയാൻ-3 ദൗത്യത്തിൽ ശാസ്ത്രജ്ഞരും എഞ്ചിനീയർമാരുമായി 54 വനിതകൾ പ്രവർത്തിച്ചു എന്നതും ഏറെ അഭിമാനം പകരുന്ന കാര്യമാണ്.

## ലോകം ശ്രദ്ധിച്ച ദൗത്യങ്ങൾ, വിസ്മയ നേട്ടങ്ങൾ

ജിഎസ്എൽവി മാർക്ക് 3 റോക്കറ്റിലേറി 2019 ജൂലൈ 22 ന് യാത്രതിരിച്ച ചന്ദ്രയാൻ-2 സോഫ്റ്റ് ലാൻഡിങ് പരാജയപ്പെട്ടെങ്കിലും ഓർബിറ്റർ ചന്ദ്രനു ചുറ്റും സഞ്ചരിച്ച് വിലപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നുണ്ട്. ചന്ദ്രയാൻ-3 യിലെ ലാൻഡറും ചന്ദ്രയാൻ-2 വിലെ ഓർബിറ്ററും തമ്മിലുള്ള ആശയവിനിമയം സാധ്യമായതും ശ്രദ്ധേയമായി. വെറും 978 കോടി രൂപ ചെലവിൽ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സാദ്ധ്യമാക്കിയ ഈ ചാന്ദ്ര ദൗത്യംലോക ശ്രദ്ധ കവരുകയും ചെയ്തു. ചന്ദ്രയാൻ 2 ദൗത്യസംഘത്തിൽ മുപ്പതു ശതമാനത്തോളം വനിതകളായിരുന്നു എന്ന പ്രത്യേകതയുമുണ്ട്. ഈ സങ്കീർണ്ണ ദൗത്യത്തിന് ചുക്കാൻ പിടിച്ചത് രണ്ട് വനിതകളാണ്. പ്രോജക്റ്റ് ഡയറക്ടർ മുത്തയ്യയും മിഷൻ ഡയറക്ടർ റിതു കരിധാളും.

2008 ഒക്ടോബർ 22-നാണ് പി എസ് എൽ വി സി 11 റോക്കറ്റിൽ ഇന്ത്യയുടെ ആദ്യ ചാന്ദ്ര ദൗത്യമായ ചന്ദ്രയാൻ 1 വിക്ഷേപിച്ചത്. പതിനൊന്നു പേലോഡുകളെയും വഹിച്ചുകൊണ്ടായിരുന്നു യാത്ര (അഞ്ചെണ്ണംഇന്ത്യയുടേതും ബാക്കി മറ്റ രാജ്യങ്ങളുടേതും). ഇതിലെ ഉപകരണങ്ങൾ വിലപ്പെട്ട വിവരങ്ങളും ദൃശ്യങ്ങളും ലഭ്യമാക്കി. 2008 നവംബർ 14 ന് മൂൺ ഇംപാക്റ്റ് പ്രോബ് മാതൃപേടകത്തിനുള്ളിൽ നിന്നു വേർപെട്ട് ചന്ദ്രോപരിതലത്തിൽ ദക്ഷിണധ്രുവത്തിനടുത്ത് ഇറങ്ങി. പേടകത്തിലുണ്ടായിരുന്ന ഐഎസ്ആർഒ യുടെ മൂൺ ഇംപാക്റ്റ്പ്രോബ്, നാസയുടെ മൂൺ മിനറോളജി മാപ്പർ, മിനിസാർ എന്നീ ഉപകരണങ്ങളാണ് ചാന്ദ്രമണ്ണിലുള്ള ജലാംശത്തിന്റെ സാന്നിധ്യത്തെക്കുറിച്ചും ചന്ദ്രനിലെ ധ്രുവങ്ങളിൽ ഐസിന്റെ രൂപത്തിൽ ധാരാളമായുള്ള ജലസാന്നിധ്യത്തെക്കുറിച്ചും വിവരങ്ങൾ നൽകിയത്.

## പുതിയ ദൗത്യങ്ങൾ, സാധ്യതകൾ

ഇന്ത്യയുടെ ആദ്യ ചാന്ദ്ര സാമ്പിൾ ശേഖരണ ദൗത്യമായ ചന്ദ്രയാൻ 4 അണിയറയിൽ ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. അഞ്ചു മൊഡ്യൂളുകളും ഡോക്കിങ് പ്രവർത്തനവും സാമ്പിൾ ശേഖരിച്ച് ഭൂമിയിലേക്കുള്ള മടക്കവും ഒക്കെ ഇതിലുൾപ്പെടുന്നു. ലൂപെക്സ് (ലൂണാർ പോളാർ എക്സ്പ്ലൊറേഷൻ) ദൗത്യത്തിൽ ജപ്പാനുമായി ചേർന്ന് ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിലെ ജല-ഐസ് നിക്ഷേപങ്ങളെക്കുറിച്ച് വിശദമായി പഠിക്കാനും പദ്ധതിയുണ്ട്.

## ചന്ദ്രനെ വലംവച്ച് ആർടെമിസ് യാത്രികർ

2022 നവംബർ 16-ന് വിക്ഷേപിച്ച ആർടെമിസ്-1 ഒരു ആളില്ലാ ദൗത്യമായിരുന്നു. എസ് എൽ എസ് റോക്കറ്റിലേറി കുതിച്ച ഓറിയോൺ ബഹിരാകാശ പേടകം ചന്ദ്രനെ ചുറ്റിക്കറങ്ങി 25 ദിവസത്തിനു ശേഷം ഭൂമിയിൽ തിരിച്ചെത്തി.

1972-നു ശേഷം മനുഷ്യനെ ചന്ദ്രനു സമീപത്തേക്ക് എത്തിച്ച ആർടെമിസ് 2, 2026 ഏപ്രിൽ 1-ന് ഫ്ലോറിഡയിലെ കെന്നഡി സ്പേസ് സെന്ററിൽ നിന്നും എസ് എൽ എസ് ബ്ലോക്ക്-3 റോക്കറ്റിൽ ഓറിയോൺ പേടകത്തിലേറിയാത്രതിരിച്ചത് റീഡ് വൈസ്മാൻ (കമാൻഡർ), വിക്ടർ ഗ്ലോവർ(പൈലറ്റ്), ക്രിസ്റ്റീന കോക്ക് (മിഷൻ സ്പെഷ്യലിസ്റ്റ്), ജെറമിഹാൻസൺ (മിഷൻ സ്പെഷ്യലിസ്റ്റ്) എന്നിവർ ആയിരുന്നു.അതോടെ ചന്ദ്രനു സമീപത്തേക്ക് സഞ്ചരിച്ച ആദ്യ വനിത എന്നറെക്കോഡ് ക്രിസ്റ്റീന കോക്ക് സ്വന്തമാക്കുകയും ചെയ്തു. ചന്ദ്രനെവലം വച്ച ഓറിയോൺ പേടകം 2026 ഏപ്രിൽ 10-ന് കാലിഫോർ



**പേടകത്തിലുണ്ടായിരുന്ന ഐഎസ്ആർഒ യുടെ മൂൺ ഇംപാക്റ്റ്പ്രോബ്, നാസയുടെ മൂൺ മിനറോളജി മാപ്പർ, മിനിസാർ എന്നീ ഉപകരണങ്ങളാണ് ചാന്ദ്രമണ്ണിലുള്ള ജലാംശത്തിന്റെ സാന്നിധ്യത്തെക്കുറിച്ചും ചന്ദ്രനിലെ ധ്രുവങ്ങളിൽ ഐസിന്റെ രൂപത്തിൽ ധാരാളമായുള്ള ജലസാന്നിധ്യത്തെക്കുറിച്ചും വിവരങ്ങൾ നൽകിയത്**



ണിയ തീരത്തിനു സമീപം പസിഫിക്കിൽ യാത്രികരുമായി സുരക്ഷിതമായി സ്പ്ലാഷ് ഡൗൺ നടത്തി ചരിത്രം കുറിച്ചു.

## ഭാവി ദൗത്യങ്ങളും ലൂണാർ ഗേറ്റ്‌വേയും

നാസയും ഇലോൺ മസ്ക്കിന്റെ സ്പേസ് എക്സും ജെഫ് ബെസോസിന്റെ ബ്ലൂ ഒറിജിനും കൈകോർക്കുന്ന 2027-ലെ ആർടെമിസ്-3 ദൗത്യത്തിൽ ഓറിയോൺ പേടകത്തിൽ നാലു യാത്രികരാണുണ്ടാവുക. ഇത് ഭൂമിയുടെ ലോ എർത്ത് ഓർബിറ്റിൽ എത്തി സ്പേസ് എക്സിന്റെയും ബ്ലൂ ഒറിജിനിന്റെയും ലാൻഡറുകളുമായി ഡോക്കിങ് നടത്തും. ആശയവിനിമയം, ജീവൻ രക്ഷാസംവിധാനങ്ങൾ, പ്രൊപ്പൽഷൻ സംവിധാനങ്ങൾ, ബഹിരാകാശത്ത് ഇവയുടെ സംയുക്തപ്രവർത്തനങ്ങൾ എന്നിവയൊക്കെ വിശദമായി പഠിക്കുകയും പരിശോധിക്കുകയും ചെയ്യും. 2028-ൽ ചന്ദ്രനിലെ ദക്ഷിണധ്രുവത്തിൽ മനുഷ്യനെ എത്തിക്കാൻ ഒരുങ്ങുന്ന ആർടെമിസ്-4 ദൗത്യത്തിന് ഇത് കരുത്തേകും. ചന്ദ്രനെ ചുറ്റിസഞ്ചരിക്കുന്ന ലൂണാർ ഗേറ്റ്‌വേ എന്ന ചെറു ബഹിരാകാശ നിലയവും ആർടെമിസ് പദ്ധതിയുടെ ഭാഗമായി നാസ വിഭാവനം ചെയ്യുന്നുണ്ട്.

## നിർണ്ണായക ദൗത്യങ്ങൾ വേറെയും

നിരവധി അപ്പോളോ ദൗത്യങ്ങളിലൂടെയും സർവേയർ, റേഞ്ചർ, ലൂണാർ ഓർബിറ്റർ ദൗത്യങ്ങളിലൂടെയും ഒട്ടേറെ ചാന്ദ്ര ദൗത്യങ്ങളിൽ വിജയം കണ്ട നാസയുടെ LCROSS (2009), GRAIL (2011), LADEE (2011), CAPSTONE (2022) തുടങ്ങിയ ദൗത്യങ്ങളും ശ്രദ്ധേയമായി. ലൂണ സീരീസിലെ വിവിധ ദൗത്യങ്ങളിലൂടെ ചാന്ദ്ര പര്യവേക്ഷണങ്ങളിൽ പല തവണ വെന്നിക്കൊടി പാറിച്ച റഷ്യയുടെ 1976-ലെ ലൂണ-24 നു ശേഷമുള്ള ചാന്ദ്ര ദൗത്യമായ ലൂണ-25, 2023-ൽ ചന്ദ്രനിലേക്ക് പറന്നെങ്കിലും സോഫ്റ്റ് ലാന്റിങ്ങിനിടെ തകരുകയായിരുന്നു. ലൂണ-26, 27,28 ദൗത്യങ്ങളിലൂടെ നിർണ്ണായക നേട്ടങ്ങൾ കൈപ്പിടിയിൽ ഒതുക്കാനുള്ള ഒരുക്കത്തിലാണിപ്പോൾ റഷ്യൻ ബഹിരാകാശ ഏജൻസിയായ റോസ്കോമോസ്. 2019-ൽ ചൈനയുടെ ചാങ്-ഇ-4 പേടകം ചന്ദ്രനിലെ ഇരുണ്ടഭാഗത്തിറങ്ങിയതും അവിടെ പരുത്തിക്കുരുവിത്ത് മുളപ്പിച്ച് പരീക്ഷണങ്ങൾ നടത്തിയതും, 2024-ൽ ചാങ്-ഇ-6 പേടകം ചന്ദ്രന്റെ മറുവശത്തുനിന്ന് (ഭൂമിയിൽ നിന്ന് നോക്കിയാൽ നേരിട്ട് കാണാൻ കഴിയാത്ത വശം) സാമ്പിളുകൾ ശേഖരിച്ച് ഭൂമിയിലേക്ക് എത്തിച്ചതും ലോകശ്രദ്ധ നേടി. യൂറോപ്യൻ സ്പേസ് ഏജൻസിയുടെ സ്മാർട്ട്-1, ജപ്പാൻ ബഹിരാകാശ ഏജൻസി ജാക്സയുടെ കാഗുയ (സെലിൻ) , സ്ലിം (SLIM) എന്നീ ചാന്ദ്ര ദൗത്യങ്ങളും ശ്രദ്ധേയമായി. ■

# ദി ഫുട്ബോൾ ക്യാബിനറ്റ്



ലോകം ഒരു കാൽപന്തോളം ചുരുങ്ങുകയും ഹൃദയം പുൽമൈതാനങ്ങളിലെ പന്തുരുളലുകളിൽ കൊരുത്തിടുകയും ചെയ്യുന്ന മറ്റൊരു ലോകകപ്പ് ഫുട്ബോൾ കാലം. യുഎസ്എ, കാനഡ, മെക്സിക്കോ എന്നിവിടങ്ങളിലെ മൈതാനങ്ങളിലാണ് മത്സരങ്ങൾ നടക്കുന്നതെങ്കിലും ലോകമെങ്ങും അതിന്റെ ആരവങ്ങളുയരുന്നു. ഓരോ ഗോൾവലക്കുലുക്കത്തിലും ലോകത്തിന്റെ ഹൃദയമിടിപ്പുയരുന്നു, ചിലപ്പോൾ നെഞ്ചുപൊട്ടി കരയുന്നു.

**തിരക്കുകൾക്കിടയിലും ഫുട്ബോളാരവങ്ങൾക്ക് കാതോർക്കുന്നുണ്ട് നമ്മുടെ മന്ത്രിമാരും. അവരുടെ കാൽപ്പന്തനുഭവങ്ങളിലേക്ക്....**

# സിദാൻ, ഇന്നും ഒരു നോവോർമ്മ

ഒ ജെ ജനീഷ്
കായിക-യുവജനക്ഷേമ വകുപ്പ് മന്ത്രി

തോറ്റു പോകാൻ മനസില്ലാത്തവർക്ക് പൊരുതി വിജയിക്കാൻ അവസാന നിമിഷവും സാധ്യതകൾ അവശേഷിപ്പിക്കുന്ന മാന്ത്രികതയാണ് കാൽപ്പന്തുകളിയുടെ വിസ്മയം. എല്ലാ മലയാളികളെയും പോലെ ഫുട്ബോൾ എനിക്കും ഇഷ്ടമാണ്. തിരക്കുകൾക്കിടയിലും ലോകകപ്പ് കാണുന്നതിന് സമയം കണ്ടെത്താറുണ്ട്.

സ്കൂൾ കാലഘട്ടത്തിൽ സ്കൂൾ ഗ്രൗണ്ടിലും പാടത്തുമൊക്കെ കൂട്ടുകാർക്കൊപ്പം കളിച്ചിരുന്നു. ഒരു പന്തിനു പുറമെ കൂട്ടമായുള്ള ഓട്ടമാണ്. കളി നിയമങ്ങൾ ഒന്നും ഞങ്ങൾക്ക് ബാധകമല്ല. ഓഫ് സൈഡ് ഇല്ല, പെനാൽറ്റിയോ ഫൗളോ ഇല്ല. എല്ലാവരും ചിലപ്പോൾ ഫോർവേഡ് ആകും, ചിലപ്പോൾ ബാക്കും. ഒരാൾ മാത്രമേ തുടർച്ചയായി ഒരു പൊസിഷനിൽ കാണൂ, അത് ഗോളിയാണ്. പ്രാദേശിക ക്ലബ് മത്സരം കാണുന്നതിനിടെ ആവേശം കയറി ഗോൾ പോസ്റ്റിനുപുറകിൽ പോയിനിന്ന് ഹൈഷോട്ടുകൾ മുഖത്തടിച്ച് പരിക്കേറ്റ ഓർമ്മയുണ്ട്.

എന്റെ പഞ്ചായത്തിൽ കുറച്ചു ക്ലബ്ബുകൾ അന്ന് സജീവമായിരുന്നു. കച്ചേരി ബ്രദേഴ്സ് ഫുട്ബോൾ ക്ലബ് ആയിരുന്നു വലിയ ടൂർണമെന്റുകൾ സംഘടിപ്പിച്ചിരുന്നത്. പ്രദേശത്തെ ചെറുപ്പക്കാരെല്ലാം ആ ക്ലബ്ബിന്റെ ഭാഗമായിരുന്നു. കെ.ബി.എഫ്.സി സംഘടിപ്പിക്കുന്ന ടൂർണമെന്റുകളിൽ ഗ്രൗണ്ടിൽ കളി കാണുന്ന ആവേശക്കൂട്ടങ്ങൾ ഉണ്ടാക്കുന്ന ആരവമാണ് ആദ്യകാല ഫുട്ബോൾ ഓർമ്മകൾ. ഡ്രീംസ്, ടാഗോർ, ശോഭനാ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ് തുടങ്ങി വേറെയും ക്ലബുകൾ നാട്ടിലുണ്ടായിരുന്നു. ആദ്യകാലത്ത് കാലിൽ പട്ടീസ് കെട്ടിയാണ് കളിച്ചിരുന്നത്. പിന്നീട് ബൂട്ട്സിലേക്ക് മാറി. അതൊക്കെ കഴിഞ്ഞ് ഫ്ളഡ്ലിറ്റ് ടൂർണമെന്റുകൾ സംഘടിപ്പിക്കാൻ തുടങ്ങി. എന്നാൽ പുതിയ തലമുറ ആ പ്രവർത്തനങ്ങൾ ഏറ്റെടുത്തില്ല. അത്തരം ക്ലബുകൾക്ക് പതിയെ സജീവത നഷ്ടപ്പെട്ടു.

സ്കൂൾ കാലഘട്ടത്തിൽ ഏറ്റവും ഇഷ്ടപ്പെട്ട ഫുട്ബോൾ താരം സിനദിൻ സിദാൻ ആയിരുന്നു. പിന്നീട് എപ്പോഴോ സ്നേഹം മെസ്സിയോടായി. കഴിഞ്ഞ ലോകകപ്പിൽ മെസ്സിയെപ്പോലെ തന്നെ അമ്പരപ്പിച്ച പ്രകടനം കാഴ്ച്ചവെച്ച എംബാപ്പെയോടും ആരാധന തോന്നിയിരുന്നു. മെസ്സി ഗോളടിക്കണമെന്നും അർജന്റീന കപ്പെടുക്കണമെന്നും ആഗ്രഹിച്ചപ്പോൾതന്നെ എംബാപ്പെയുടെ തകർപ്പൻ പ്രകടനത്തിന്റെയും ഫാനായി മാറി.

2006-ലെ ഫിഫ ലോകകപ്പ് ഫൈനലിൽ ഫ്രഞ്ച് താരം സിനദിൻ സിദാൻ ഇറ്റാലിയൻ താരം മാർക്കോ മറ്റെരാസിയെ നെഞ്ചിൽ തലകൊണ്ട് ഇടിച്ച് ചുവപ്പ് കാർഡ് കണ്ടു പുറത്തുപോകുന്ന നിമിഷം എത്രയോ ഫുട്ബോൾ ആരാധകരെ നിരാശപ്പെടുത്തി. ഏറെ ആരാധിച്ച ഒരാൾ കരിയറിലെ സുപ്രധാന മത്സരത്തിൽനിന്ന് പുറത്തുപോകുന്ന നിമിഷം. ഹൃദയം നുറുങ്ങുന്ന വേദനയോടെയാണ് ഞാനും അത് കണ്ടത്.

കേരളം ഫുട്ബോൾ പ്രേമികളുടെ നാടാണ്. ഒരുപക്ഷേ ലോകകപ്പ് നേടുന്ന ഏതു നാടിനേക്കാളും ആരാധകർ അവർക്ക് കേരളത്തിന്റെ മുക്കിലും മൂലയിലും കാണും. ഇന്ത്യ ലോകകപ്പ് കളിക്കുന്ന കാലം ഉണ്ടായാൽ ഉറപ്പായും അതിൽ പ്രധാന കളിക്കാർ കേരളത്തിൽ നിന്നു മാകും, അങ്ങനെ ആകണം എന്നാണ് കായിക വകുപ്പിന്റെ താൽപര്യം.

കേരളത്തിലെ ഫുട്ബോൾ പ്രേമികൾക്ക് ആഹ്ലാദിക്കാനുള്ള അവസരവും ഇത്തവണ ബജറ്റിൽ സർക്കാർ നൽകി. മലബാറിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുട്ബോൾ സ്റ്റേഡിയം ആരംഭിക്കുമെന്ന പ്രഖ്യാപനം കേരള യുവതയുടെ ഫുട്ബോൾപ്രേമത്തിന് സർക്കാർ നൽകുന്ന അംഗീകാരം കൂടിയാണ്.





# മെസ്സിക്കരുത്തിൽ അർജന്റീന

ഫുട്ബോൾ എനിക്ക് വെറുമൊരു കളി മാത്രമല്ല, ഒരുപാട് നല്ല ഓർമ്മകൾ സമ്മാനിച്ച മനോഹരമായ ഒരനുഭവമാണ്. കുട്ടിക്കാലത്തെ മൈതാനങ്ങളിലെ കളിയാവേശത്തിൽ നിന്നാണ് ഫുട്ബോളിനോടുള്ള എന്റെ ഇഷ്ടം തുടങ്ങുന്നത്. അർജന്റീനയാണ് എന്റെ പ്രിയപ്പെട്ട ടീം. കളിക്കളത്തിൽ വിസ്മയങ്ങൾ തീർക്കുന്ന ലയണൽ മെസ്സിയുടെ മാസ്മരിക പ്രകടനങ്ങൾ എന്നും വലിയ കൗതുകത്തോടെയാണ് ഞാൻ ആസ്വദിക്കാറുള്ളത്. ഇത്തവണ മെസ്സിയുടെ കരുത്തിൽ അർജന്റീന തന്നെ ലോകകപ്പിൽ മുത്തമിടട്ടെ എന്നാണ് എന്റെ ആഗ്രഹം.

എങ്കിലും, ലോക ഫുട്ബോളിലെ മറ്റൊരു ഇതിഹാസമായ ക്രിസ്റ്റ്യാനോ റൊണാൾഡോ തന്റെ കരിയറിൽ ഒരു ലോകകപ്പ് തീർച്ചയായും അർഹിക്കുന്നുണ്ട്. ഒപ്പം ഫ്രഞ്ച് താരം എംബാപ്പെയുടെ അതിശയിപ്പിക്കുന്ന വേഗതയെക്കുറിച്ചും പറയാതിരിക്കാനാവില്ല. കളിക്കളത്തിലെ ഈ പോരാട്ടവീര്യം ലോകമെമ്പാടുമുള്ള കായികപ്രേമികൾക്കിടയിൽ ഒരുമയുടെയും സാഹോദര്യത്തിന്റെയും വലിയ സന്ദേശം പകരട്ടെ എന്ന് ആശംസിക്കുന്നു.

**പി.കെ.കുഞ്ഞാലിക്കുട്ടി**
വ്യവസായ വകുപ്പ് മന്ത്രി

# തിരിച്ചു വരണം ഫുട്ബോൾ ക്ലബ്ബുകാലം



ഞങ്ങൾ മലപ്പുറത്തുകാർക്ക് ജീവിതത്തിന്റെ ഭാഗമാണ് ഫുട്ബോൾ. പണ്ട് നാട്ടിൽ ഏറ്റവും കൂടുതൽ കളിച്ചിരുന്നത് സെവൻസ് ആയിരുന്നു.

നാട്ടിലെ ഗ്രൗണ്ടുകളിലും പാടങ്ങളിലുമാണ് ചെറുപ്പക്കാരുടെ ഫുട്ബോൾ ജീവിതം മുഴവനും. പഠിപ്പ് മതിയാക്കി കച്ചവടത്തിലും രാഷ്ട്രീയത്തിലും ഇറങ്ങിയ ശേഷവും ഫുട്ബോൾ കൂടെത്തന്നെയുണ്ടായിരുന്നു. 1988-ൽ മലപ്പുറം എടവണ്ണ പഞ്ചായത്ത് പ്രസിഡന്റ് ആകുന്നതുവരെ കളി തുടർന്നു. അന്ന് നാട്ടിൽ ധാരാളം ഫുട്ബോൾ ക്ലബ്ബുകൾ ഉണ്ടായിരുന്നു യുവൻസ് സ്പോർട്സ് ക്ലബ്, ലക്കി സ്റ്റാർ സ്പോർട്സ് ക്ലബ്, നവോദയ ക്ലബ് തുടങ്ങിയവ. ക്ലബ്ബുകളിലേറെയും വായനശാലകളോടനുബന്ധിച്ച് പ്രവർത്തിച്ചു. ലോക്കൽ ടീമുകൾ തമ്മിലുള്ള മത്സരങ്ങൾ വലിയ വാശിയോടെയും ആവേശത്തോടെയും ജനങ്ങൾ കൊണ്ടാടി.

മദ്രാസ് ക്രിസ്ത്യൻ കോളേജ് സ്കൂളിലെ ക്യാപ്റ്റനായി ഹീറോയാവാൻ കഴിഞ്ഞത് ഇന്നും ആവേശത്തോടെയാണ് ഓർക്കുന്നത്. അധ്യാപകരുടെ പ്രോത്സാഹനവും കേരളീയരും തമിഴരും ആന്ധ്രക്കാരുമൊക്കെ ഉൾപ്പെട്ട ഉഷാറുള്ള ടീമുകളും ത്രസിപ്പിക്കുന്ന ഓർമയായി ഇന്നുമുണ്ട്.

ബ്രസീൽ ആയിരുന്നു ആദ്യകാലത്തെ പ്രിയ ടീം. ഇപ്പോഴത് ഫ്രാൻസായി. ഖത്തർ വേൾഡ് കപ്പ് നേരിട്ട് കാണാൻ കഴിഞ്ഞത് എന്നിലെ ഫുട്ബോൾപ്രേമിക്ക് ലഭിക്കാവുന്ന ഏറ്റവും ധന്യമായ അനുഭവമായിരുന്നു. അർജന്റീന, പോർച്ചുഗൽ, ആഫ്രിക്കൻ ടീമുകളുടെ സൗന്ദര്യം എല്ലാം ഹൃദയത്തോട് ചേർന്നുനിന്നു. ജോഹാൻ ക്രൈഫ്, വാൻ ബാസ്റ്റൻ, ഗുള്ളിറ്റ്, പെലെ, മെസ്സി, ബെക്കാം തുടങ്ങിയവരും ഇന്ത്യയിൽ നിന്ന് മക്കൻ സിങ്, ബൈച്ചുങ് ബൂട്ടിയ, ഐ.എം. വിജയൻ തുടങ്ങിയവരും എന്നെ ആകർഷിച്ച താരങ്ങളാണ്. എംബാപ്പെ പോലുള്ള യുവതാരങ്ങൾ വന്നപ്പോൾ ലോകം വീണ്ടും ഫുട്ബോളിന്റെ മാന്ത്രിക വശ്യതയിലായി. പഴയകാലത്ത് ടൈറ്റാനിയം, കോഴിക്കോട് പ്രീമിയർ ടയേഴ്സ്, ജി.വി. രാജ തുടങ്ങിയ മികച്ച ടീമുകൾ നമുക്ക് ഉണ്ടായിരുന്നു.

ഫുട്ബോൾ ഒന്നര മണിക്കൂറിന്റെ വെറും കളി മാത്രമല്ല, വിനോദവും ലഹരിയും ഐക്യത്തിന്റെ ഭാഷയുമാണ്. കുട്ടികൾ വീണ്ടും ഫുട്ബോൾ കളിക്കണം. ക്ലബ്ബുകൾ പഴയതു പോലെ തിരിച്ചുവരണം. അതാണ് ഈ ലോകകപ്പ് വേളയിൽ ആഗ്രഹിക്കുന്നത്.

**പി കെ ബഷീർ**
പൊതുമരാമത്ത് വകുപ്പ് മന്ത്രി

# കളിക്കളത്തിലെ കാനറി വസന്തം

ലോകം ഒന്നാകെ ഒരൊറ്റ പന്തിലേക്ക് ചുരുക്കാൻ ഫുട്ബോൾ എന്ന മാന്ത്രികക്കളിക്ക് കഴിഞ്ഞിട്ടുണ്ട്. എന്നും എന്റെ ഹൃദയത്തോട് ചേർന്നുനിൽക്കുന്ന ടീം ബ്രസീലാണ്. അവരുടെ മനോഹരമായ 'സാംബ' ശൈലിയും കളിക്കളത്തിലെ വീര്യവുമാണ് എന്നെ എക്കാലത്തും ബ്രസീലിന്റെ ആരാധികയാക്കിയത്. ഫുട്ബോൾ ലോകത്തെ മറ്റ് പ്രഗൽഭരായ കായികതാരങ്ങളോടെല്ലാം വലിയ ഇഷ്ടമുണ്ടെങ്കിലും കാനറിപ്പടയുടെ സൂപ്പർ താരം നെയ്മറുടെ മാസ്മരിക പ്രകടനങ്ങൾ കാണാനാണ് വ്യക്തിപരമായി എനിക്കിഷ്ടം. ലോകകപ്പിൽ മികച്ച പ്രകടനമാണ് ബ്രസീൽ കാഴ്ചവെച്ചിട്ടുള്ളത്. പരിക്കിന്റെ ചെറിയ ആശങ്കകൾക്കും വിരാമമിട്ട് നിർണ്ണായക മത്സരത്തിൽ നെയ്മർ കളിക്കളത്തിലേക്ക് തിരിച്ചെത്തി.  ദി ലാസ്റ്റ് ഡാൻസിന് ശേഷം കണ്ണീരോടെ മടങ്ങുന്ന നെയ്മർ ഒരു വേദനക്കാഴ്ച്ചയാണ്. അദ്ദേഹത്തിന്റെ വിസ്മയകരമായ പ്രകടനങ്ങൾ പുൽമൈതാനങ്ങൾ എന്നുമോർക്കും.



**കെ.എ.തുളസി**
പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി

# വന്യ സൗന്ദര്യങ്ങളുടെ കാൽപ്പന്തുകളി



**ടി.സിദ്ദീഖ്**
കൃഷി വകുപ്പ് മന്ത്രി

ഫുട്ബോളിലെ സൗന്ദര്യമാണ് അർജന്റീന ടീം. ലോകകപ്പ് മത്സരത്തിൽ പങ്കെടുത്ത ഒരു ടീമിന്റെയും പ്രകടനത്തെയും വിലകുറച്ച് കാണുന്നില്ല. എന്നാൽ തികഞ്ഞ അർജന്റീന ആരാധകനായ തനിക്ക് തന്റെ ടീം കപ്പ് ഉയർത്തണമെന്നാണ് ആഗ്രഹം. ഏറ്റവും മികച്ച പ്രകടനമാണ് ഇത്തവണത്തെ ലോകകപ്പിൽ ടീം കാഴ്ചവെയ്ക്കുന്നത്. ലോകകപ്പ് ഫുട്ബോളിൽ ലയണൽ മെസ്സി തകർത്താടുകയാണ്. ടീമിന്റെ ജയങ്ങളിലെല്ലാം നിർണായകപങ്കാണ് മെസ്സിക്കുള്ളത്.

ഫുട്ബോളിലെ വന്യമായ സൗന്ദര്യമുള്ള നല്ല മത്സരങ്ങളെ ഹൃദയംകൊണ്ട് സ്വീകരിക്കുന്നവരാണ് മലയാളികൾ. അതുപോലെ ഒന്നായിരുന്നു അർജന്റീനയും കേപ് വെർദെയും തമ്മിലുള്ള മത്സരം. കേപ് വെർദെയുടെ ഗോൾ കീപ്പർ വൊസീഞ്ഞയുടെ പ്രകടനവും സമാനതകളില്ലാത്തതാണ്. അർജന്റീനയുമായുള്ള മത്സരത്തിൽ അവർ നടത്തിയ ചെറുത്തുനിൽപ്പ് ഈ ലോകകപ്പിലെ ഏറ്റവും വലിയ മനോഹാരിതയാണ്. ഒരു പക്ഷേ എക്കാലത്തേയും മനോഹരമായ മത്സരങ്ങളിലൊന്ന്.

# വാമോസ് അർജന്റീന

ലോകകപ്പ് ഫുട്ബോൾ ഒരു കായികമത്സരം മാത്രമല്ല; ലോകമെമ്പാടുമുള്ള കോടിക്കണക്കിന് മനുഷ്യരെ ഒരേ വികാരത്തിൽ ബന്ധിപ്പിക്കുന്ന അപൂർവമായൊരു ആഘോഷമാണ്. കേരളവും പ്രായഭേദമന്യേ എന്നും ഈ ആഘോഷത്തിന്റെ ഭാഗമായി മാറുന്നു.

ഫുട്ബോൾ ലോകത്തിന്റെ അഭിമാന ശക്തികളിലൊന്നായ അർജന്റീനയാണ് എന്റെ ഇഷ്ട ടീം . ഇഷ്ടതാരം, സ്വാഭാവികമായും ഫുട്ബോൾ ലോകത്തിന്റെ അതുല്യ പ്രതിഭയായ ലയണൽ മെസ്സിയും. അദ്ദേഹത്തിന്റെ കളിമികവും വിനയവും നേതൃപാടവവും എന്നും എന്നെ ആകർഷിച്ചിട്ടുണ്ട്.

2022-ലെ ഖത്തർ ലോകകപ്പിൽ അർജന്റീന കിരീടം ഉയർത്തിയ നിമിഷം ഓരോ ആരാധകന്റെയും ജീവിതത്തിലെ മറക്കാനാകാത്ത അനുഭവമായി മാറി. വർഷങ്ങളുടെ കാത്തിരിപ്പിനൊടുവിൽ ലഭിച്ച ആ വിജയം ഒരു ടീമിന്റെ നേട്ടം മാത്രമായിരുന്നില്ല; ക്ഷമയുടെയും അധ്വാനത്തിന്റെയും കൂട്ടായ വിശ്വാസത്തിന്റെയും വിജയം കൂടിയായിരുന്നു.

2026-ലെ ലോകകപ്പ് ആര് ഉയർത്തും എന്ന കാത്തിരിപ്പിലാണ് ലോകം. "വാമോസ് അർജന്റീന" എന്ന ആരവം ലോകമെമ്പാടും ഒരിക്കൽ കൂടി മുഴങ്ങുന്ന നിമിഷത്തിനായി, ഓരോ അർജന്റീന ആരാധകനെപ്പോലെയും ഞാനും ആവേശത്തോടെ കാത്തിരിക്കുകയാണ്.




**റോജി എം ജോൺ**
**ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി**

# മുഴങ്ങട്ടെ, വിശ്വസാഹോദര്യത്തിന്റെ വിസിലടികൾ

ഫിഫ ഫുട്ബോൾ ലോകകപ്പ് കേരളത്തിൽ എന്നുമൊരു ജനകീയ ഉത്സവമാണ്. വിവിധ രാജ്യങ്ങളുടെ പതാകകൾ, ആരാധക കൂട്ടായ്മകൾ, മത്സരപ്രദർശനങ്ങൾ, ടീമുകളുടെ കൂറ്റൻ കട്ടൗട്ടുകൾ, ബാനറുകൾ, ഫാൻസ് റാലികൾ, കൂറ്റൻ എൽഇഡി സ്ക്രീനുകളിൽ തത്സമയ സംപ്രേക്ഷണം, കൂടാതെ സ്കൂൾ കുട്ടികൾക്കായി പത്തുലക്ഷം ത്രൂഫാൻ ഗോളുകൾ പോലുള്ള തകർപ്പൻ ചുവടുകൾ! ഇത്തവണയും ലോകകപ്പിന് കേരളം ആവേശോജ്ജ്വല സ്വീകരണമാണ് നൽകിയിട്ടുള്ളത്. കായികയിനം എന്നതിലുപരി ജനമനസുകൾ ഒത്തുചേർന്ന ഒരു മഹാസംസ്കാരം കൂടിയാണ് ഫുട്ബോൾ. ലോകമാനവിക ഐക്യത്തിനും സാംസ്കാര വിനിമയത്തിനും ഒത്തൊരുമയ്ക്കും ഊർജമാകുന്നതാണ് വിശ്വ കാൽപന്ത് മാമാങ്കം. ആരാധകർ വിവിധമെങ്കിലും പലനാട്ടുകാർ ഒരുമിച്ചാഘോഷിക്കുന്ന സൗഹൃദവേദികളാണ് ഗാലറികൾ. ബാല്യകൗമാരങ്ങളിലും കോളജ് കാമ്പസിലുമൊക്കെ ഫുട്ബോൾ ആവേശം എന്നെ വിടാതെ പിന്തുടർന്നിരുന്നു. ബ്രസീൽ ആണ് ഇഷ്ട ടീം. ഇഷ്ട കളിക്കാരൻ ലയണൽ മെസി. ഇത്തവണ കപ്പ് നേടാൻ കൂടുതൽ സാധ്യത ഫ്രാൻസിനാണ്.

2026 ലോകകപ്പ് നൽകുന്ന കിടിലൻ ത്രിൽ കേരളത്തിലെ ഫുട്ബോൾ പ്രതിഭകളെ വളർത്താനുള്ള പ്രചോദനമായി മാറട്ടെ. ഗാലറികളിൽ എന്നും വിശ്വസാഹോദര്യത്തിന്റെ വിസിലടികൾ മുഴങ്ങട്ടെ.




**അനൂപ് ജേക്കബ്**
**ഭക്ഷ്യ- സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി**

# വിരിയട്ടെ, മഞ്ഞ വസന്തം

പത്രം വായിച്ചു തുടങ്ങിയ കാലം മുതൽ സ്പോർട്സ് പേജിലെ ഫുട്ബോൾ വാർത്തകൾ ആണ് ആദ്യം വായിക്കുക. ഇന്നും അതിനൊരു മാറ്റവുമില്ല. ഫുട്ബോളിനെ ഇഷ്ടപ്പെട്ടു തുടങ്ങിയ കാലം മുതൽ ഇഷ്ടം ബ്രസീലിനോടാണ്. അന്ന് കേട്ട പേരുകളിലൊന്ന് ലോകേതിഹാസം പെലെയുടേതാണ്.

ടിവിയിൽ ലൈവ് ഫുട്ബോളുകൾ തുടങ്ങിയ കാലത്ത് വീട്ടിൽ ടി വിയില്ലാതിരുന്നതിനാൽ അയൽപക്കത്തെ ചില വീടുകളിൽ പോയി ഫുട്ബോൾ കളി കണ്ടത് ഓർമ്മയിലുണ്ട്. റൊണാൾഡോയും റൊണാൾഡീന്യോയും റോബർട്ടോ കാർലോസുമൊക്കെ ഇഷ്ടതാരങ്ങൾ ആയിരുന്നു.

പൊതുപ്രവർത്തന രംഗത്തെത്തിയ ശേഷം ഫുട്ബോൾ ലൈവ് കാണൽ അപൂർവ്വമാണ്. രാത്രി വൈകിയുള്ള സമയങ്ങളിൽ വീട്ടിലുള്ളപ്പോൾ കളി കാണാൻ ശ്രമിക്കും. അതിന് കാരണം മകൻ ശ്രീകൃഷ്ണയാണ്. നല്ലൊരു ഫുട്ബോളറായ മകന്റെയും ഇഷ്ട ടീം ബ്രസീൽ തന്നെയാണ്. ഇപ്പോൾ നെയ്മർ ജൂനിയർ ആണ് ഇഷ്ടതാരമെങ്കിലും വിനീഷ്യസിന്റെ കളിയും ആസ്വദിക്കാറുണ്ട്.

രണ്ടു പതിറ്റാണ്ട് നീണ്ട വേൾഡ് കപ്പ് കിരീടമില്ലായ്മ എന്ന വരൾച്ചയ്ക്ക് ബ്രസീൽ ടീം മാറ്റം കൊണ്ടുവരുമെന്നാണ് പ്രതീക്ഷിച്ചത്. പുൽമൈതാനങ്ങളിൽ മഞ്ഞപ്പടയുടെ വസന്തം കാത്തിരിക്കുകയാണ് ഞാൻ. കാനറികൾ കപ്പേന്തുന്ന ലോകകപ്പാണ് സ്വപ്നം.




**ബിന്ദു കൃഷ്ണ**
തൊഴിൽ, വനിതാ-ശിശു വികസന വകുപ്പ് മന്ത്രി

# ലോകം നീലക്കടലിലാഴും




**എം.ലിജു**
സഹകരണ, എക്സൈസ് വകുപ്പ് മന്ത്രി

കാൽപ്പന്തുകളിയുടെ എല്ലാ ആവേശവും പേറിയിരുന്ന ബാല്യകൗമാരകാലങ്ങളുടെ തുടർച്ച തന്നെയാണ് 2026ൽ മറ്റൊരു ലോകകപ്പ് കണ്മുന്നിൽ നിറഞ്ഞുനിൽക്കുമ്പോൾ ഓർമ്മകളിലേക്ക് വരുന്നത്. ഓരോ ഗോളിലും ആവേശത്തോടെ ആഹ്ലാദിച്ചതും ഓരോ തോൽവിയിലും നിരാശപ്പെട്ടതും അടുത്ത മത്സരത്തിനായി പ്രതീക്ഷയോടെ കാത്തിരുന്നതുമെല്ലാം ഇന്നലെ കഴിഞ്ഞതുപോലെ തോന്നുന്നു.

വെറുമൊരു ടീമിനോടുള്ള പ്രണയമല്ല അർജന്റീനയോട് എനിക്കുള്ളത്. അർജന്റീനിയൻ താരങ്ങൾ നേടുന്ന ഓരോ ഗോളും നടത്തുന്ന ഓരോ ഡ്രിബിളും അവരുടെ കണ്ണീരും നിരാശയുമെല്ലാം പതിറ്റാണ്ടുകളായി എന്റെയും കൂടിയായിരുന്നു. മറഡോണയിലും ബാറ്റിസ്റ്റ്യൂട്ടയിലും ക്രെസ്പോയിലും റിക്വൽമിയിലും മരിയയിലും തോന്നിയ ആരാധന ലയണൽ മെസ്സിയിലേക്കുമെത്തി നിൽക്കുമ്പോൾ സംശയമേതുമില്ലാതെ ഉറപ്പിച്ചുപറയാൻ കഴിയും, ഏത് സൂപ്പർ ക്ലാസ്സിക്കോയെയും അതിജീവിക്കാൻ കഴിയുന്ന നിരയെയാണ് സ്കലോണി ഇക്കുറിയും കളത്തിലിറക്കിയിരിക്കുന്നത്.

അർജന്റീനിയൻ സ്വപ്നങ്ങളെ ഇടംകാലിൽ കൊരുത്ത് മെസ്സിയിറങ്ങുമ്പോൾ ഒരിക്കൽക്കൂടി ലോകം നീലക്കടലിലാഴും. ചരിത്രം ആവർത്തിക്കുമ്പോൾ വിജയിക്കുന്നത്, നല്ല ഫുട്ബോളിന്റെ അവകാശികൾ കൂടിയാണ്.

**വായനയ്ക്ക് പുതിയ മാധ്യമങ്ങൾ വരുന്നു, പുതിയ രൂപങ്ങൾ കൈവരുന്നു. വായനയുടെ ആഴവും പരപ്പും വർധിക്കുന്നു. ജൂൺ 19ന് മറ്റൊരു വായനാദിനം കൂടി കടന്നുപോകുമ്പോൾ പുതുവായനയെ കുറിച്ച് എഴുത്തുകാർ പ്രതികരിക്കുന്നു.**

# പുതുവഴികളിൽ പുസ്തകലോകം



ജൂൺ 19ന് മറ്റൊരു വായനാദിനം കൂടി കടന്നുപോകുമ്പോൾ വായനയേയും പുസ്തകങ്ങളേയും കുറിച്ച് ഗൗരവമായ ചർച്ചകൾ സജീവമാകുകയാണ്. പുതിയ കാലം പുതിയ വായന ആവശ്യപ്പെടുന്നുണ്ട്.

പുതിയകാല ജീവിത വേഗതയ്ക്കൊപ്പം കുതിക്കുമോ അതോ കിതച്ചുവീഴുമോ പുസ്തകങ്ങൾ എന്ന ചിന്ത ഏറെക്കാലം ചൂടുപിടിച്ചിരുന്നു. എന്നാൽ അത്തരം ആശങ്കകളെ അസ്ഥാനത്താക്കി സാങ്കേതിക വിദ്യയുടെ വികാസത്തിലും വായന തളിരിടുന്നതായാണ് അനുഭവം

വായനയ്ക്ക് പുതിയ മാധ്യമങ്ങൾ വരുന്നു, പുതിയ രൂപങ്ങൾ കൈവരുന്നു. വായനയുടെ ആഴവും പരപ്പും വർധിക്കുന്നു. വിരൽത്തുമ്പിൽ ഒരായിരം പുസ്തകങ്ങൾ ഓരോ നിമിഷവും ഒപ്പമുണ്ടാകുന്നു. ഒരു മനുഷ്യനും ഒരു നിമിഷവും തനിച്ചാവാതെ പുസ്തകങ്ങൾ കൂട്ടിരിക്കുന്ന പുത്തൻ അനുഭവങ്ങൾക്കാണ് കാലം സാക്ഷിയാകുന്നത്.

വായന മരിക്കുകയല്ല. പുതുവഴികളിൽ പുതുമയോടെ പുത്തുതളിർക്കുകയാണെന്ന് എഴുത്തുകാരും സാക്ഷ്യം പറയുന്നു. ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ പിതാവായ പി.എൻ.പണിക്കരുടെ ചരമദിനമായ ജൂൺ 19 മുതൽ ജൂലൈ 18 വരെ വായനാമാസാചരണം സംഘടിപ്പിക്കുന്ന സാഹചര്യത്തിൽ എഴുത്തുകാരുടെ ചില വായനാ നിരീക്ഷണങ്ങൾ...



## പുസ്തകങ്ങൾ നിലനിൽക്കും, വായനയും

### പി വി ഷാജികുമാർ

സാങ്കേതികതയിൽ ഊന്നിനിന്നുകൊണ്ടുള്ള പരിണാമങ്ങൾ വായനയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നമ്മൾ ജീവിച്ചുകൊണ്ടിരിക്കുന്നത്. പണ്ടൊക്കെ പുസ്തകങ്ങൾ വാങ്ങി വായിക്കുക, അല്ലെങ്കിൽ ലൈബ്രറികളിൽ നിന്നും എടുത്ത് വായിക്കുക, അതുമല്ലെങ്കിൽ സുഹൃത്തുക്കളിൽ നിന്നും വാങ്ങി വായിക്കുക എന്നുള്ളതായിരുന്നു വായനയുടെ രീതി. അതായത് പുസ്തകങ്ങൾ തുറന്നു വായിക്കുക എന്ന വായനാരീതി. അതിപ്പോൾ വളരെയധികം മാറിയിരിക്കുന്നു. പുസ്തകങ്ങൾ ഇല്ലാതെ തന്നെ വായിക്കാനാകുന്ന ഇ-ബുക്കുകൾ വന്നു. ഓഡിയോ ബുക്കുകൾ വന്നു. അതിന്റെ ഒരു സുഖം എന്നു പറയുന്നത് നമുക്ക് ആയിരം ബുക്കുകൾ ഒന്നിച്ച് നമ്മുടെ ഐ-പാഡുകളിൽ അല്ലെങ്കിൽ മൊബൈലുകളിൽ കൂടെക്കൊണ്ടുനടക്കാനാകുന്നു എന്നതാണ്. വായനയുടെ ഒരു പോസിറ്റീവ് മാറ്റമായിട്ടാണ് ഞാനതിനെ കാണുന്നത്. ഇപ്പോൾ ആളുകൾ നടക്കാനിറങ്ങുമ്പോൾ ഒരു ഓഡിയോ ബുക്ക് ഹെഡ്സെറ്റിൽ പ്ലേ ചെയ്യുന്നു. അല്ലെങ്കിൽ ഡ്രൈവ് ചെയ്യുമ്പോൾ കഥകളും കവിതകളും കേൾക്കുന്നു. ഇത് വളരെ ഇമോഷണൽ ആയി കഥാപാത്രങ്ങളെ ചിത്രീകരിക്കുന്നു. ഇങ്ങനെയുള്ള ഒരുപാട് ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വന്നു.

സമൂഹം സാങ്കേതികവിദ്യയെ വലിയ അളവിൽ ആശ്രയിക്കുന്നു. അതിനനുസരിച്ച് വായനയുടെ രീതി പുതുക്കപ്പെടുന്നത് വായനയെ കുറച്ചുകൂടി മുന്നോട്ട് കൊണ്ടുപോകും എന്നുതന്നെയാണ് എന്റെ അഭിപ്രായം. അനിമേഷൻ, അല്ലെങ്കിൽ എഐയുടെ ഒരു കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. വരുംകാലത്തിൽ ഇത്തരത്തിൽ എഐയുടെ സഹായത്തോടെ വായനയിൽ ഒരു വമ്പൻ മാറ്റം ഉണ്ടാകാവുന്നതാണ്. എന്നാൽ അത് പുസ്തകങ്ങളുടെ നിലനിൽപ്പിനെ ചോദ്യം ചെയ്യുകയില്ല.

ജീവിതത്തെ കുറച്ചുകൂടി വിശാലമായി നോക്കിക്കാണാനും പലതരം അനുഭവങ്ങളിലൂടെ മനുഷ്യനെ അടുത്തറിയാനും സഹായിക്കുന്ന ഉപാധി എന്ന നിലയിൽ വായന എന്നും ഇവിടെ നിലനിൽക്കും എന്നുതന്നെയാണ് എനിക്ക് തോന്നുന്നത്.



## പുതിയ കാലം, പുതിയ വായന

### വി ഷിനിലാൽ

സാങ്കേതികവിദ്യ വികസിച്ചതിനനുസരിച്ച് വായനയുടെ രീതികളിലും മാറ്റമുണ്ടായി. താളിയോലയിൽ നിന്നും കടലാസിലേക്കെത്താൻ നൂറ്റാണ്ടുകൾ എടുത്തു. എന്നാൽ ഡിജിറ്റൽ യുഗം മാറ്റത്തിന്റെ വേഗതയ്ക്ക് നിയന്ത്രണമില്ലാതാക്കി.

ഡിജിറ്റൽ യുഗത്തിന്റെ വരവോടെ വായനയുടെ സ്വഭാവത്തിലും രീതികളിലും വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. അച്ചടി പുസ്തകങ്ങൾക്കൊപ്പം ഇ-ബുക്കുകൾ, ഓൺലൈൻ ലേഖനങ്ങൾ, ബ്ലോഗുകൾ, ഓഡിയോ ബുക്കുകൾ എന്നിവയും ഇന്ന് വായനയുടെ ഭാഗമായിരിക്കുന്നു. വ്യക്തിപരമായി ഇതെല്ലാം ഉപയോഗപ്പെടുത്തുന്ന ആളാണ് ഞാൻ.

വിവരങ്ങളുടെ അമിതലഭ്യത പുതിയ തലമുറയ്ക്ക് അറിവിന്റെ വിശാല ലോകം തുറന്നുകൊടുക്കുന്നു. ഒപ്പം ആഴത്തിലുള്ള വായനയും വിമർശനാത്മക ചിന്തയും നിലനിർത്തേണ്ടതിന്റെ ആവശ്യകതയും ബോധ്യപ്പെടേണ്ടിയിരിക്കുന്നു. പുതിയകാല വായന വെറും വിവരശേഖരണമല്ല; വിവിധ കാഴ്ചപ്പാടുകളെ മനസ്സിലാക്കാനും സൃഷ്ടിപരമായ ചിന്ത വളർത്താനുമുള്ള ഒരു പ്രക്രിയ കൂടിയാണ്.

അതിനാൽ സാങ്കേതികവിദ്യയുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഗുണമേന്മയുള്ള വായനാശീലം വളർത്തിയെടുക്കുക എന്നത് ഇന്നത്തെ കാലഘട്ടത്തിന്റെ പ്രധാന വെല്ലുവിളിയും ആവശ്യകതയുമാണ്.



## വായന സാമൂഹിക അനുഭവം കൂടിയാകുന്നു

### ഷാഹിന ഇ കെ

അക്ഷരങ്ങളെ, തൊട്ട്, മണത്ത്, കണ്ട്, വായിക്കുന്നതിന്റെ ജൈവികതയിൽ നിന്നും മാറുവാൻ മടിയുള്ളത് കാരണം വായനയുടെ ആധുനിക സംവിധാനങ്ങൾ ആയ ഓഡിയോ ബുക്സ്, ഇ-ബുക്സ് പോലുള്ളവ എന്റെ വായനയിൽ അത്ര സജീവമല്ല. അതേസമയം അപ്രാപ്യമായ പല പല പുസ്തകങ്ങളും ചുരുങ്ങിയ ചെലവിൽ കൈയിൽ എത്തിച്ചിട്ടുണ്ട് ഇ-ബുക്ക് സംവിധാനവും കിൻഡിലും ഒക്കെ.

കൈയിൽ കിട്ടുന്നതെല്ലാം വായിച്ചിരുന്ന, സമയം ധാരാളവും പുസ്തകങ്ങൾ കുറവുമായിരുന്ന കാലത്തിൽ നിന്ന് വ്യത്യസ്തമായ ഒരു വായനാ ശൈലി, സമയം കുറവും പുസ്തകങ്ങളുടെ ബാഹുല്യവും ഉള്ള പുതിയ കാലം ആവശ്യപ്പെടുന്നുണ്ട്.

റിവ്യൂ കണ്ടോ ബെസ്റ്റ് സെല്ലർ പദവി കണ്ടോ പുസ്തകങ്ങൾ വായിക്കുന്ന പതിവ് പണ്ടും ഇപ്പോഴുമില്ല. ആഗ്രഹിക്കുന്ന പുസ്തകങ്ങൾ തേടിത്തിരഞ്ഞു വായിക്കാറുമുണ്ട്.

നന്നായി വായിക്കുന്ന, എഴുത്തുകാരും അല്ലാത്തവരും ആയ സുഹൃത്തുക്കളുടെ നിർദ്ദേശങ്ങൾ വായനയിൽ ചേർക്കാറുണ്ട്. സാമൂഹിക മാധ്യമങ്ങൾ, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ, ഇവയും ശ്രദ്ധിക്കാറുണ്ട്. അവയെല്ലാം വായനയെ ഒരേകാന്ത പ്രവർത്തനത്തിൽ നിന്നും വായിച്ചവ ചർച്ച ചെയ്യുകയും പങ്കുവെക്കുകയും ചെയ്യുന്ന ഒരു സാമൂഹിക അനുഭവമായിക്കൂടി മാറ്റിക്കൊണ്ടിരിക്കുമ്പോൾ വായന കൂടുതൽ ജനാധിപത്യപരമായി മാറുന്നു.

**പണ്ടത്തെ പോലെ ഇന്ന് ജീവിതവും എഴുത്തും വെവ്വേറെ മാറ്റിനിർത്താനാകില്ല. അങ്ങനെ അതിർവരമ്പുകളിട്ട എഴുത്ത് അതിജീവിക്കില്ല. എഴുത്തുകാർ അജ്ഞാതലോകത്തിരുന്ന് എഴുതുന്ന രീതി അവസാനിച്ചു കഴിഞ്ഞു.**

പൊതുവിൽ വായനയുടെ സ്വഭാവത്തിൽ മാറ്റം സംഭവിച്ചിട്ടുണ്ട്. പലരും ദീർഘനേരം ഒരേയൊരു പുസ്തകത്തിൽ മുഴുകിയിരുന്ന വായനാശീലത്തിന് പകരം, പല സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ വേഗത്തിൽ വായിക്കുകയും ഗ്രഹിക്കുകയും ചെയ്യുന്ന രീതിയെ ആശ്രയിക്കുന്നത് കൂടുതലാകുന്നുവെന്ന് കാണാം. സാമൂഹിക മാധ്യമങ്ങളുടെ സ്വാധീനത്തിൽ ചെറു കുറിപ്പുകൾ, അനുഭവമെഴുത്ത്, സംഗ്രഹങ്ങൾ എന്നിവയും വലിയ പ്രചാരം ലഭിച്ചിട്ടുണ്ട്. വായിക്കാൻ സമയം കണ്ടെത്താൻ ബുദ്ധിമുട്ടുന്നവർക്ക് ഓഡിയോ ബുക്കുകൾ പുതിയൊരു സാധ്യത തുറന്നുകൊടുത്തിട്ടുണ്ട്.

യുവ തലമുറയുടെ പുസ്തകങ്ങൾ എന്ന പേരിൽ ഒരു വിപുലമായ വിപണി തന്നെ സമീപകാലത്ത് സൃഷ്ടിക്കപെടുകയും, വിപുലമായ രീതിയിൽ മാർക്കറ്റ് ചെയ്യപ്പെടുകയും വിജയിക്കുകയും ചെയ്തിട്ടുണ്ട്.

പുസ്തകങ്ങൾ ധാരാളമായി വാങ്ങുകയും സമ്മാനങ്ങൾ ആയി നൽകപ്പെടുകയുമൊക്കെ ചെയ്യുന്ന സംസ്കാരവും ഇതിന്റെ ഭാഗമായി കൂടുതൽ പ്രചാരം നേടിയിരുന്നു.. റാക്കുകളിൽ നിന്ന് റീലുകളിലേക്കും സ്റ്റാറ്റസുകളിലേക്കും പടർന്ന് പുസ്തകങ്ങൾ കൂടുതൽ ദൃശ്യമായിട്ടുണ്ട്. ഒപ്പം പുസ്തകത്താളുകളിൽ നിന്ന് സാഹിത്യോത്സവങ്ങളിലൂടെ എഴുത്തുകാരും വായനക്കാരും കൂടുതൽ കണക്റ്റഡ് ആയിട്ടുമുണ്ട്. മൊബൈൽ ഫോണും ഇന്റർനെറ്റും ഒക്കെ അനാവശ്യ വിവരങ്ങൾ മനുഷ്യരുടെ തലച്ചോറിൽ നിറയ്ക്കുമ്പോളും പുസ്തകങ്ങളെ ആത്മാർഥമായി സ്നേഹിക്കുന്നവർ ആ ഇടം നഷ്ടമാവാതെ കാക്കുന്നുണ്ട്.

## എഴുത്തിലെ കപടനാട്യങ്ങൾക്ക് ഇനി സ്ഥാനമില്ല


**കബനി സി**

**വിവർത്തക, ഡെപ്യൂട്ടി കളക്ടർ**


കഴിഞ്ഞ വർഷം ഒരു ഡൽഹി യാത്രക്കിടയിലാണ് ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ പുസ്തകക്കടകളിലൊന്നായ കൻസുമിലേക്കു പോകുന്നത്. നിരവധി നിലകളുള്ള ആ കെട്ടിടത്തിൽ ഓരോ പ്രധാന പ്രസാധകനും പുസ്തകങ്ങൾ നിരത്താനായി വിശാലമായ ഇടങ്ങളുണ്ട്. വരുന്നവർക്ക് വായിക്കാനും ഇരിക്കാനും സംസാരിക്കാനും സൗകര്യമുണ്ട്. പുസ്തകം വാങ്ങിയാൽ കിട്ടുന്ന കൂപ്പണുപയോഗിച്ചാൽ സൗജന്യമായി കാപ്പി കിട്ടും. അതും മൊത്തിക്കൊണ്ട് നിങ്ങൾക്കിഷ്ടമുള്ളത്രയും നേരം അവിടെയിരിക്കാം. ഇത്തരം നിരവധി പുസ്തകശാലകൾ ലോകമെമ്പാടുമുണ്ട്. അവയുടെ എണ്ണം, പ്രത്യേകിച്ചും കോവിഡിനു ശേഷം, കൂടിയിട്ടുമുണ്ട്. പുസ്തകവ്യവസായം വളരുക തന്നെയാണ്. ലോകമൊട്ടാകെ അതിന്റെ വളർച്ച 8 മുതൽ 9 ശതമാനം വരെയാണ്. ഇങ്ങനെ സംഭവിച്ചത് വായന കൂടിയതു കൊണ്ടൊന്നുമല്ല. എല്ലാക്കാലത്തും ന്യൂനപക്ഷത്തിന്റെ ഇഷ്ടമാണ് വായന. വായിക്കാനുള്ള പുസ്തകങ്ങൾ ക്കുള്ള സാമ്പത്തികശേഷിയില്ലാത്തവർ, അതിനുവേണ്ടി സമയം നീക്കിവെക്കാൻ കഴിയാത്തവർ-അങ്ങിനെയുള്ളവർക്കും ഇന്നു വായനയും പുസ്തകവും പ്രാപ്യമായി എന്നതാണ് ഇത്തരത്തിലുള്ള പുസ്തകവളർച്ചയ്ക്കു കാരണം. മുമ്പ് വായനശാലകളിൽ പോയി പുസ്തകമെടുത്ത് വായിച്ചിരുന്നവർ ഇന്ന് പുസ്തകം വാങ്ങി വായിക്കാനുള്ള അവസ്ഥയിലെത്തിയിട്ടുണ്ട്. സ്വാഭാവികമായും വായനയും പുസ്തകവും വളരും.



തൊണ്ണൂറുകളിൽ എല്ലാവരും കരുതിയിരുന്നത് അച്ചടിപ്പുസ്തകങ്ങൾക്കു പകരം ഇ-ബുക്കുകൾ വ്യാപകമായി പ്രചരിക്കുമെന്നാണ്. എന്നാൽ ഒരു സാങ്കേതികവിദ്യ എന്ന നിലയിൽ അതു പരാജയപ്പെടുകയാണുണ്ടായത്. അതുപോലെത്തന്നെയാണ് ഇപ്പോൾ പുസ്തക വിപണിയുടെ നാലോ അഞ്ചോ ശതമാനമുള്ള ഓഡിയോ ബുക്കുകളും. അവകാശികൾക്കും കയറിനും വരെ ഓഡിയോ പതിപ്പുകളിറങ്ങിയിട്ടുണ്ടെങ്കിലും വായനയുടെ സംസ്കാരമുള്ള, പ്രീ ഇൻഫോംഡ് ആയിട്ടുള്ള പഴയ വായനക്കാർ തന്നെയാണ് ഇവിടെയും പ്രധാന ഉപഭോക്താക്കൾ. പുതിയ തലമുറ ഇ-പുസ്തകങ്ങളോ ഓഡിയോ പുസ്തകങ്ങളോ സ്വീകരിച്ചില്ല. കിൻഡിൽ തുടങ്ങിയ ഇ-ബുക്ക് സങ്കേതങ്ങൾ ഒരു കൗതുകമെന്നതിലപ്പുറം വികസിച്ചതുമില്ല.

പണ്ടത്തെ പോലെ ഇന്ന് ജീവിതവും എഴുത്തും വെവ്വേറെ മാറ്റിനിർത്താനാകില്ല. അങ്ങനെ അതിർവരമ്പുകളിട്ട എഴുത്ത് അതിജീവിക്കില്ല. എഴുത്തുകാർ അജ്ഞാതലോകത്തിരുന്ന് എഴുതുന്ന രീതി അവസാനിച്ചു കഴിഞ്ഞു. ഒരാൾ ഏത് അറിയാതീരത്തിരുന്നപോലും ഒരു പുസ്തകമെഴുതിക്കഴിഞ്ഞാൽ അയാളെക്കുറിച്ച് എല്ലാമറിയാനാകും. പുതിയ തലമുറയെ ഒരു തരത്തിലും കബളിപ്പിക്കാനാകില്ല. പുതുതലമുറയെ കുറിച്ചുള്ള മുൻധാരണകൾ വെച്ചെഴുതുന്ന പുസ്തകങ്ങൾ സ്വീകരിക്കപ്പെടാറുമില്ല. പുതിയ തലമുറയ്ക്ക് പുതിയ തരം എഴുത്താണ് വേണ്ടത്. അതിനു പൂർണ്ണമായ ആത്മാർഥതയും സത്യസന്ധതയും സമഗ്രതയും എഴുത്തിൽ വേണം. പുതിയ തലമുറയ്ക്കു വേണ്ടത് നൊസ്റ്റാൾജിയയല്ല, ഭാവിയെ കുറിച്ചുള്ള കാര്യങ്ങളും വർത്തമാനത്തെ കുറിച്ചുള്ള കാര്യങ്ങളുമാണ്. ഏറ്റവും പുതിയ കാര്യങ്ങൾ ഉൾക്കൊള്ളുന്നവയും ഏറ്റവും നന്നായി അവതരിപ്പിക്കുന്നവയുമായ പുസ്തകങ്ങൾ പുതുതലമുറ വായിക്കും. അവർക്ക് അത്ര പരിചിതമല്ലാത്ത ഋഗ്വേദസൂക്തങ്ങളും ജി ശങ്കരക്കുറുപ്പിന്റെ കവിതകളെല്ലാമടങ്ങിയ എൻ.മോഹനന്റെ 'ഒരിക്കൽ' എന്ന പ്രണയക്കുറിപ്പ് ചർച്ചയായത് അതിലെ എഴുത്തിന്റെ നേരുകൊണ്ടാണ്. എഴുത്തിലെ കപടനാട്യങ്ങൾ പടിക്കുപുറത്താക്കുന്നതാണ് പുതുതലമുറയുടെ വായനാരീതികൾ. ■

ഡോ.സുമ എസ് ആർ
പ്രിൻസിപ്പാൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ്

# ദുരന്തങ്ങൾ മുൻകൂട്ടിക്കാണാം, ചെറുക്കാം, അവസരമാക്കി മാറ്റാം



പ്രളയമുണ്ടായാലും ഉരുൾപൊട്ടലുണ്ടായാലും കടലാക്രമണമുണ്ടായാലും മഹാമാരി പടർന്നുപിടിച്ചാലും ദുരന്തം സംഭവിച്ചതിന് ശേഷം മാത്രം പ്രവർത്തിച്ചാൽ മതിയോ? ഏതൊരു ദുരന്ത കാലത്തും ഉയർന്നു കേൾക്കുന്ന ചോദ്യമാണിത്.

ദുരന്തം ഉണ്ടാകുന്നതിന് മുമ്പ് അതിനെക്കുറിച്ച് പഠിക്കുന്നവരും, അപകടസാധ്യതകൾ തിരിച്ചറിയുന്നവരും, മുന്നൊരുക്കങ്ങൾ തയ്യാറാക്കുന്നവരും, വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നവരും, ദുരന്താനന്തര പുനരധിവാസം വരെ ആസൂത്രണം ചെയ്യുന്നവരുമാണ് യഥാർഥ ദുരന്തനിവാരണ വിദഗ്ധർ.

ലോകം ഇന്ന് തേടുന്നത് ഇത്തരം പ്രൊഫഷണലുകളെയാണ് ഇത്തരം വിദഗ്ധരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ റവന്യൂ വകുപ്പിന് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് (ILDM) പ്രവർത്തിക്കുന്നത് ദുരന്ത നിവാരണ വിദഗ്ധരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ്. ഐ.എൽ.ഡി.എം കഴിഞ്ഞ മൂന്ന് പതിറ്റാണ്ടായി ദുരന്തനിവാരണം, ഭൂപരിപാലനം, നദീപരിപാലനം എന്നീ മേഖലകളിൽ ഗവേഷണത്തിന്റെയും പരിശീലനത്തിന്റെയും പ്രധാന കേന്ദ്രമാണ്. ദേശീയ ദുരന്തനിവാരണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ (NIDM) പരിശീലന പങ്കാളിയായ ഈ സ്ഥാപനം ആയിരക്കണക്കിന് സർക്കാർ ഉദ്യോഗസ്ഥർക്കും ഗവേഷകർക്കും പരിശീലനം നൽകി ശ്രദ്ധേയമായ സംഭാവനയാണ് നൽകിവരുന്നത്.

ഈ ദീർഘകാല അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തതും എ.ഐ.സി.ടി.ഇ അംഗീകാരം നേടിയതുമായ എംബിഎ ഇൻ ഡിസാസ്റ്റർ മാനേജ്മെന്റ് എന്ന വ്യത്യസ്തമായ മാനേജ്മെന്റ് കോഴ്സ് ഐ.എൽ.ഡി.എം ആരംഭിച്ചത്.

## ക്ലാസ് മുറികൾക്കപ്പുറത്തേക്കുള്ള പഠനം

ഈ കോഴ്സിന്റെ ഏറ്റവും വലിയ പ്രത്യേകത, പഠനം പുസ്തകങ്ങളിൽ മാത്രം ഒതുങ്ങുന്നില്ല എന്നതാണ്. കേരളത്തിലെ വയനാട് ഉരുൾപൊട്ടൽ മേഖലയിൽ ദുരന്തത്തിന്റെ ആഘാതവും പുനരധിവാസ പ്രവർത്തനങ്ങളും വിദ്യാർഥികൾ നേരിട്ട് പഠിച്ചു. ലക്ഷദ്വീപിൽ, ദ്വീപ് സമൂഹങ്ങളുടെ ദുരന്തസാധ്യതകളും ദുരന്തനിവാരണ പദ്ധ

തികളും വിലയിരുത്തി. ദക്ഷിണേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേക്ക് നടത്തിയ പഠനയാത്രകളിലൂടെ അവിടങ്ങളിലെ ദുരന്തസന്നദ്ധതാ സംവിധാനങ്ങൾ പരിചയപ്പെട്ടു. ലോകത്തിലെ ഏറ്റവും വലിയ ജനസംഗമങ്ങളിലൊന്നായ പ്രയാഗ് രാജ് മഹാകുംഭമേളയിൽ ജനക്കൂട്ട നിയന്ത്രണവും ദുരന്തനിവാരണ സംവിധാനങ്ങളും നേരിട്ട് മനസ്സിലാക്കാനുള്ള അവസരവും വിദ്യാർത്ഥികൾക്ക് ലഭിച്ചു.

ഇതിന് പുറമെ, അടുത്തിടെ സംഘടിപ്പിച്ച ശ്രീലങ്ക അന്തർദേശീയ അക്കാദമിക് എക്സ്പോഷർ പരിപാടി ഈ കോഴ്സിന്റെ മറ്റൊരു പ്രധാന നേട്ടമായി മാറി. ഈ സന്ദർശനത്തിൽ വിദ്യാർത്ഥികൾക്ക് ലോകാരോഗ്യ സംഘടന (WHO), വിവിധ ഐക്യരാഷ്ട്രസഭാ ഏജൻസികൾ, ശ്രീലങ്കൻ സർക്കാർ സ്ഥാപനങ്ങൾ, ഹ്യുമാനിറ്റേറിയൻ സംഘടനകൾ എന്നിവയുമായി നേരിട്ട് സംവദിക്കാനും അന്തർദേശീയ തലത്തിലെ ദുരന്തനിവാരണ സംവിധാനങ്ങൾ പഠിക്കാനും അവസരം ലഭിച്ചു. ഭാവിയിലെ ഇന്റേൺഷിപ്പുകൾക്കും അക്കാദമിക് സഹകരണങ്ങൾക്കും പുതിയ സാധ്യതകൾക്കും ഈ സന്ദർശനം വഴിതുറന്നു.

ഈ ഫീൽഡ് പഠനങ്ങൾ സന്ദർശനങ്ങളിൽ അവസാനിക്കുന്നില്ല. വിദ്യാർത്ഥികൾ തയ്യാറാക്കുന്ന പഠനറിപ്പോർട്ടുകൾ ഐഐഎസ്ബിഎൻ നമ്പറോടുകൂടി പ്രസിദ്ധീകരിച്ച് സർക്കാർ വകുപ്പുകൾക്ക് സമർപ്പിക്കുന്നതിലൂടെ, പഠനഫലങ്ങൾ നയരൂപീകരണത്തിനും ദുരന്തനിവാരണ ആസൂത്രണത്തിനും പ്രയോജനപ്പെടുന്നു.

## ആധുനിക പഠനരീതിയും മികച്ച സൗകര്യങ്ങളും

ദുരന്തനിവാരണം, കാലാവസ്ഥാ വ്യതിയാനം, സുസ്ഥിര വികസനം, ഹ്യുമാനിറ്റേറിയൻ ലോജിസ്റ്റിക്സ്, ജി.ഐ.എസ്., പൊതുജനാരോഗ്യം, എമർജൻസി മാനേജ്മെന്റ് തുടങ്ങിയ സമകാലിക വിഷയങ്ങൾ ഉൾക്കൊള്ളുന്ന പാഠ്യപദ്ധതിയാണ് കോഴ്സിനുള്ളത്.




## പ്രധാന തീയതികൾ

| | |
|---|---|
| പ്രവേശന വിജ്ഞാപനം | 07 മാർച്ച് 2026 |
| ഓൺലൈൻ അപേക്ഷ അവസാന തീയതി | 03 ഓഗസ്റ്റ് 2026 |
| ഗ്രൂപ്പ് ചർച്ചയും വ്യക്തിഗത കൂടിക്കാഴ്ചയും | 6, 7 ഓഗസ്റ്റ് 2026 |
| റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം | 10 ഓഗസ്റ്റ് 2026 |
| കൗൺസിലിങ് തുടക്കം | 17 ഓഗസ്റ്റ് 2026 |
| പ്രവേശനം അവസാനിപ്പിക്കൽ | 14 ഓഗസ്റ്റ് 2026 |
| ക്ലാസ് ആരംഭം | 02 സെപ്റ്റംബർ 2026 |

***സർവകലാശാല/സർക്കാർ നിർദേശങ്ങൾക്കനുസരിച്ച് തീയതികളിൽ മാറ്റം വരാവുന്നതാണ്.**

സ്മാർട്ട് ക്ലാസ് മുറികൾ, ജി.ഐ.എസ്. ലാബുകൾ, അത്യാധുനിക കമ്പ്യൂട്ടർ ലാബുകൾ, സമ്പന്നമായ ലൈബ്രറി, ഡിജിറ്റൽ ലൈബ്രറി, ഹൈസ്പീഡ് വൈ-ഫൈ, ഹോസ്റ്റൽ സൗകര്യം, കോൺഫറൻസ് ഹാളുകൾ, വിദ്യാർത്ഥി കൗൺസലിംഗ്, യോഗ-മെഡിറ്റേഷൻ സെന്റർ തുടങ്ങിയ മികച്ച പഠനാന്തരീക്ഷവും ഐ.എൽ.ഡി.എം ഒരുക്കിയിട്ടുണ്ട്.



## തൊഴിലവസരങ്ങളുടെ പുതിയ ലോകം

സർക്കാർ വകുപ്പുകൾക്ക് പുറമെ ഐക്യരാഷ്ട്രസഭാ ഏജൻസികൾ, അന്തർദേശീയ വികസന സംഘടനകൾ, സന്നദ്ധ സംഘടനകൾ, കോർപ്പറേറ്റ് സസ്റ്റെയിനബിലിറ്റി വിഭാഗങ്ങൾ, ഇൻഷുറൻസ് സ്ഥാപനങ്ങൾ, ഗവേഷണ കേന്ദ്രങ്ങൾ, കാലാവസ്ഥാ വ്യതിയാന പദ്ധതികൾ തുടങ്ങി നിരവധി മേഖലകളിൽ ദുരന്തനിവാരണ വിദഗ്ധർക്കുള്ള ആവശ്യകത വർധിച്ചുവരികയാണ്.

## പ്രവേശനം ആരംഭിച്ചു

2026-27 അധ്യയന വർഷത്തേക്കുള്ള MBA in Disaster Management കോഴ്സിലേക്കുള്ള പ്രവേശനം ആരംഭിച്ചിട്ടുണ്ട്. അംഗീകൃത സർവകലാശാലയിൽ നിന്ന് ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയവർക്കും CAT / CMAT / KMAT എന്നിവയിൽ ഏതെങ്കിലും ഒന്നിൽ സാധുവായ സ്കോർ ഉള്ളവർക്കും അപേക്ഷിക്കാം.

ഇത് ഒരു സാധാരണ എം.ബി.എ മാത്രമല്ല. സമൂഹത്തിന്റെ സുരക്ഷയും ഭാവിയുടെ പ്രതിരോധശേഷി വർധിപ്പിക്കുന്നതിനുമായി പ്രവർത്തിക്കുന്ന പ്രൊഫഷണലുകളെ വാർത്തെടുക്കുന്ന ഒരു പഠനയാത്രയാണ്.■

# ചേർത്തുപിടിച്ച്.....













വയനാട് ആനക്കാംപൊയിൽ-കള്ളാടി തുരങ്കപാതാമുഖത്തുണ്ടായ മണ്ണിടിച്ചിൽ അപകടത്തിൽപെട്ടവർക്ക് ആശ്വാസവുമായി മുഖ്യമന്ത്രി വി.ഡി.സതീശൻ വയനാട്ടിലെത്തി. ദുരന്തഭൂമിയിലും, ആശുപത്രിയിലും ദുരിതാശ്വാസ ക്യാമ്പുകളിലുമെത്തി അതിജീവിതർക്ക് കരുത്തുപകർന്നു. സർക്കാർ ഒന്നാകെ ദുരന്തബാധിതർക്കൊപ്പമുണ്ടെന്നും ഈ നാട് ഒറ്റക്കെട്ടായി ഈ അപകടത്തെ നേരിടുമെന്നും ഉറപ്പുനൽകി. രക്ഷാപ്രവർത്തന ഏകോപന ചുമതലയുള്ള മന്ത്രിമാർ ടി.സിദ്ദീഖ്, എ.പി.അനിൽകുമാർ എന്നിവർ മുഴുവൻ സമയം ഇവിടുണ്ട്. മരിച്ചവരുടെ കുടുംബങ്ങൾക്ക് 5 ലക്ഷം രൂപയും, പരിക്കേറ്റവർക്ക് ചികിത്സയും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

Date of Publication: **01.07.2026** KERMAL2014/58028 Price: **12.00** Reg. No. KL/TV(N)/660/2022-2024

# ആധികാരിക വാർത്തകൾ, അറിയിപ്പുകൾ
# റിസൽട്ടുകൾ ഇനി വിരൽത്തുമ്പിൽ




Available on the App Store

GET IT ON Google Play

# PRD LIVE App
# പി.ആർ.ഡി ലൈവ്

**OFFICIAL MOBILE APP FROM**
**INFORMATION PUBLIC RELATIONS DEPARTMENT, KERALA**

/Keralainformation /iprdkerala Prdlive App

കേരള സർക്കാർ
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്

Printed and Published by Sabin Sameed IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Orange Printers Pvt. Ltd., Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: Sabin Sameed IAS